# വിശ്വാസിനി

[ **Malayalam**]

## صفات المؤمنة الصادقة

(സ്വിഫാത്തുൽ മുഅ്മിനത്തി സ്വാദിഖ)


**നവാൽ ബിൻത് അബ്ദില്ല**

**വിവർത്തനം : കബീർ എം. പറളി**



**DA'WA BOOKS**

**P.B No: 1981, Vyttila, Cochin - 19**

Malayalam Study Viswasini
വിശ്വാസിനി

Author : Naval Binth Abdilla
Translator : Kabeer M. Parali
Copy Editing : P.V. Hyderali
First Edition : October 2007

Publisher Distribution
Da'wa Books Vyttila Kochi - 19 Kerala India
Email: dawabook@gmail.com
Cover: Primrose
Type Setting : Nasar, Creative Media

Printing : Screen Offset, Kochi – 18



All right reserved. No part of this work may be reproduced or utilised in any form or by any means without the prior written permission of the publishers

**പ്രസാധകക്കുറിപ്പ്– –**

അന്താരാഷ്ട്ര നിലവാരത്തിൽ മലയാള പുസ്തകങ്ങൾ പുറത്തിറക്കുകയും പ്രസക്തമായ വിവിധ ഭാഷാഗ്രന്ഥങ്ങൾ മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തി പ്രസിദ്ധീകരിക്കുകയും അന്താരാഷ്ട്ര സമൂഹത്തിന് പരിചയപ്പെടുത്തേണ്ട മലയാള മൗലിക കൃതികൾ മറ്റു ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ തുടക്കം കുറിച്ച 'ദഅ്‌വാ ബുക്സ്' ശ്രദ്ധേയവും വ്യതിരിക്തവുമായ പുസ്തകങ്ങൾ പുറത്തിറക്കിക്കൊണ്ട് ഇതിനകം തന്നെ പുസ്തക പ്രസാധന രംഗത്ത് സ്ഥിരപ്രതിഷ്ഠ നേടിക്കഴിഞ്ഞിട്ടുണ്ട്.

വിശുദ്ധ ഖുർആനും തിരുസുന്നത്തുമാകുന്ന ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളെ, പ്രവാചകന്റെ (ﷺ) പ്രത്യേകമായ അംഗീകാരത്തിന് വിധേയമായ ആദിമ തലമുറക്കാർ മനസ്സിലാക്കിയതുപോലെ മനസ്സിലാക്കണമെന്ന അഹ്‌ലുസുന്നത്തി വൽ ജമാഅത്തിന്റെ രീതിശാസ്ത്രത്തിൽ ഗ്രന്ഥരചന നടത്തിയിട്ടുള്ള പണ്ഡിതൻമാരുടെ പുസ്തകങ്ങളാണ് പ്രധാനമായും ദഅ്‌വ ബുക്സ് പുറത്തിറക്കുന്നത്. ഗ്രന്ഥകർത്താക്കളുടെ സ്വന്തമായ അഭിപ്രായങ്ങളിലേക്ക് ക്ഷണിക്കുകയല്ല, പ്രമാണബദ്ധമായി കാര്യങ്ങളെ വിലയിരുത്തുകയും മനസ്സിലാക്കുകയും ചെയ്യുന്നതിലേക്ക് നയിക്കുകയാണ് ഇത്തരം ഗ്രന്ഥങ്ങൾ പുറത്തിറക്കുമ്പോൾ 'ദഅ്‌വ ബുക്സ്' ഉദ്ദേശിക്കുന്നത്. ഗ്രന്ഥകർത്താക്കളുടെ സ്വന്തമായ അഭിപ്രായങ്ങൾ ദഅ്‌വാ ബുക്സിന്റെ അഭിപ്രായങ്ങളല്ലെന്നർത്ഥം.

പ്രമാണങ്ങൾ പ്രകാരമുള്ള വിശ്വാസങ്ങളും കർമങ്ങളും സ്വീകരിക്കുമ്പോഴാണ് ഒരാൾ മുസ്‌ലിമായിത്തീരുന്നത്. മാതൃകാ വിശ്വാസിനിയെ കുറിച്ച് പ്രമാണബദ്ധവും സംക്ഷിപ്തവുമായി അവതരിപ്പിക്കുന്ന നവാൽ ബിൻത് അബ്ദില്ലയുടെ '**സ്വിഫാത്തുൽ മുഅ്മിനത്തി സ്വാദിഖ**' എന്ന കൃതിയുടെ മലയാള ഭാഷാന്തരമാണിത്. കബീർ എം. പറളിയാണ് പരിഭാഷ നിർവഹിച്ചിരിക്കുന്നത്.

നാഥാ. . . . നീ ഇതൊരു പ്രതിഫലാർഹമായ പ്രവർത്തനമായി സ്വീകരിക്കേണമേ (ആമീൻ)

**മാനേജർ–**

# താളുകളിൽ


| | | |
|---|---|---|
| | സമർപ്പണം | 4 |
| | മുഖവുര | 6 |
| | വിവർത്തകക്കുറിപ്പ് | 7 |
| | പൂമുഖം | 9 |
| 1. | വിശ്വാസിനി അവളൊരു ഭക്ത | 10 |
| 2. | വിശ്വാസിനിയുടെ പ്രവാചക സ്നേഹം | 14 |
| 3. | വിശ്വാസിനിയും ലൗകിക വിരക്തിയും | 19 |
| 4. | വിശ്വാസിനി ഒരു പുത്രി | 25 |
| 5. | വിശ്വാസിനി: ധർമ നിഷ്ഠയുള്ള ഭാര്യ | 30 |
| 6. | വിശ്വാസിനിയും മാതൃധർമവും | 38 |
| 7. | വിശ്വാസിനിയുടെ സഹന ശീലം | 43 |
| 8. | വിജ്ഞാനകുതുകിയും പ്രബോധകയും | 46 |

# സമർപ്പണം

അല്ലാഹുവിന് സർവസ്തുതിയും. ഞങ്ങൾ അവനെ വാഴ്ത്തുകയും, അവനോട് സഹായാർത്ഥന നടത്തുകയും, അവനിൽ പാപമോചനം തേടുകയും ചെയ്യുന്നു. ഞങ്ങളിൽ നിന്ന്, ഞങ്ങളുടെ കർമ്മങ്ങളിൽ നിന്ന് ഉണ്ടാകുന്ന സകല തിന്മകളിൽ നിന്നും അവനോട് ഞങ്ങൾ അഭയമർത്ഥിക്കുകയാണ്. അവൻ സന്മാർഗം നൽകിയവനെ ഒരാൾക്കും വഴികേടിലാക്കാനാകില്ല. അവൻ വഴിപിഴപ്പിച്ചവനെ സന്മാർഗത്തിലാക്കാനും വേറൊരാൾക്കും സാധ്യമല്ല. അല്ലാഹു മാത്രമാണ് ആരാധനക്കർഹൻ, അവന്ന് പങ്കുകാരനില്ല. മുഹമ്മദ് (ﷺ) അല്ലാഹുവിന്റെ ദാസനും അവന്റെ ദൂതനുമാകുന്നു. അദ്ദേഹത്തിന്റെ മേൽ അല്ലാഹുവിന്റെ രക്ഷയും സമാധാനവുമുണ്ടാകട്ടെ.

മുസ്‌ലിം സമുദായം മേന്മയും നന്മയും നിറഞ്ഞ സമുദായമാണ്. സത്യസന്ധതയുടേയും നീതിപാലനത്തിന്റേയും സമുദായം. ഒരു പ്രവാചകനെ നിയോഗിച്ചും, ഒരു വിശുദ്ധ ഗ്രന്ഥം അവതരിപ്പിച്ചും ഈ സമുദായത്തെ അല്ലാഹു ഇതര സമൂഹങ്ങളേക്കാൾ ശ്രേഷ്ഠരാക്കി. നാവു കൊണ്ടും പേന കൊണ്ടും, ക്വുർആനും സുന്നത്തുമനുസരിച്ചുള്ള ജീവി തം കൊണ്ടും അല്ലാഹുവിലേക്കുള്ള പ്രബോധനത്തിലും, ഇസ്‌ലാമിക മാർഗത്തിലുള്ള സേവനത്തിലും ത്യാഗപരിശ്രമങ്ങളിലേർപ്പെടാൻ അവർക്കവൻ അവസരം നൽകി.

നന്മയുപദേശിക്കുക തിന്മയെ വിരോധിക്കുക എന്ന ദൗത്യം, സത്യസന്ധമായും, ക്ഷമയോടെയും, അല്ലാഹുവിൽ നിന്നുള്ള പ്രതിഫല കാംക്ഷയോടെയും നിർവഹിച്ചു കൊണ്ട് ജനങ്ങൾക്കിടയിൽ നിലകൊള്ളുന്ന ഉത്തമ സമുദായമാണ് മുസ്‌ലിം ഉമ്മത്ത്. മതത്തോടുള്ള ഉത്തരവാദിത്തം കൃത്യമായി നിർവഹിക്കുകയാണെങ്കിൽ സകല സാധ്യതകളും സഹായങ്ങളും അവർക്ക് നൽകാമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുണ്ട്. അല്ലാഹു പറയുന്നു:

‘‘ഭൂമിയിൽ നാം സ്വാധീനം നൽകിയാൽ നമസ്കാരം മുറപോലെ നിർവഹിക്കുകയും, സകാത്ത് നൽകുകയും സദാചാരം സ്വീകരിക്കാൻ കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും ചെയ്യുന്നവരത്രെ അവർ (ആ മർദ്ദിതർ). കാര്യങ്ങളുടെ പര്യവസാനം അല്ലാഹുവിന്നുള്ളതാകുന്നു.’’ (ഹജ്ജ് : 41)

നന്മയുപദേശിക്കുകയെന്നാൽ ഇസ്‌ലാം ആഹ്വാനം ചെയ്യുന്ന സകലതിലേക്കും പ്രബോധനം ചെയ്യുക എന്നാണർത്ഥം. മതത്തിന്റെ അടിസ്ഥാനവും, സകല നന്മകളുടെയും താക്കോലുമായ തൗഹീദീ പ്രബോധനത്തിൽ

നിന്നാണ് അത് ആരംഭിക്കേണ്ടത്. വാചികവും കർമപരവുമായ മുഴുവൻ സുന്നത്തുകളിലേക്കും അത് പ്രചോദനം നൽകണം. നന്മകളിലേക്ക് പ്രേരണയും, തിന്മകളെ സംബന്ധിച്ച താക്കീതും പ്രസ്തുത ഉപദേശം വഴി സംഗമമാകണം.

തിന്മകളെ വിരോധിക്കുക എന്നാൽ ശിർക്കു ബിദ്അത്തുകളെയും, ചെറുതും വലുതുമായ ഇതര പാപങ്ങളേയും വിരോധിക്കുക എന്നാണർത്ഥം. സകല നിഷിദ്ധ കാര്യങ്ങളിൽ നിന്നും അകന്നു നിൽക്കാൻ മനസിനെ പാകപ്പെടുത്തുന്നതും, നന്മകളിൽ മത്സരിക്കാൻ അതിന് ഷോദനയേകുന്നതും തിന്മകളെ വിരോധിക്കുക എന്ന പരിധിയിൽ വരുന്നതു തന്നെ.

മനുഷ്യനിൽ കടന്നു കയറാനുള്ള പിശാചിന്റെ ശ്രമങ്ങളെപ്പറ്റി ജാഗ്രതയുണ്ടാകണം. ശിർക്കിലും, ബിദ്അത്തിലും, ഇതര വൻദോഷങ്ങളിലും നമ്മെ കുടുക്കിയിടാൻ അവന് കഴിയില്ലെങ്കിൽ, അപ്രധാനമായ പ്രവർത്തനങ്ങളിലെങ്കിലും അവൻ നമ്മെ വ്യാപൃതനാക്കും. ക്രമേണയവൻ നന്മയുടെ മേഖലകളെക്കൂടി ദുർബലമാക്കും. പല നിഷിദ്ധങ്ങളിലേക്കും അവസാനമവൻ കൊണ്ടെത്തിക്കും. പിശാചിനെ സംബന്ധിച്ച അശ്രദ്ധയാണ് പലരേയും അബദ്ധങ്ങളിൽ കൊണ്ടെത്തിക്കുന്നത് എന്നർത്ഥം. അതിനാൽ, ഉപദേശങ്ങളും, ഉണർത്തലുകളും മനുഷ്യർക്കിടയിൽ സജീവമായി നിലനിന്നേ മതിയാകൂ.

ഗ്രന്ഥകാരിയായ നമ്മുടെ സഹോദരി, മുസ്ലിം വനിതകൾക്കു മുമ്പിൽ സമർപ്പിക്കുന്ന ഈ മനോഹരമായ – മനസുതൊടുന്ന രചന, ഉപദേശങ്ങളും ഉണർത്തലുകളും നിറഞ്ഞുനിൽക്കുന്ന ഒരു കൃതിയാണ്. അധ്യാപനവും, ഉദ്ബോധനവും ലക്ഷ്യമിട്ടുള്ള അവരുടെ ശ്രമങ്ങൾക്ക് അല്ലാഹു മതിയായ പ്രതിഫലം നൽകട്ടെ. സംഭവകാല കുടുംബാന്തരീക്ഷത്തിൽ ജീവിക്കുന്ന ഓരോ സ്ത്രീക്കും, തന്റെ ഉത്തരവാദിത്വത്തെ സംബന്ധിച്ച് അവബോധമുണ്ടാക്കുന്ന ഈ കൃതിയെ അവൻ ഉപകാരപ്പെടുന്നതാക്കട്ടെ. അല്ലാഹു തൃപ്തിപ്പെടുന്ന കർമങ്ങളിൽ നിരതരാകാൻ സർവ്വർക്കും തൗഫീഖിനു വേണ്ടി പ്രാർത്ഥിച്ചു കൊണ്ട്.

**അബ്ദുൽ അസീസ് ബ്ൻ അത്തുർകി**

# മുഖവുര

അല്ലാഹുവിന് സർവ സ്തുതിയും, മുഹമ്മദു നബി(ﷺ)യുടെ മേൽ അല്ലാഹുവിന്റെ രക്ഷയും സമാധാനവുമുണ്ടാകട്ടെ.

സഹോദരീ, ഒരു യാഥാർത്ഥ വിശ്വാസിനി ആചരിക്കേണ്ട സൽഗുണങ്ങളുടെ ലഘുശേഖരമാണ് നിന്റെ മുമ്പിൽ ഞാൻ സമർപിക്കുന്നത്. തന്റെ റബ്ബിന്റെ ഗ്രന്ഥം മുറുകെപിടിക്കുന്ന, തന്റെ പ്രവാചകന്റെ ചര്യയെ അനുധാവനം ചെയ്യുന്ന, ഉൾകാഴ്ചയോടെ മതത്തിന്റെ ശരിയായ മാർഗമവലംബിച്ച് ജീവിക്കുന്ന, പരമകാരുണികന്റെ തൃപ്തി തേടുന്ന സഹോദരീ, നിനക്കു വേണ്ടിയാണീ രചന.

ആദർശ സഹോദരികളേ, നിങ്ങളോടുള്ള എന്റെ സ്നേഹത്തേയും ബഹുമാനത്തേയും പ്രതിനിധീകരിക്കുന്ന എളിയ സമ്മാനമാണ് ഈ സദ്ഗുണസമാഹാരം. നിങ്ങൾക്കേവർക്കും ഇത് ഉപകാരമായി ഭവിക്കട്ടെ എന്നതാണ് എന്റെ ആത്മഗതം.

അത്യുന്നതനും കഴിവുറ്റവനുമായ നാഥാ, ഈ ശ്രമത്തെ നിന്റെ പ്രതിഫലത്തിനു വേണ്ടിയുള്ള കർമമായി നീ സ്വീകരിച്ചാലും. സർവ്വർക്കും ഈ കൃതിയെ ഫലദായകമാക്കിയാലും. ഇതിന്റെ രചനക്കും, രചനാനന്തര തിരുത്തലുകൾക്കും ഉപദേശനിർദേശങ്ങൾ നൽകിയ വ്യക്തികൾക്ക് നീ അനുഗ്രഹം ചൊരിഞ്ഞാലും. നാഥാ നിന്നെ കണ്ടുമുട്ടുന്ന ദിനം. കർമങ്ങളുടെ തുലാസിൽ ഇതിനെ നീ നന്മയുടെ ഭാരമാക്കിത്തീർത്താലും. ആമീൻ.

**നവാൽ ബിൻത് അബ്ദില്ല.**

# വിവർത്തകക്കുറിപ്പ്

ഇസ്‌ലാമിനു മുമ്പ് അസ്തിത്വം പോലും ചോദ്യം ചെയ്യപ്പെട്ട്, അടിച്ച മർത്തലിനു വിധേയമായ സമൂഹമാണ് സ്ത്രീകളുടേത്. ഇസ്‌ലാം അവർക്കു നൽകിയത് ജീവനും അന്തസുമാണ്. ബാധ്യതകൾ മാത്രം കേട്ടു ശീലിച്ച അവരുടെ കാതുകളിൽ അവകാശങ്ങളെപ്പറ്റിയുള്ള സുവിശേഷശബ്ദം കേൾപ്പിച്ചത് ഇസ് ലാമാണ്. അധമബോധത്തിൽ നിന്നും ഔന്നിത്യവിധാനത്തിലേക്കുയരാൻ അവർക്കായത് അങ്ങനെയാണ്.

ഇസ്‌ലാം സ്ത്രീകളുടെ സുരക്ഷക്ക് നിയമങ്ങൾ വെക്കുന്നു. അവർക്കുൾക്കൊള്ളാൻ സാധ്യമായ സ്വഭാവങ്ങളും സദ്ഗുണങ്ങളും നിർദേശിക്കുന്നു. യഥാർത്ഥ വിശ്വാസിനിയുടെ ധർമം നിർവഹിക്കുമെങ്കിൽ അവർക്ക് സ്വർഗം ലഭിക്കുമെന്ന് പ്രഖ്യാപിക്കുന്നു. ജീവിതത്തിൽ അവൾ ബന്ധപ്പെടുന്ന മേഖലകളിലൊക്കെ ആചരിക്കേണ്ട മഹിത സ്വഭാവങ്ങൾ ഇസ്‌ലാമിക പാഠശാലയിൽ സുലഭമാണ്. ദുനിയാവിലും പരലോകത്തും ഫലവത്തായ ജീവിതത്തിന് വഴിവെക്കുന്ന അത്തരം സ്വഭാവങ്ങളെ, ഗുണങ്ങളെ വിശ്വാസിനികൾ മനസിരുത്തി പഠിക്കുകയും, കഴിയുന്നത്ര പാലിക്കുകയും ചെയ്യേണ്ടതുണ്ട്.

പ്രശസ്ത എഴുത്തുകാരി നവാൽ ബിൻത് അബ്ദില്ലയുടെ 'സ്വഫാത്തുൽ മുഅ്മിനത്തി സ്സ്വാദിക്വ' എന്ന ലഘു കൃതി മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തുമ്പോൾ എന്തെന്നില്ലാത്ത സന്തോഷമുണ്ട്. ആദർശ സഹോദരികൾക്ക് ഒട്ടേറെ അറിവുകൾ പകരുന്ന ഈ രചന, ഹൃദയത്തെ തൊട്ടുണർത്തുന്നതും, ദീനീനിഷ്ഠക്ക് പുതിയൊരാവേശം നൽകുന്നതുമാണ്. അപൂർവം ചില അവസരങ്ങളിൽ വിവർത്തനത്തിൽ സ്വാതന്ത്ര്യമെടുത്തിട്ടുണ്ട്. വായനയുടെ ഒഴുക്കിനു സ്വീകരിച്ച, ആശയം ചോരാത്ത സ്വാതന്ത്ര്യം മാത്രമാണത്.

വിവർത്തനത്തിൽ സമ്പൂർണത അവകാശപ്പെടുന്നില്ല. സ്ഖലിതങ്ങൾ കാണുന്നുവെങ്കിൽ അറിയിക്കണമെന്ന് വിനയപൂർവം ഉണർത്തുകയാണ്. ധർമനിർവഹണ രംഗത്തെ നിഷ്കളങ്ക കർമമായി അല്ലാഹുവേ നീയിത് സ്വീകരിക്കേണമേ. അവസരങ്ങൾ വേറെയെത്രയോ ഉണ്ടായിട്ടും, വിശുദ്ധ ഇസ്‌ലാമിന്റെ സേവനാവസരങ്ങളിലേക്ക് പ്രചോദനമേകിയ എന്റെ മാതാവിന്ന്, മഹിളകൾക്കു വേണ്ടി വിവർത്തിതമായ ഈ ലഘുഗ്രന്ഥം സമർപ്പിക്കുകയാണ്.

പ്രവാചക തിരുമേനി(ﷺ)യിൽ അല്ലാഹുവിന്റെ സമാധാനവും രക്ഷയും ഉണ്ടാകട്ടെ. ആമീൻ.

**കബീർ എം. പറളി**

# പൂമുഖം

ഒരു യഥാർത്ഥ സത്യവിശ്വാസിനിക്കിണങ്ങുന്ന സ്വഭാവഗുണങ്ങളുടേയും പെരുമാറ്റ രീതികളുടെയും നിധി ശേഖരത്തിൽ നിന്നാണ് ഈ വരികൾ, അതെ, നാഥന്റെ വിശുദ്ധ ഗ്രന്ഥം മുറുകെപ്പിടിക്കുന്ന, പ്രവാചകചര്യകൾ ജീവിതത്തിലനുവർത്തിക്കുന്ന, നാഥൻ നൽകിയ ഹിദായത്തിന്റെ വെളിച്ച ത്തിൽ ജീവിക്കുന്ന, അതുവഴി കാരുണ്യവാനായ റബ്ബിന്റെ തൃപ്തിയും സ്വർഗവും കൊതിക്കുന്ന യഥാർത്ഥ സത്യവിശ്വാസിനിക്കിണങ്ങുന്നവ. ആരാണീ സത്യവിശ്വാ സിനി?

അല്ലാഹുവിനെ റബ്ബായും മുഹമ്മദി(ﷺ)നെ പ്രവാചകനായും ഇസ്ലാ മിനെ മതമായും വിശ്വസിച്ചംഗീകരിച്ചവൾ. അല്ലാഹുവിനേയും റസൂലിനേയും അമിതമായി സ്നേഹിക്കുന്നവൾ. അവരുടെ വിധിവിലക്കുകൾക്ക് കീഴൊതു ങ്ങുന്നവൾ.തനിക്കും പാപങ്ങൾക്കുമിടയിൽ പടച്ചവനെ സംരക്ഷകനാകുന്ന വൾ.

ഐഹിക വിരക്തിയും ആരാധനാ നിമഗ്നയും ഭക്തയും സത്കർമനിരത യുമാണ് സത്യവിശ്വാസിനി. നിഷിദ്ധങ്ങളിൽ നിന്നും അകന്നു നിൽക്കും. നിരോധനങ്ങളിൽ സൂക്ഷ്മത പാലിക്കും. അവളുടെ വാക്-കർമ-ധാരണക ളിൽ ഈമാൻ തുളുമ്പി നിൽക്കും. അല്ലാഹുവിന്റെ കോപത്തെ സദാ ഭയക്കു കയും അവന്റെ കല്പനകൾ ലംഘിച്ചാലുള്ള ഘോരശിക്ഷയെയോർത്ത് നടു ങ്ങുകയും ചെയ്യും.

മാതാപിതാക്കൾക്ക് പുണ്യം ചെയ്യുന്നതിലും അവർക്ക് തൃപ്തമായ സേവ നങ്ങളർപ്പിക്കുന്നതിലും ഒരു സത്യവിശ്വാസിനിയുടെ ശ്രദ്ധ തീവ്രമായിരിക്കും. ‘അവരുടെ കോപ ശാപങ്ങൾക്കു വിധേയമാകരുതേ’ എന്നവൾ പ്രാർത്ഥിച്ചു കൊണ്ടിരിക്കും.

സ്വഭർത്താവിനെ അനുസരിക്കുന്നതിൽ, അവനോടൊത്ത് സ്നേഹവും കരുണയും പങ്കിടുന്നതിൽ, അവന്റെ സംതൃപ്തിക്കായ് നിലകൊള്ളുന്നതിൽ, അവനെ സദാ നന്മകൊണ്ട് ഉപദേശിക്കുന്നതിൽ ഒരു ഉത്തമഭാര്യയുടെ ധർമ നിഷ്ഠ സത്യവിശ്വാസിനിക്കേ ഉണ്ടാവൂ. പരുഷമായ, ശബ്ദമുയർന്ന സംസാരം അവളിൽ നിന്നുണ്ടാവില്ല. നല്ല കാര്യങ്ങളിൽ തികഞ്ഞ സഹായി യായിരിക്കും അവൾ. വാക്കിനാൽ നോക്കിനാൽ പുഞ്ചിരിയാൽ പ്രിയതമന്

സന്തോഷം പകരുമവൾ. അവൻ പറഞ്ഞാൽ അവളനുസരിക്കും. അവന്റെ അസാന്നിധ്യത്തിൽ ചാരിത്ര്യവും സ്വത്തും മക്കളേയും കാത്തു സൂക്ഷിക്കും.

സത്യവിശ്വാസിനി സന്താനങ്ങളെ ദൈവബോധത്തിൽ വളർത്തുന്നവളാണ്. ചെറുപ്പം മുതൽക്കെ ശരിയായ വിശ്വാസത്തിന്റെ മുലപ്പാൽ അവൾ അവർക്കൂട്ടും. അല്ലാഹുവിനോടും റസൂലിനോടുമുള്ള സ്നേഹം അവരുടെ ഹൃദയങ്ങളിൽ നട്ടുവളർത്തും. ദുഃസ്വഭാവങ്ങളിൽ നിന്നും ദുഷ്പ്രവർത്തനങ്ങളിൽ നിന്നും അവരെ സംരക്ഷിച്ചു നിർത്തും.

അല്ലാഹുവിന്റെ കല്പനകളും നിർദ്ദേശങ്ങളും പാലിക്കുന്നതിൽ സത്യവിശ്വാസിനി ബദ്ധശ്രദ്ധയായിരിക്കും. അറിഞ്ഞവ പകർത്തുന്നതിൽ മാത്രമല്ല. അവ പ്രബോധനം ചെയ്യുന്നതിലും അവൾക്കു താല്പര്യമുണ്ടാവും.

ആപത്ഘട്ടങ്ങളിൽ സത്യവിശ്വാസിനി പർവതതുല്യം ഉറച്ചു നിൽക്കുന്നതു കാണാനാവും. ഏതു ഭൗതിക വിപത്തും അവളിൽ ഇളക്കമുണ്ടാക്കില്ല, അസ്വസ്ഥതയുളവാക്കില്ല. കാരണം, ഏതു പ്രതിസന്ധികളെ ക്ഷമയോടെ തരണം ചെയ്യുന്നതിലും നാഥന്റെ പ്രതിഫലമുണ്ടെന്ന ഉറച്ച 'ഈമാൻ' അവളുടെ ഹൃദയത്തിൽ രൂഢമൂലമാണ്.

# [1]
## വിശ്വാസിനി : അവളൊരു ഭക്ത

യഥാർത്ഥ സത്യവിശ്വാസിനി സ്വശരീരത്തേക്കാൾ സന്താനങ്ങളെക്കാൾ സകല ജനങ്ങളെക്കാൾ അല്ലാഹുവിനേയും റസൂലി(ﷺ) നേയുമാണ് സ്നേഹിക്കുക. ''സ്വന്തം മക്കളേക്കാൾ, മാതാപിതാക്കളേക്കാൾ മറ്റാളുകളേക്കാൾ ഞാൻ പ്രിയങ്കരനായിത്തീരുവോളം നിങ്ങളിലൊരാളും വിശ്വാസിയാവുകയില്ല.'' *(മുത്തഫകുൻ അലൈഹി)* എന്ന പ്രവാചക വചനം പഠിച്ചിരിക്കെ എങ്ങനെയവൾ സ്നേഹിക്കാതിരിക്കും?

ഈമാനിന്റെ മാധുര്യം നുണയാൻ അല്ലാഹുവിലും റസൂലിലുമുള്ള സ്നേഹമാണ് ഹേതുവെന്ന് അവളറിഞ്ഞിട്ടുണ്ട്. പ്രവാചകൻ പറഞ്ഞു: ''മൂന്ന് കാര്യങ്ങൾ കാണപ്പെടുന്നത് ആരിലോ അവൻ ഈമാനിന്റെ മധുരം നുണ

ഞ്ഞവനാണ്. ഒന്ന്: അല്ലാഹുവും അവന്റെ റസൂലും(ﷺ) മറ്റാരേക്കാളും അവന്ന് പ്രിയങ്കരരായിത്തീരുക. രണ്ട്:........'' *(മുത്തഫഖുൻ അലൈഹി)*

സ്വന്തം ശരീരവും സമ്പത്തും കരളിന്റെ തുണ്ടുകളായ മക്കളും ദൈവിക മതത്തിന്റെ അഭ്യുന്നതിക്കു വേണ്ടി, പ്രവാചകചര്യയുടെ സംരക്ഷണത്തിനു വേണ്ടി ബലി നൽകാൻ യഥാർത്ഥ സത്യവിശ്വാസിനിക്ക് മടിയുണ്ടാവില്ല. ഈ അനർഘ സ്നേഹത്തിന്റെ, ഉദാത്തബലിയുടെ മനോഹര മാതൃക ഗതകാല വിശ്വാസിനികളിൽ നമുക്ക് ദർശിക്കാനാവും.

ഉഹ്ദ് യുദ്ധം കഴിഞ്ഞ് മദീനയിലേക്ക് വരികയാണ് പ്രവാചകനും സ്വഹാബികളും. വാർത്ത കേട്ട് മദീനാ നിവാസികൾ തടിച്ചു കൂടി. പ്രവാചകനെക്കുറിച്ചും യുദ്ധത്തിൽ പങ്കെടുത്ത തങ്ങളുടെ കുടുംബാംഗങ്ങളെക്കുറിച്ചും അറിയാനുള്ള വെമ്പലാണ് ഏവരിലും.

അവർക്കിടയിൽ ഒരു ബനൂ ദീനാർ ഗോത്രക്കാരി തിരക്കി നിൽക്കുന്നു. പിതാവും ഭർത്താവും പുത്രനും പോരാടിയ മഹായുദ്ധം കഴിഞ്ഞ തിരിച്ചുവരവു കാണുവാൻ.

''സഹോദരീ, ക്ഷമിക്കുക, ദൈവമാർഗത്തിലെ പോരാട്ടത്തിൽ നിങ്ങളുടെ കുടുംബാംഗങ്ങളൊക്കെ വീരമൃത്യു വരിച്ചിരിക്കുന്നു.'' അവർക്കു നേരെത്തിരിഞ്ഞ് ആരോ വിളിച്ചു പറഞ്ഞു.

ഒരു സ്ത്രീക്ക് ആ വാർത്ത ആഘാതമാകേണ്ടതായിരുന്നു. തീവ്രദുഃഖത്താൽ തളർന്നു വീഴേണ്ട അവർ, പക്ഷേ, തിരിച്ചു ചോദിച്ചു:

''സഹോദരാ, അല്ലാഹുവിന്റെ ദൂതനെന്തു സംഭവിച്ചിരിക്കുന്നു?' പ്രവാചക ജീവനെപ്പറ്റിയുള്ള ആശങ്ക അവരെ മറ്റെല്ലാവരേയും വിസ്മരിപ്പിച്ചതുപോലെ.''അല്ലാഹുവിന്റെ അനുഗ്രഹത്താൽ തിരുമേനി സുഖമായിരിക്കുന്നു.'' സ്വഹാബികൾ പറഞ്ഞു. ''എങ്കിൽ അദ്ദേഹത്തെ എനിക്കൊന്നു കാണിച്ചു തരൂ.''പ്രവാചകനെയവർ നേർക്കുനേരെ കണ്ടു. ''റസൂലെ, അങ്ങേക്ക് ഒരപായവും പറ്റിയിട്ടില്ലല്ലോ എന്നത് മറ്റെല്ലാ ദുഃഖങ്ങളെയും സാന്ത്വനപ്പെടുത്തുന്നു'' തന്റെ കുടുംബാംഗങ്ങൾ മുഴുവൻ നഷ്ടപ്പെട്ട തീവ്രദുഃഖത്തിലേക്കു വിരൽ ചൂണ്ടിയാണ് അവരതു പറഞ്ഞത്. *(അസ്സീറത്തുൽ ഹലബിയ്യ, വാ. 2 പേ. 44)*

ഉമ്മു സഅ്ദി(ﷺ)ന്റെ കഥ കേൾക്കൂ. അല്ലാഹുവിനോടും റസൂലിനോടു മുള്ള സ്നേഹത്തിന്റെ മഹത്വം തുടിക്കുന്ന അനുപമ ചിത്രമാണ് ഈ കഥ.

നബി(ﷺ)യും സ്വഹാബികളും ഉഹ്ദു യുദ്ധം കഴിഞ്ഞ് മദീനയിലേക്ക് വരുന്നു. ആളുകൾ അവരെ കാത്ത് ആകാംക്ഷാഭരിതരായി നിൽക്കുന്നു. അടുത്തെത്തിയ പ്രവാചക സവിധത്തിലേക്ക് നീങ്ങി ഉമ്മുസഅ്ദി(ﷺ)ന്റെ പുത്രൻ അവരെ പരിചയപ്പെടുത്തി: ''റസൂലെ ഇതെന്റെ മാതാവാണ്. ഉമ്മുസ അ്ദ്''

''അവർക്കു സ്വാഗതം'' റസൂൽ(ﷺ) പ്രതിവചിച്ചു. മകൻ അംറു ബ്ൻ മുആദ്(ﷺ) ശത്രു സൈന്യത്തോടേറ്റുമുട്ടി ശഹീദായെന്ന വിവരം നബി (ﷺ) അവരെ അറിയിക്കുകയും ചെയ്തു. മാതൃ ഹൃദയമറിയാവുന്ന നബി തിരുമേ നി(ﷺ) ഉമ്മു സഅ്ദിനെ സാന്ത്വനിപ്പിച്ചു. പക്ഷേ, അവരുടെ പ്രതികരണം മറി ച്ചായിരുന്നു.

''റസൂലെ, അങ്ങയെ സുരക്ഷിതനായി കണ്ടാൽ മറ്റെല്ലാ വിപത്തുകളും എനിക്കു നിസാരമാണ്.''

രക്തസാക്ഷികൾക്കു വേണ്ടി നബി (ﷺ) ദീർഘമായി പ്രാർത്ഥിച്ചു. ശേഷം ഉമ്മു സഅ്ദി(ﷺ) നോടായി പറഞ്ഞു: ''സന്തോഷിക്കുക ഉമ്മു സഅ്ദ്, ശഹീ ദായവരുടെ കുടുംബക്കാരെ സന്തോഷവാർത്ത അറിയിക്കുക. വീരമൃത്യു വരിച്ച എന്റെ സ്വഹാബികൾ സ്വർഗത്തിലാറാടുകയാണ്. അവർ തങ്ങളുടെ കുടുംബാംഗങ്ങൾക്കായി നാളെ നാഥനോട് ശുപാർശ ചെയ്യുന്നതാണ്.''

''ഞങ്ങൾ സംതൃപ്തരായി റസൂലെ, ഇനി വേർപാടിൽ ആരു മുറവിളി കൂട്ടാൻ?'' ഉമ്മു സഅ്ദ് (ﷺ) പ്രതിവചിച്ചു. *(അസ്സീറത്തുൽ ഹലബിയ്യ. വാ. 2 പേ. 47)*

ഇനിയും എത്രയെത്ര ജീവസുറ്റ സംഭവങ്ങൾ! ശരീരത്തിൽ സൂക്ഷിച്ച കഠാരയുമായി പ്രവാചകനോടൊപ്പം ഹുനൈൻ യുദ്ധത്തിൽ പങ്കുകൊണ്ട ഉമ്മു സുലൈമി(ﷺ)ന്റെ കഥ വായിക്കൂ. അന്ന് അബ്ദുല്ലാഹ് ബ്നു അബീ ത്വ ൽഹയെ ഗർഭം ധരിച്ചിരിക്കുകയായിരുന്നു അവർ. ഭർത്താവായ അബൂ ത്വൽഹ (ﷺ) പ്രവാചകനോട് പറഞ്ഞു: ''റസൂലെ, ഉമ്മുസുലൈമിന്റെ കയ്യിൽ കഠാരയുണ്ട്.'' അവർ പറഞ്ഞു: ''പ്രവാചകരേ, മുശ്രിക്കുകളിലാരെങ്കിലും

എന്നോടടുത്താൽ, അവരിലാരെങ്കിലും താങ്കളിൽ നിന്നും വിരണ്ടോടുന്നതു കണ്ടാൽ ഇതു കൊണ്ട് ഞാനവന്റെ വയറു പിഎക്കതക്കും.'' ഇതു കേട്ടപ്പോൾ പ്രവാചകൻ (ﷺ) ചിരിച്ചു കൊണ്ടു പറഞ്ഞു: ''ഉമ്മു സുലൈം, അല്ലാഹു സംരക്ഷിക്കുകയും നന്മയരുളുകയും ചെയ്യട്ടെ.'' *(ഔദത്തുൽ ഹിജാബ് വാ. 3 പേ. 275 , അൽ ബയാൻ വത്തബ്‌യീനിൽ നിന്നും ഉദ്ധരണം, വാള്യം 2 പേ. 143.)*

മാസ്നിയ്യ ഗോത്രക്കാരി നുസൈബ ബിൻത് കഅബി(ﷺ)ന്റെ വീരോജ്വല ചരിത്രവും താളുകളിൽ വിരചിതമാണ്. യോദ്ധാക്കൾക്ക് വെള്ളം വിതരണം ചെയ്തും, മുറിവു പറ്റിയവർക്ക് ശുശ്രൂഷകൾ ചെയ്തും അവർ ഉഹ്ദ് യുദ്ധത്തിൽ സജീവമായി നിറഞ്ഞു നിൽക്കുകയാണ്. അല്പ സമയം കഴിഞ്ഞില്ല. അതാ, മുശ്രിക്കുകൾ മുസ്‌ലിം മധ്യത്തിലേക്ക് ഇരച്ചു കയറി അവരെ തലങ്ങും വിലങ്ങും വെട്ടുകയാണ്. പലരും പിന്തിരിഞ്ഞോടുന്നു. യുദ്ധക്കളത്തിൽ അല്പം ചിലർ മാത്രം അവശേഷിച്ചിട്ടുണ്ട്. അവർ പ്രവാചകനെ പ്രതിരോധിച്ചു കൊണ്ട് സധീരം നിലകൊള്ളുകയാണ്.

ഇവിടെ നുസൈബയുടെ, അതെ, നമ്മുടെ ഉമ്മു അമ്മാറ(ﷺ)യുടെ ഊഴമാണ്. ഊരിയ ഖഡ്ഗം കയ്യിലേന്തി, അസ്ത്രവും ആവനാഴിയും ധരിച്ച് പ്രവാചകന്റെ മുന്നിലേക്കവർ പറന്നു. തിരുമേനിയെ ലക്ഷ്യമിട്ടെത്തുന്ന ശത്രുഭടൻമാരെ അവർ ധീരധീരം നേരിട്ടു. അവരെയ്തു വിട്ട ഓരോ അമ്പും മുശ്രിക്കുകളുടെ നെഞ്ചു തകർത്തു കടന്നു പോയി. ഇസ്‌ലാമിന്റെ ധീര പോരാളികളായ അലിയും അബൂബക്കറും ഉമറും ത്വൽഹയും സുബൈറും അബ്ബാസും(ﷺ) പിന്നെ തന്റെ മകനും, ഭർത്താവും അവർക്കു ചുറ്റിലും പ്രതിരോധ യുദ്ധത്തിലാണ്. അവർക്കിടയിൽ നുസൈബ അഥവാ ഉമ്മുഅമ്മാറ ധീരതയിലും പോരാട്ടത്തിലും മികച്ചു നിന്നു. പ്രവാചകന്റെ നേർക്കെത്തുന്ന ഏതൊരപകടത്തേയും, സകല പഴുതുകളും അടച്ചു കൊണ്ട് ആ മഹതി അതിജയിച്ചു. *(അർറഹീകുൽ മഖ്തൂം. പേ. 259.)*

നമ്മിലാരുണ്ട് സഹോദരികളെ, ഉമ്മു അമ്മാറയുടെ, ഉമ്മു സുലൈമിന്റെ, ഉമ്മു സഅദിന്റെ സ്ഥാനത്തു നിൽക്കാൻ? തന്റെ ആദർശത്തിനെതിരെ, തന്റെ 'ഹബീബ്' മുഹമ്മദ് മുസ്തഫ(ﷺ)ക്കെതിരെ ആഞ്ഞു വരുന്ന ശത്രു സൈന്യത്തിന് അഭിമുഖമായി നിൽക്കാൻ? നാവുകൊണ്ടും പേന കൊണ്ടും അടരാടാൻ?

അല്ലാഹുവിലേക്കുള്ള പ്രബോധന മാർഗത്തിൽ പിതാവിനെ–ഭർത്താവിനെ–പുത്രനെ സഹായിക്കുന്ന ഉത്തമ സ്ത്രീ നമ്മുടെ കൂട്ടത്തിലുണ്ടോ? ആ മാർഗത്തിൽ ഉറച്ചു നിൽക്കാനും ധനം വിനിയോഗിക്കാനും പ്രേരിപ്പിക്കുന്നവർ? അനുഗൃഹീത വിജ്ഞാന സദസുകളിൽ ആവേശത്തോടെ പങ്കെടുക്കുന്നവർ?

# [2]
## വിശ്വാസിനിയുടെ പ്രവാചക സ്നേഹം

ആത്മാർത്ഥമായ സ്നേഹത്തിന്റെ ഉറവിൽ നിന്നാണ് അല്ലാഹുവിന്റേയും റസൂലിന്റെയും കല്പനകളനുസരിക്കാനുള്ള വിനയവും വിധേയത്വവും ഉറഞ്ഞു വരുന്നത്. സ്നേഹിക്കുന്നവൻ സ്നേഹിക്കപ്പെടുന്നവന്ന് സർവ വിധേയനാണെന്നതിൽ സന്ദേഹമില്ലല്ലൊ.

യഥാർത്ഥ സത്യവിശ്വാസിനി ദൈവിക നിർദ്ദേശങ്ങളുടെ പരിധിക്കുള്ളിൽ ആത്മാർത്ഥതയോടെ സസൂക്ഷ്മം ജീവിക്കുന്നവളാകും. നിഷിദ്ധങ്ങളിൽ നിന്ന് പാടെ അകന്നു നിൽക്കുന്നവളാകും.

ദൈവസ്നേഹം പ്രവാചകസ്നേഹം എന്നൊക്കെപ്പറഞ്ഞാൽ ഉദ്ദേശ്യം വ്യക്തമാണ്. പടച്ചവന്റേയും റസൂലിന്റേയും കല്പനകൾ ജീവിതത്തിൽ പ്രയോഗവൽക്കരിക്കുകയും വിരോധങ്ങൾ ദൂരെ നിർത്തുകയും ചെയ്യുക എന്നതാണത്. ലംഘനങ്ങളുടേയും അനുസരണക്കേടുകളുടേയും അനുപാതത്തിനനുസരിച്ച് മനസിലെ സ്നേഹത്തിനും മാറ്റു കുറഞ്ഞുകൊണ്ടിരിക്കും.

ജീവിതത്തിൽ, അല്ലാഹുവും റസൂലും ഒരു വിധി പറഞ്ഞു കഴിഞ്ഞാൽ പിന്നീട് സ്വന്തം ഇച്ഛക്ക് ചെവികൊടുക്കാത്തവളാണ് സത്യവിശ്വാസിനി. കല്പനാനുസൃതം പ്രവർത്തിക്കലാണ് ഐഹികവും പാരത്രികവുമായ വിജയങ്ങളുടെ ഹേതു എന്ന് അവൾക്ക് അറിയാവുന്നതു കൊണ്ടാണത്. അതുകൊണ്ടുതന്നെ അവൾ വിധികളുടെ സഹചാരിണിയും വിരോധങ്ങളുടെ

വിരോധിയുമായിരിക്കും. ആത്മാർത്ഥ സ്നേഹത്തിന്റെ ഗുണം അനുസരണ മാണ്.

അല്ലാഹു പറഞ്ഞു: ''പ്രവാചകരെ, താങ്കൾ (സമൂഹത്തോടു) പറയുക. നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ അനുസരിക്കുക, അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾക്ക് മാപ്പു നൽകുകയും ചെയ്യും.'' *(ആലു ഇംറാൻ : 31)*

ഒരു ചിത്രം! പ്രവാചകന്റെ വളർത്തു പുത്രനാണ് സൈദ് ബ്നു ഹാരിസ്(ﷺ) അദ്ദേഹത്തിന് വിവാ ഹാലോചനയുമായി, സൈനബ് ബിൻത് ജഹ്ശിനെ(ﷺ)നെ സമീപിച്ചു തിരുമേനി (ﷺ) അവരോട് കാര്യവതരിപ്പിച്ചു.

സുന്ദരിയും കുലീനയുമാണ് സൈനബ്(ﷺ) മുമ്പ് അടിമയായിരുന്ന സൈദിനാണ് പ്രവാചകൻ തന്നെ വിവാഹമാലോചിക്കുന്നത്. അവരധികം ചിന്തിച്ചില്ല: ''ഇല്ല ഞാനദ്ദേഹവുമായുള്ള വിവാഹം ഇഷ്ടപ്പെടുന്നില്ല, സൈദി നേക്കാൾ ഞാനെത്ര തറവാടിയാണ്.'' അവർ തുറന്നു പറഞ്ഞു.

''അല്ല, നീയവനെ ഭർത്താവായി വരിക്കണം.'' നബി(ﷺ).

''റസൂലേ, അങ്ങെന്നെ നിർബന്ധിക്കുകയാണോ?'' സൈനബ് (ﷺ)

പ്രവാചകൻ നിശബ്ദനായി, ആ മുഖമകലത്തിൽ അപ്രതീക്ഷിതമായി അരുണത്തുടുപ്പ്. ജിബ്രീൽ (ﷺ) വഹ്യ് നൽകുകയായിരുന്നു തിരുമേനിക്ക്. അതിങ്ങനെ:

''അല്ലാഹുവും റസൂലും ഒരു കാര്യത്തിൽ വിധി പറഞ്ഞു കഴിഞ്ഞാൽ ഒരു വിശ്വാസിക്കും വിശ്വാസിനിക്കും അവരുടെ കാര്യങ്ങളിൽ തെരഞ്ഞെടു പ്പിന്ന് അധികാരമില്ല. ആരാണോ അല്ലാഹുവിനോടും റസൂലിനോടും അനുസ രണക്കേടു കാണിക്കുന്നത്, അവൻ വ്യക്തമായ വഴികേടിലകപ്പെട്ടുപോയി.'' *(അഹ്സാബ് : 36)*

പ്രസ്തുത ഖുർആനിക വചനങ്ങൾ കേട്ടമാത്രയിൽ സൈനബ് (ﷺ) ചോദിച്ചു: ''അങ്ങനിക്ക് ഭർത്താവാകാൻ ആഗ്രഹിക്കുന്നുവോ?''

''അതെ'' നബി (ﷺ)

''എങ്കിൽ, അല്ലാഹുവിന്റെ റസൂലിന്റെ വിധിക്കു വിരുദ്ധയാവാൻ എനിക്കു കഴിയില്ല. ഞാനദ്ദേഹത്തെ ഭർത്താവായി തൃപ്തിപ്പെട്ടിരിക്കുന്നു.'' വിനയാന്വിതയായി സൈനബ്(ﷺ) പറഞ്ഞു.

പ്രവാചക കല്പനക്ക് കീഴൊതുങ്ങിയ സൈനബ്(ﷺ)ന്ന് അതിന്റെ പ്രതിഫലം അല്ലാഹു പിന്നീടു നൽകി. സാങ്കേതിക കാരണങ്ങളാൽ സൈദി(ﷺ)ൽ നിന്നും വിവാഹ മോചിതയായ സൈനബിനെ സൃഷ്ടിശ്രേഷ്ഠൻ മുഹമ്മദു മുസ്തഫ(ﷺ) പുനർവിവാഹം ചെയ്തു. അങ്ങനെയവർ സത്യവിശ്വാസികളുടെ മാതാവായിത്തീർന്നു! *(തഫ്സീറുൽ അലിയ്യിൽ ഖദീർ വാ. 3, പേ. 495)*

അനുസരണത്തിന്റേയും ആദർശബോധത്തിന്റെയും തിളങ്ങുന്ന പ്രതീകമാണ് ജാരിയ (ﷺ) എന്ന അൻസാരി യുവതി.

സ്വഹാബികളിൽ കുറിയവനും വിരുപനുമാണ് ജുലൈബീബ്(ﷺ). തനിക്കും വിവാഹം കഴിക്കണമെന്ന മോഹം ഒരിക്കലദ്ദേഹം പ്രവാചകനെ ഉണർത്തി. പ്രമുഖനായ ഒരു സ്വഹാബിയുടെ അടുക്കലേക്ക്, അദ്ദേഹത്തിന്റെ മകളെ വിവാഹമാലോചിക്കാനായി നബി (ﷺ) അദ്ദേഹത്തെ പറഞ്ഞു വിട്ടു.

സ്വഹാബി പ്രമുഖനാണ്; ധനാഢ്യനും. തന്റെ പുത്രിയാവട്ടെ സൗന്ദര്യത്തിന്റെ നിറക്കുടവും. ജുലൈബീബ് (ﷺ) ചെന്നു മകളെ വിവാഹമാലോചിക്കാനായി വന്നതാണെന്നും പ്രവാചകൻ പറഞ്ഞയച്ചതാണെന്നും അയാളെ ധരിപ്പിച്ചു.

ജാരിയ്യയുടെ പിതാവ് അല്പ നേരം നിശബ്ദനായി. ''അവളുടെ ഉമ്മയുടെ അഭിപ്രായം കൂടി അറിയട്ടെ'' അയാൾ പറഞ്ഞു. പക്ഷേ, ജുലൈബീബിന്റെ ഇംഗിതമറിഞ്ഞ ആ മാതാവ് പൊട്ടിത്തെറിക്കുകയാണുണ്ടായത്:

''എന്ത്, സൗന്ദര്യത്തിടമ്പായ എന്റെ മോളെ വിരൂപനായ നിനക്കു വിവാഹം ചെയ്തുതരാനൊ? അവൾക്കാലോചനയുമായി വന്ന എത്ര സുന്ദരൻമാരെപ്പോലെ ഞാൻ തിരിച്ചയച്ചിരിക്കുന്നു. ഇല്ല, നിനക്കുതരില്ല. '' അവർ വിറക്കുകയായിരുന്നു പ്രവാചകനാണ് അദ്ദേഹത്തെ പറഞ്ഞയച്ചതെന്ന കാര്യം പോലും അവർ ശ്രദ്ധിച്ചില്ല.

ഇതല്ലാം കണ്ടും കേട്ടും ജാരിയ്യ അപ്പുറത്തു നിൽപ്പുണ്ടായിരുന്നു. ഉമ്മ യുടെ കാർക്കശ്യം കണ്ട് നിരാശനായി തിരിച്ചു പോകുന്ന ജുലൈബീബിനെ അവളൊന്നു നോക്കി. അവൾ ഉമ്മയോടു ചോദിച്ചു:

''ഉമ്മാ, പ്രവാചകനല്ലെ അദ്ദേഹത്തെ ഇങ്ങോട്ടയച്ചത്? അതു മാനിക്കാതെ അവിടുന്നു പറഞ്ഞു വിട്ട വ്യക്തിയെ അപമാനിച്ചു വിട്ടതു ശരിയാണൊ? നമുക്കു വേണ്ടി ആ മനുഷ്യനെ അല്ലാഹുവിന്റെ റസൂൽ തൃപ്തിപ്പെട്ടുവെ ങ്കിൽ നമുക്കും എന്തുകൊണ്ടദ്ദേഹത്തെ ഇഷ്ടപ്പെട്ടുകൂടാ?''

മകളുടെ ചോദ്യം അവരിൽ വീണ്ടുവിചാരമുണ്ടാക്കി. പിതാവ് നേരെ പ്രവാചകനെ ചെന്നു കണ്ടു.

''ജുലൈബീബിനെ എന്റെ മകൾക്കു വരനായി താങ്കൾ തൃപ്തിപ്പെടു ന്നുവോ പ്രവാചകരെ?'' അയാൾ ചോദിച്ചു.

''അതെ, തീർച്ചയായും'' നബി(ﷺ)പറഞ്ഞു.

''എങ്കിൽ ഞങ്ങളും അദ്ദേഹത്തിന്റെ തൃപ്തരാണ്.''

അങ്ങനെ ജാരിയ്യാ ജുലൈബീബ് വിവാഹം സമംഗളം നടന്നു. പക്ഷേ, മദീന യുദ്ധഭീതിയിലായിരുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ ശത്രുക്കളുമാ യുള്ള പോരാട്ടത്തിന് മുസ്‌ലിം പടയാളികളോടൊപ്പം ആ നവവരനും പുറപ്പെ ട്ടു. യുദ്ധം മുസ്‌ലിംകളുടെ വിജയത്തിൽ കലാശിച്ചു. യുദ്ധക്കളത്തിൽ ശഹീ ദായി വീണവരുടെ ശരീരങ്ങൾ പരതുന്ന സ്വഹാബികളോട് നബി (ﷺ) ചോദിച്ചു: 'നിങ്ങൾ ആരെയാണ് തെരയുന്നത്?' അവർ പറഞ്ഞു: 'ഇന്നിന്നയാ ളുകളുടെ ശരീരങ്ങൾ'. പ്രവാചകൻ (ﷺ) പക്ഷേ, മറ്റൊരാളുടെ വിശുദ്ധ ശരീര ത്തിനു വേണ്ടി പരതുകയാണ്. അദ്ദേഹം പറഞ്ഞു: ''സ്വഹാബികളേ, ഞാൻ അന്വേഷിക്കുന്നത് ജുലൈബീബിന്റെ ശരീരമാണ്, നിങ്ങളത് കണ്ടുപിടിക്കു ക.'' അവർ തെരഞ്ഞു. വെട്ടേറ്റു വീണ ഏഴു മുശ്‌രിക്കുകൾക്കരികെ ജുലൈ ബീബിന്റെ ചേതനയറ്റ ശരീരം അവർ കണ്ടെത്തി. നബി(ﷺ) അദ്ദേഹത്തിന്നരി കിൽ ചെന്ന് നിന്ന് കൊണ്ട് പറഞ്ഞു: ''ഏഴുപേരോടേറ്റുമുട്ടി അവരെ വധിക്കു കയും, അവരാൽ വധിക്കപ്പെടുകയും ചെയ്ത ജുലൈബീബ് എന്നിൽപെട്ടവ നാണ്, ഞാൻ അവനിൽപെട്ടവനും.'' പ്രവാചകൻ ആവർത്തിച്ചുകൊണ്ടിരു ന്നു. ശേഷം നബി(ﷺ) അദ്ദേഹത്തെ ഖബറടക്കി. *(മുസ്‌ലിം, അഹ്‌മദ്)*

ഈ ചരിത്രത്തിലെ മഹതിയായ ജാരിയ്യയെ ചിന്തിക്കുക. വിശ്വാസിനി ഇങ്ങിനെയാകണം. അല്ലാഹുവിൽ നിന്നൊ, റസൂലിൽ നിന്നൊ ഒരു നിർദ്ദേശം വന്നു കഴിഞ്ഞാൽ, അത് തന്റെ ഇംഗിതത്തിനെതിരാണെങ്കിലും ശരി അംഗീകരക്കുകയും പാലിക്കുകയും ചെയ്യുക തന്നെ. മുൻതൂക്കമെപ്പോഴും ദൈവിക നിർദ്ദേശങ്ങൾക്കായിരിക്കണം എന്നർത്ഥം. അതിലാണ് ഈമാനിന്റെ മാധുര്യമുള്ളത്. അതിലൂടെത്തന്നെയാണ് ആദർശസൗഭാഗ്യം അനുഭവിക്കാനാകുന്നത്.

അല്ലാഹുവിന്റേയും റസൂലിന്റേയും നിർദ്ദേശങ്ങളേക്കാൾ ദേഹദാഹത്തിന് മുൻതൂക്കം കൊടുക്കുന്നവളിൽ ഇത്തരം ചരിതങ്ങളും പാഠങ്ങളും എങ്ങനെ സ്വാധീനിക്കുമെന്നറിയില്ല. തന്റെ വീക്ഷണത്തിനും ജീവിതത്തിനും യോജിക്കാത്തവ എന്ന നിനവിൽ ചില ദൈവികവിധികളിൽ നിന്നും കണ്ണടച്ചു നടക്കുന്നവരുമുണ്ടാവും. അവർ കൊതിക്കുന്നത് ദേഹേച്ഛകളുടെ പൊരുത്തമാണ്. റബ്ബിന്റെ പ്രീതിയല്ല. പക്ഷേ, നശിക്കാത്ത പൊരുത്തവും പ്രീതിയും റബ്ബിന്റേതു മാത്രമാണ്.

ചില ദൈവികനിയമങ്ങളിൽ സ്ത്രീകൾക്ക് പ്രകൃത്യാ താത്പര്യമില്ലെന്നത് നേരാണ്. അതു പക്ഷേ, ആ നിയമങ്ങളെ പാടെ വെറുക്കാനൊ, അവഗണിക്കാനൊ അതു സ്വീകരിക്കുന്ന വ്യക്തികളെ ആക്ഷേപിക്കാനൊ അനുവാദം നൽകുന്നില്ല. ഉദാഹരണം ബഹുഭാര്യത്വം തന്നെ. ജീവനുതുല്യം സ്നേഹിക്കുന്ന തന്റെ ഭർത്താവിന്ന് മറ്റൊരു ഭാര്യ കൂടി ഉണ്ടാവുക എന്നത് അവളിൽ അസ്വസ്ഥതയും നീരസവുമുണ്ടാക്കാറുണ്ട്. ഇതപകടമാണ്. ദൈവിക നിയമങ്ങളിൽ ചിലതിനെ കൊള്ളുകയും ചിലതിനെ തള്ളുകയും ചെയ്യുന്ന പ്രവണത സത്യവിശ്വാസിനികൾ സൂക്ഷിച്ചേ പറ്റൂ.

'എനിക്കു പുറമെ മറ്റൊരുത്തിയെ ഭർത്താവ് വിവാഹം കഴിക്കുന്നത് എനിക്കിഷ്ടമല്ല' എന്ന് ഓരോ സ്ത്രീയും പറയുമെന്ന വസ്തുത കണക്കിലെടുത്തുകൊണ്ടുതന്നെ പറയട്ടെ. അങ്ങനെയൊരു സാഹചര്യത്തിന് വഴിതെളിയുന്നുവെങ്കിൽ, അത് അല്ലാഹു തന്നെ നമുക്ക് തൃപ്തിപ്പെടുന്ന അവന്റെ നിർണിത വിധിയെന്നു കരുതി അതിന്നു കീഴൊതുങ്ങുകയല്ലെ ഒരു സത്യവിശ്വാസിനിയുടെ ധർമം? അതെ, വഴിപിഴച്ച പ്രചാരണങ്ങളിലും പ്രലോഭനങ്ങളിലും അവൾ കുടുങ്ങിക്കൂട. തന്നെപ്പോലുള്ള വിശ്വാസിനികൾക്ക് വിശുദ്ധ ജീവിത്തിന് വഴിയൊരുക്കുക എന്നത് തന്റെ ബാധ്യതയായി കാണണം. നാളെ, അന്ത്യനാളിൽ തന്റെ ഉമ്മത്തിന്റെ ആധിക്യത്തിൽ പ്രവാചക തിരുമേനി(ﷺ) അഭിമാനം കൊള്ളുമെന്നു വരുമ്പോൾ പ്രത്യേകിച്ചും.

# [3]
# വിശ്വാസിനിയും ലൗകിക വിരക്തിയും

ഭക്തയും സുകൃതയുമായിരിക്കും ഒരു സത്യവിശ്വാസിനി എന്ന കാര്യത്തിൽ സംശയമില്ല. മതവിധികൾ കാത്തുസൂക്ഷിക്കുന്നവളെന്ന നിലക്ക്, ദുനിയാവിന്റെ യാഥാർത്ഥ്യമറിഞ്ഞ് അതിൽ നിന്നവൾ വിട്ടുനിൽക്കും. വരാനിരിക്കുന്ന സുഖസൗകര്യങ്ങളെ തിരിച്ചറിഞ്ഞ് അതിനുവേണ്ടി കോപ്പു കൂട്ടും.

വ്രതമെടുക്കുന്ന, നമസ്കരിക്കുന്ന, ഖുർആൻ പാരായണം ചെയ്യുന്ന ഒരു ഭക്തയായിട്ടല്ലാതെ സത്യവിശ്വാസിനിയെ നമുക്കു കാണുക സാധ്യമല്ല. അല്ലാഹുവിന്റെ മുമ്പിൽ അവൾ സദാ കേണുകൊണ്ടിരിക്കും. തന്റെ ഐഹികവും പാരത്രികവുമായ നേട്ടത്തിന് ഉപയുക്തമായ സന്ദർഭങ്ങൾ ഉപയോഗപ്പെടുത്താനുള്ള വ്യഗ്രതയായിരിക്കും അവളിലേറെയും. സത്കർമ്മങ്ങളിലും ദാനധർമങ്ങളിലും മത്സര മനോഭാവമായിരിക്കും അവൾക്ക്.

എത്രയെത്ര സുകൃതകളെ, ഭക്തകളെ, ധർമനിഷ്ഠകളെ ചരിത്രം നമുക്ക് നേടിത്തന്നിട്ടുണ്ടെന്നോ? അവരുടെ മുൻപന്തിയിൽ നിലകൊള്ളുന്നത് സ്വഹാബി വനിതകൾ തന്നെ. അവരിലഗ്രഗണ്യർ 'വിശ്വാസീലോകത്തിന്റെ മാതാക്കളായ' പ്രവാചകപത്നിമാരും. ആയിശ(ﷺ)യാണ് നബിഭാര്യമാരിൽ മുന്നിട്ടു നിൽക്കുന്നത്. 'നോമ്പുനോൽക്കുന്നതിൽ ജീവിത കാലം മുഴുവൻ കൃത്യനിഷ്ഠയുള്ളവരായിരുന്നു ആയിശ(ﷺ)' *(ഔദത്തുൽ ഹിജാബ്, വാ. 3. പേ. 296 –സർകഷിയുടെ അൽഇജാബ:യിൽ നിന്ന് ഉദ്ധരണം, പേ. 67)* നിവേദനം ചെയ്തിട്ടുണ്ട്.

ഉർവ്വത്തുബ്നു സുബൈർ(ﷺ) ഉദ്ധരിക്കുന്ന ഹദീസിൽ ഇങ്ങനെ വായിക്കാം: ''ഞാനെന്നും യാത്രതിരിക്കാറ്, ആയിശ(ﷺ)യുടെ വീട്ടിൽ ചെന്ന് അവർക്ക് സലാം ചൊല്ലിയിട്ടാണ്. പതിവുപോലെ അന്നും ഞാൻ ചെന്നു. അവർ നമസ്കരിക്കുകയായിരുന്നു.'' അതിനാൽ അല്ലാഹു നമുക്ക് അനുഗ്രഹം നൽകുകയും, രോമകൂപങ്ങളിൽ തുളച്ചു കയറുന്ന നരകാഗ്നിയുടെ ശിക്ഷയിൽ നിന്ന് അവൻ നമ്മെ കാത്തുരക്ഷിക്കുകയും ചെയ്തു.'' (അത്തൂർ: 27) എന്ന ഖുർആൻ വാക്യം പാരായണം ചെയ്യവെ അവർ തേങ്ങിത്തേങ്ങിക്ക

രയുകയും പ്രാർത്ഥിച്ചു കൊണ്ടിരിക്കുകയും ചെയ്തു. ഞാനേറെ സമയം കാത്തുനിന്നു. അവർ തുടർന്നു കൊണ്ടേയിരുന്നു. ഞാനെന്റെ ലക്ഷ്യത്തിലേക്ക് ചെന്ന് തിരിച്ചു വരുമ്പോഴും കരഞ്ഞുകൊണ്ട് അവർ നമസ്കാരത്തിൽ തന്നെയായിരുന്നു. ഇതവരുടെ പതിവാണ്.'' (ഔദത്തുൽ ഹിജാബ്, വാ. 3. പേ. 296 (അൽസ്സിത്തു ഥമീനിൽ നിന്ന് ഉദ്ധരണം, പേ. 90)

ആരാധനാരംഗത്ത് ജ്വലിച്ചു നിന്ന നമ്മുടെ ഉമ്മ ധർമ്മരംഗത്ത് നിറകുടമായിരുന്നു.

ഉർവ: (ﷺ) തന്നെ നിവേദനം ചെയ്യുന്നു: ''ആയിശ(ﷺ) എഴുപതിനായിരം ദിർഹം ധർമ്മം ചെയ്യുകയുണ്ടായി. അവരണിഞ്ഞിരുന്നതാവട്ടെ തുന്നിക്കൂട്ടിയ വസ്ത്രവും.'' *(ഹിൽയത്തുൽ ഔലിയാഅ്. വാ. 2 പേ. 47)*

എവിടെ നമ്മുടെ മഹിളകൾ? സിദ്ധീഖിന്റെ പുത്രി സിദ്ധീഖഃയുടെ കഷ്ണം വെച്ച വസ്ത്രം കണ്ടിട്ടും അലംകൃത വസ്ത്രങ്ങൾക്കു വേണ്ടി, അമൂല്യ ആഭരണങ്ങൾക്കു വേണ്ടി ആയിരക്കണക്കിനു പണം ചെലവഴിക്കുന്ന വിശ്വാസിനികൾ! ഒന്നോ രണ്ടോ പ്രാവശ്യം ഉപയോഗിച്ച് അവസാനമായവയെ പെട്ടിക്കുള്ളിൽ തള്ളാനായി മാത്രം!!

ഇതാ നിങ്ങളുടെ മുന്നിൽ സൃഷ്ടിശ്രേഷ്ഠൻ മുഹമ്മദു നബി(ﷺ) യുടെ പ്രിയപുത്രി, സ്വർഗവാസികളുടെ നേതാവ്, ഫാത്വിമ(ﷺ)യാണ് നിൽക്കുന്നത്. അവർക്ക് ഉടുതുണിക്ക് മറുതുണിയില്ല. വീട്ടുവേലക്ക് വേലക്കാരിയില്ല. ആട്ടുകല്ലു പിടിച്ചും വെള്ളം കോരിയും തഴമ്പുപറ്റിയ കൈകൾ കാട്ടി, കരിപിടച്ച വസ്ത്രത്തിലേക്ക് ചൂണ്ടി തന്റെ ആവലാതികൾ പിതാവ് റസൂലുല്ല(ﷺ)യോട് പറയുകയാണവർ! കരളിന്റെ കഷ്ണമായ മകളേയും മരുമകൻ അലി(ﷺ)യേയും അടുത്തു വിളിച്ചിരുത്തി സ്നേഹവത്സലനായ അവിടുന്ന് ഉപദേശിച്ചതെന്താണെന്നൊ? ''നിങ്ങൾക്കൊരു വേലക്കാരിയുണ്ടാവുന്നതിനേക്കാൾ ഉത്തമമായ മറ്റൊന്ന് ഞാൻ പറഞ്ഞു തരട്ടെ? 'സുബ്ഹാനല്ലാഹ്', 'അൽ ഹംദുലില്ലാഹ്', എന്നിങ്ങനെ മുപ്പത്തിമൂന്നു വട്ടം ചൊല്ലുക!'' *(മുത്തഫകുൻ അലൈഹി)*

ഉമ്മുൽ മുഅ്മിനീൻ സൈനബ്(ﷺ) സ്വന്തം കൈകൊണ്ട് അധ്വാനിക്കുകയും കിട്ടുന്ന പ്രതിഫലം ദൈവമാർഗത്തിൽ ചെലവഴിക്കുകയും ചെയ്തിരുന്നുവെന്ന് ഹദീസുകളിൽ രേഖപ്പെട്ടു കിടപ്പുണ്ട്. *(മുസ്ലിം)*

''സൈനബിനേക്കാൾ ഉത്തമയായ മറ്റൊരു സ്ത്രീയെ ദുനിയാവിൽ ഞാൻ കണ്ടിട്ടേയില്ല.'' പ്രവാചകന്റെ പ്രിയപത്നി ആയിശ(ﷺ) പ്രവാചകന്റെ തന്നെ പ്രിയപത്നി സൈനബി(ﷺ)നെക്കുറിച്ച് പറഞ്ഞ പ്രസ്താവമാണിത്. ബാക്കി കൂടി കേൾക്കുക: ''പ്രവാചകന്റെ അടുക്കൽ അവർക്കും എനിക്കും തുല്യസ്ഥാനമായിരുന്നു. അതിഭക്തയും സത്യസന്ധയും കുടുംബബന്ധം നിലനിർത്തുന്നവരും ധർമ്മനിഷ്ഠയും അധ്വാനശീലയും കിട്ടുന്ന പ്രതിഫലം ദൈവസാമീപ്യത്തിനുതകും വിധം ചെലവഴിക്കുന്നവരുമായിരുന്നു, അവർ'' (മുസ്‌ലിം)

അതെ, 'സത്യവിശ്വാസിനികളുടെ മാതാക്കൾ' ഇങ്ങനെയായിരുന്നു. ഇതായിരിക്കണം ഒരു സത്യവിശ്വാസിനിയുടെ ചിത്രവും.

സഹോദരീ, എത്രയെത്ര സ്ത്രീകളാണ് നമ്മിൽ സ്വയം വഞ്ചിതരായി കഴിയുന്നത്? ഗൃഹോപകരണങ്ങൾ അതിനൂതനവും വിലപിടിച്ചതുമാവണമെന്ന് ശഠിക്കുന്നവരുണ്ട് നമ്മിൽ. അതിനു വേണ്ടി പണം ചെലവിടാൻ യാതൊരു മടിയുമില്ലാത്തവർ. ഉമ്മഹാത്തുൽ മുഅ്മി നീങ്ങളുടെ, സ്വഹാബീ വനിതകളുടെ ഭവനങ്ങളും വീട്ടുപകരണങ്ങളും എവ്വിധമുള്ളവയായിരുന്നുവെന്ന് അവരാണറിയേണ്ടത്. എങ്കിലവർക്ക്, തങ്ങൾക്കും അവർക്കുമിടയിലുള്ള പ്രകടമായ അന്തരം അറിയാനാകുമായിരുന്നു.

നിങ്ങൾക്കറിയുമൊ? മദീനാ പള്ളിയോടു ചേർന്ന ഈന്തത്തടിയും ഈന്തോലയും കൊണ്ടു നിർമ്മിച്ച കുടുസ്സു മുറികളിലായിരുന്നു പ്രവാചകപത്നിമാർ താമസിച്ചിരുന്നത്. ഹസനുൽ ബസ്വരി(ﷺ) പറയുന്നതു കേൾക്കൂ: ''ഉസ്മാനി(ﷺ)ന്റെ ഭരണകാലത്ത് പ്രവാചകപത്നിമാരുടെ വീട്ടിൽ ഞാൻ പ്രവേശിക്കുകയുണ്ടായി. നിന്നാൽ കൈകൊണ്ട് മേൽക്കൂര തൊടാവുന്ന വിധം ചെറുതായിരുന്നു അവയെല്ലാം''

അമവി ഭരണാധികാരി വലീദ് പ്രസ്തുത മുറികളെല്ലാം പൊളിച്ച് പള്ളിയോടു ചേർക്കാൻ ഉത്തരവിട്ടപ്പോൾ സഈദ്ബ്നു മുസയ്യബ്(ﷺ) അദ്ദേഹത്തോട് പറഞ്ഞു: ''താങ്കളിവ പൊളിക്കാതെ വിടുകയാണെങ്കിൽ, ജനങ്ങളതിൽ നിന്ന് പാഠമുൾക്കൊണ്ട് അവരുടെ ഭവന നിർമാണങ്ങളിൽ മിതത്വം പാലിക്കുമായിരുന്നു. ദുനിയാവിന്റെ താക്കോലുകൾ കൈവശമുണ്ടായിട്ടും തിരുമേനി(ﷺ)ക്ക് അല്ലാഹു തൃപ്തിപ്പെട്ടു നൽകിയതെന്തെന്ന് അവർ കണ്ടറി

യുമായിരുന്നു.'' *(അന്നബിയ്യു (ﷺ) വ അസ്വാജുഹു ഫീ സൂറത്തിൽ അഹ്സാബ്. പേ. 69)*

നബി(ﷺ)യും പത്നിമാരും അന്തിയുറങ്ങിയ 'കൊട്ടാര'ങ്ങൾ. അവിടുന്നു പയോഗിച്ചിരുന്ന ശയ്യയോ? ആയിശ (رضي الله عنها) പറയുന്നു: ''പ്രവാചകനുറങ്ങാറുണ്ടായിരുന്ന ശയ്യ ഈന്തോല നിറച്ചതായിരുന്നു.'' *(ബുഖാരി)*

അവരൊക്കെ സത്യസന്ധകളായ സത്യവിശ്വാസിനികളായിരുന്നു..... അല്ലാഹു നൽകിയതിൽ പൂർണ്ണ സംതൃപ്തി പൂണ്ടവർ.... സഹോദരികളെ, നമുക്കും ആ ജീവിതത്തിലെ എളിമയും വിശ്വാസത്തിലെ പൊലിമയും പിന്തുടർന്നു കൂടെ?

എന്തായിരുന്നു പ്രവാചക പത്നിമാരുടെ ജീവിത വിഭവങ്ങൾ? ആയിശ(رضي الله عنها) തന്റെ സഹോദരീ പുത്രൻ ഉർവ(رضي الله عنه)ക്ക് വിവരിച്ചു കൊടുക്കുന്നതു കേൾക്കുക: ''സഹോദരീ പുത്രാ, ഞങ്ങൾ നല്ലൊരു ഭക്ഷണം പ്രതീക്ഷിച്ച് ഒരു ചന്ദ്രോദയവും മറ്റൊരു ചന്ദ്രോദയവും വീണ്ടുമൊരു ചന്ദ്രോദയവും കാത്തിരിക്കാറുണ്ട്. ഈ മൂന്ന് ചന്ദ്രോദയങ്ങളിലും പ്രവാചക ഭവനങ്ങളിൽ തീപുകയാറില്ല. ഉർവ(رضي الله عنه) ചോദിച്ചു: ഇളയമ്മാ, പിന്നെ എങ്ങനെ നിങ്ങൾ ജീവിച്ചു? കാരക്കയും പച്ചവെള്ളവും, പിന്നെ അയൽക്കാരായ അൻസ്വാറുകൾ നബി(ﷺ)ക്കു നൽകാറുള്ള ആട്ടിൻപാലും'' ആയിശ(رضي الله عنها) മറുപടി പറഞ്ഞു. *(മുത്തഫഖുൻ അലൈഹി)*

ഉള്ളതിൽ തൃപ്തിയും എളിമയിൽ ഔന്നിത്യവും പ്രകടപ്പിച്ച ഈ മഹതികളുടെ പാത പിന്തുടർന്നു ജീവിച്ച, ലൗകിക വിരക്തകളും സച്ചരിതകളുമായ മഹിളകൾ ചരിത്രത്തിലെമ്പാടുമുണ്ട്.

പെരുന്നാൾ നമസ്കാര ശേഷം പ്രവാചകൻ(ﷺ) സ്ത്രീകളുടെ ഭാഗത്തേക്കു ചെന്നു. അവർക്ക് പ്രത്യേകമായ ചില കാര്യങ്ങളിൽ ഉപദേശം നൽകിയ തിരുമേനി(ﷺ) ദാനധർമങ്ങളുടെ ശ്രേഷ്ടതയെപ്പറ്റി വിശദീകരിച്ചു. സമീപത്ത് ഒരു തട്ടവും വിരുത്തി ബിലാൽ(رضي الله عنه) നിൽപ്പുണ്ട്. പ്രവാചകോപദേശം കേട്ട സ്വഹാബി വനിതകൾ തങ്ങളുടെ കൈവശമുള്ള മാലകളും വളകളും കമ്മലുകളും മറ്റാഭരണങ്ങളും ആ തട്ടത്തിലേക്ക് അഴിച്ചിടുകയാണ്. *(ബുഖാരി)* എത്ര അലിവുള്ള മനസുകൾ! അല്ലാഹുവിന്റേയും റസൂലിന്റേയും

കൽപനകൾക്കുത്തരം നൽകാൻ അവർക്കെന്തൊരു വ്യഗ്രത! റബ്ബിന്റെ പൊരുത്തവും പ്രീതിയും നേടാൻ എന്തു താൽപര്യം!

മൻസൂർ ബ്നു അമ്മാർ(ﷺ) ഉദ്ധരിക്കുന്ന മറ്റൊരു ചരിത്രം കേൾക്കുക. ദൈവമാർഗത്തിൽ യുദ്ധം ചെയ്യാൻ പ്രേരിപ്പിച്ചു കൊണ്ട് ഒരിക്കലദ്ദേഹം പ്രസംഗിക്കുകയായിരുന്നു. അപ്പോഴതാ ശ്രോതാക്കളുടെ കൂട്ടത്തിൽ നിന്നൊരു സ്ത്രീ ഒരു കടലാസുതുണ്ട് അദ്ദേഹത്തിന് എറിഞ്ഞു കൊടുക്കുന്നു. അദ്ദേഹമതു വായിച്ചു: ‘‘ഇബ്നു അമ്മാർ, ശരീരം കൊണ്ടും സമ്പത്തു കൊണ്ടും ദൈവമാർഗത്തിൽ ജിഹാദിനിറങ്ങാനുള്ള താങ്കളുടെ ആഹ്വാനം ഞാൻ കേൾക്കുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാൻ എന്റെയീ നീണ്ടു തിങ്ങിയ മുടിക്കെട്ടല്ലാതെ മറ്റൊന്നും എന്റെ കൈവശമില്ല. ഇതാ ഞാനത് അങ്ങേക്കായി കൊടുത്തയക്കുന്നു. യുദ്ധക്കളത്തിൽ പോരാടുന്ന പടക്കുതിരക്കൊരു കടിഞ്ഞാണെങ്കിലും അതുകൊണ്ടുണ്ടാക്കുക. അല്ലാഹു എനിക്ക് കരുണ ചെയ്തേക്കും!’’

മനസിലുറയുന്ന വാക്കുകൾ! ഇബ്നു അമ്മാർ (ﷺ) തേങ്ങിക്കരഞ്ഞു. പള്ളിയിലെ നാലു ചുമരുകൾ, കേട്ടിരുന്ന ജനങ്ങളുടെ തേങ്ങലുകൾ കൊണ്ട് തരിച്ചു നിന്നു.

ഞങ്ങൾക്കു മുമ്പേ യാത്ര പറഞ്ഞ ഹേ, സുകൃതകളേ, നിങ്ങളിലല്ലാഹുവിന്റെ കാരുണ്യമുണ്ടാവട്ടെ. നമുക്കല്ലാഹു മാപ്പുനൽകട്ടെ.

ഇത് അമീറുൽ മുഅ്മിനീൻ അബ്ദുൽ മലിക് ബ്നു മർവ്വാന്റെ (ﷺ) പുത്രി ഫാത്വിമ. മുസ്‌ലിം ഭരണാധികാരികളിൽ പ്രഗത്ഭരായിരുന്ന വലീദ്, സുലൈമാൻ, യസീദ്, ഹിശാം എന്നിവരുടെ സഹോദരി. ‘മഹാനായ ഭരണാധികാരി’യെന്ന് ഖുലഫാഉറാശിദുകൾക്ക് ശേഷം അറിയപ്പെട്ട, അമീറുൽ മുഅ്മിനീൻ ഉമർ ബ്നു അബ്ദിൽ അസീസി(ﷺ)ന്റെ പ്രിയ സഖി, വിവാഹം കഴിഞ്ഞ് ഫാത്വിമ ഭർതൃ ഗൃഹത്തിലേക്കു ചെന്നത്, അമൂല്യവും അനർഘവുമായ സർവ്വാഭരണവിഭൂഷിതയായിട്ടാണ്. ചരിത്രപ്രസിദ്ധമായ, മാരിയ്യയുടെ ഒരു ജോഡി കമ്മലുകളും അവരണിഞ്ഞ ആഭരണങ്ങളുടെ കൂട്ടത്തിലുണ്ടായിരുന്നു. ഒരു അമൂല്യ നിധിയെന്ന നിലക്ക് അതുതന്നെ മതി. പിതൃഗൃഹത്തിൽ, മറ്റൊരു സ്ത്രീക്കും അനുഭവിക്കാനായിട്ടില്ലാത്തത്ര സുഖാഢംഭരങ്ങളിൽ വളർന്നു വന്നവളാണ് ഫാത്വിമ. അവരണിഞ്ഞ ആടയാഭരണങ്ങളിൽ അത്ഭുതമില്ലെന്നർത്ഥം.

വിവാഹശേഷവും തന്റെ ഭർത്താവിനോടൊപ്പം മുമ്പെന്നപോലെ അല്ലെങ്കിൽ അതിലുമുപരി ആഢംബരജീവിതത്തിന് അവർക്കാവാമായിരുന്നു. പക്ഷേ, ഖലീഫ ഉമർ ബ്നു അബ്ദിൽ അസീസ്(ﷺ) തന്റെ കുടുംബച്ചെലവിലേക്കായി പൊതുഖജനാവിൽ നിന്നും സ്വീകരിച്ചിരുന്നത് വളരെ തുച്ഛം ദീനാറുകൾ മാത്രമായിരുന്നു. ഒരു കുടുംബത്തിന്റെ അന്നന്നത്തെ ചെലവിനുള്ളവ മാത്രം!

സമ്പന്നതയുടെ മടിത്തട്ടിൽ ലൗകിക സുഖസൗകര്യങ്ങളെ കൂട്ടുകാരാക്കി വളർന്ന ഫാത്വിമ പക്ഷേ, പുതിയ ജീവിത രീതിയിൽ നീരസം കൊണ്ടില്ല..... അസ്വസ്ഥയായില്ല..... ആവശ്യങ്ങൾ പറഞ്ഞ് ഭർത്താവിനെ ബുദ്ധിമുട്ടിച്ചില്ല.... തൃപ്തി. പരിപൂർണ്ണ തൃപ്തിയായിരുന്നു അവർക്കുണ്ടായിരുന്നത്. കാരണം; അതെ, ഭർത്താവിനൊപ്പം വിശ്വാസപരമായി വളരാൻ അവർക്കും സാധിച്ചു എന്നതു തന്നെ. ഉള്ളതിൽ തൃപ്തിയടയാനുള്ള മനസിന്റെ വിശാലതയിൽ നിന്നും അവരാനന്ദം കൊണ്ടു. ആപാദചൂഡം അണിഞ്ഞിരുന്ന രത്ന-സ്വർണാഭരണങ്ങൾ മുഴുവൻ ഭർത്താവിന്റെ കൈവശം അവർ പൊതുഖജനാവിലേക്ക് കൊടുത്തയച്ചു! *(ഔദത്തുൽ ഹിജാബ്, വാ. 3. 363 (ശൈഖ് അൽബാനിയുടെ ആദാബു സ്സിഫാഫ് ഫീ സുന്നത്തിൽ മുത്വഹറഃയുടെ മുഖദ്ദിമയിൽ നിന്നും ഉദ്ധരണം, പേ. 11, 14)* ഭക്തനായ ഭർത്താവിന്റെ ജീവിത രീതി അപ്പടി പിന്തുടർന്ന ഭക്തയായ ഭാര്യ!

സമ്പന്നതയുടെയും സകലമാന സൗകര്യങ്ങളുടെയും നടുവിൽ വളർന്നിട്ടും എല്ലാം ത്യജിച്ച, ആരാധനകളിൽ ജീവിതം നയിച്ച, അന്നന്നത്തെ ഭക്ഷണമായി ഉണക്കറൊട്ടിയും ഒരു കോപ്പ വെള്ളവും മാത്രം സ്വീകരിച്ച മഹതി 'ഫഖ്രിയ്യ ബിൻത് ഉസ്മാനുൽ ബസ്വരിയ്യ'യുടെ ചരിത്രവും (ഔദത്തുൽ ഹിജാബ്, വാ. 3 പേ. 304 (ഇഹ്യാ ഉലൂമുദ്ദീനിൽ നിന്നും ഉദ്ധരണം, വാ. 4, പേ. 748) മറ്റൊരു ഭാഗത്ത് നമുക്ക് മുന്നിൽ നിറഞ്ഞു നിൽക്കുന്നുണ്ട്.

# [4]
## വിശ്വാസിനി : ഒരു പുത്രി

മാതാപിതാക്കളോടുള്ള ബാധ്യതയറിഞ്ഞു പ്രവർത്തിക്കുന്നവളാണ് യഥാർത്ഥ സത്യവിശ്വാസിനി. അവർക്കു സേവനം ചെയ്തും അവരെയനുസരിച്ചും അവരോടു നന്നായി പെരുമാറിയും വിശ്വാസിനി ഒരു പുത്രിയുടെ ധർമം സദാ നിർവഹിക്കും. കാരണം അല്ലാഹുവിന്റെ തൃപ്തിയും അതൃപ്തിയും കുടികൊള്ളുന്നത് മാതാപിതാക്കളുടെ തൃപ്തിയതൃപ്തികളിലാണെന്ന് അവൾ പഠിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ നിർദ്ദേശ പരിധിയിൽ നിൽക്കാനാണ് അവൾക്കെപ്പോഴുമിഷ്ടം. നോക്കുക:

''തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു. അവരിൽ(മാതാപിതാക്കളിൽ) ഒരാളൊ രണ്ടു പേരുമൊ നിന്റെ അടുക്കൽ വെച്ച് വാർധക്യം ബാധിക്കുകയാണെങ്കിൽ അവരോടു നീ 'ഛെ' എന്നു പറയുകയോ അവരോടു കയർക്കുകയോ ചെയ്യരുത്. അവരോടു മാന്യമായ വാക്കുപറയുക.'' ''കാരുണ്യത്തോടുകൂടി എളിമയുടെ ചിറക് നീ അവരിരുവർക്കും താഴ് ത്തിക്കൊടുക്കുകയും ചെയ്യുക. 'രക്ഷിതാവെ, ചെറുപ്പത്തിൽ ഇവർ രണ്ടുപേരും എന്നെ പോറ്റിവളർത്തിയതു പോലെ ഇവരോട് നീ കരുണകാണിക്കേണമെ' എന്നു നീ പറയുകയും ചെയ്യുക.'' *(ഇസ്റാഅ്: 23, 24)*

അനുഗ്രഹം നൽകിയവനോട് കൃതഞ്ജത നിറഞ്ഞ പെരുമാറ്റമെന്ന പോലെ, രക്ഷിതാക്കളെ സ്നേഹിക്കുകയും സേവിക്കുയും ചെയ്യും സത്യവിശ്വാസിനി. വാക്കുകൊണ്ടൊ നോക്കുകൊണ്ടൊ അവരെയവൾ നൊമ്പരപ്പെടുത്തില്ല. അവരുടെ ചെയ്തികളിലൊന്നും അലോസരം കാണിക്കുകയുമില്ല. എന്നല്ല, അവരുടെ കാര്യത്തിൽ അവൾ കൂടുതൽ ക്ഷമകൈക്കൊള്ളും.

അടക്കവും ഒതുക്കവും ആദരവും നിറഞ്ഞ ശൈലിയിലേ സത്യവിശ്വാസിനിയായ പുത്രി തന്റെ രക്ഷിതാക്കളോട് സംസാരിക്കൂ. തന്റെ അഭിപ്രായങ്ങളെക്കാൾ വില മാതാപിതാക്കളുടെ അഭിപ്രായങ്ങൾക്കുണ്ടെന്നും അവൾ അംഗീകരിക്കും. അതുകൊണ്ടുതന്നെ തന്റെ കാര്യങ്ങളിൽ ഏതിലും അവർക്കുതന്നെ മുൻഗണന നൽകും.

പക്ഷേ, ഒന്നുണ്ട്: മാതാപിതാക്കളോട് അമിതമായ സ്നേഹവും സേവന സന്നദ്ധതയും അനുസരണയുമൊക്കെ പ്രകടിപ്പിക്കുമ്പോഴും തന്റെ ആദർശ ലംഘനത്തിന് അണു അളവുപോലും അവൾ സമ്മതിക്കില്ല. അതായത്, അല്ലാഹുവിന്റെ നിർദ്ദേശങ്ങളെ അതിലംഘിക്കുന്ന ഏതെങ്കിലുമൊരു നിർദ്ദേശം താൻ സ്നേഹിക്കുന്ന, ആദരിക്കുന്ന മാതാപിതാക്കൾ പറഞ്ഞു എന്നതു കൊണ്ട് അക്കാര്യത്തിൽ അവരെ അനുസരിക്കുന്ന പ്രശ്നമേയില്ല എന്നർത്ഥം. മറ്റെല്ലാ കാര്യങ്ങളിലും അവരോടു കാരുണ്യം കാണിക്കുകയും അവർക്കു വേണ്ടി നിത്യവും പ്രാർത്ഥിക്കുകയും ചെയ്തു കൊണ്ടിരിക്കും.

തനിക്കും തന്റെ ജീവിതത്തിനും അനുഗുണമായ, രക്ഷിതാക്കൾക്ക് സന്തുഷ്ടിയേകുന്ന, എന്നാൽ ദൈവഹിതത്തിനു വിധേയമായ ഏതൊരു നിർദ്ദേശത്തെയും അവൾ ശിരസാവഹിക്കും, ഒരു കഥ കേൾക്കുക:

അന്നാട്ടിലെ ന്യായാധിപനാണ് നൂഹ് ബ്നു മർയം. ധനാഢ്യൻ. അതിസുന്ദരിയും മതബോധവുള്ള ഒരു മകളുണ്ടയാൾക്ക്. എത്രയോ സമ്പന്നരും നേതാക്കളും അവളെ വിവാഹമാലോചിച്ച് അദ്ദേഹത്തെ സമീപിച്ചിരുന്നു. എന്തോ, അവരിലാരിലും തന്റെ പുത്രിക്കിണങ്ങിയ ഭർത്താവിനെ ആ സ്നേഹവത്സലനായ പിതാവ് ദർശിച്ചില്ല.

മാസങ്ങൾ കടന്നു പോകുകയാണ്. നല്ലൊരു പുരുഷൻ തന്റെ പുത്രിക്കു വരുമെന്ന പ്രതീക്ഷ മനസിൽ നിറഞ്ഞു നിൽക്കുമ്പോഴും മകളെക്കുറിച്ചുള്ള അസ്വസ്ഥതകൾ നൂഹിന്റെ മനസിനെ നൊമ്പരപ്പെടുത്തിക്കൊണ്ടിരിക്കുന്നു. തനിക്കൊരല്പം മനസ്സമാധാനം കിട്ടണം. അയാൾ തന്റെ മുന്തിരിത്തോപ്പിലേക്കു നടന്നു. പൂത്തുകായ്ച്ചുലഞ്ഞു നിൽക്കുന്ന മുന്തിരിത്തോപ്പ്. കിളികളുടെ കൂജനവും തടങ്ങളിലൂടൊഴുകുന്ന കൊച്ചരുവികളുടെ കളാകളാരവും മനസിനൊരുപക്ഷേ ശാന്തി പകർന്നേക്കും.

മുബാറക് എന്നു പേരുള്ള ഒരടിമയാണ് ആ തോട്ടത്തിലെ പണിക്കാരൻ. തോട്ടത്തിലൊരിടത്ത് നൂഹ് ഇരുന്നു. യജമാനനെ പരിചരിക്കാൻ മുബാറക് അടുത്തു വന്നു നിന്നു. കുറച്ചു നേരത്തെ ചിന്താമഗ്നമായ നിശബ്ദത. അയാൾ തനിക്കൊരുകൂല മുന്തിരി പറിച്ചുകൊണ്ടുവരാൻ മുബാറക്കിനോടയാൾ ആവശ്യപ്പെട്ടു.

മുബാറക് കൊണ്ടുകൊടുത്ത മുന്തിരി കടിച്ചതേയുള്ളൂ. അയാളതു തുപ്പിക്കളഞ്ഞു. കൊടുംപുളി, പഴുത്ത മുന്തിരി പറിച്ചു കൊണ്ടുവരാൻ അയാളാവ

ശ്യപ്പെട്ടു. പക്ഷേ, മുബാറക് കൊണ്ടുകൊടുത്തതൊക്കെ പുളിയുള്ളതായിരുന്നു. തികട്ടി വന്ന ദേഷ്യം കടിച്ചമർത്തി അയാൾ ചോദിച്ചു: ''നിനക്കെന്തു പറ്റി?, എന്നെ കളിയാക്കുകയാണൊ? ആവശ്യപ്പെട്ടപ്പോഴൊക്കെ നീ പുളിയുള്ള മുന്തിരി തന്നെയാണല്ലൊ തന്നത്?''

''അല്ല യജമാനൻ, താങ്കളെ കളിയാക്കിയതല്ല ഞാൻ. ഈ മുന്തിരികളിൽ ഏതു പുളിയുള്ളവ ഏതു മധുരമുള്ളവ എന്ന് അറിയാത്തതു കൊണ്ടാണ്.'' മുബാറക് ഭവ്യതയോടെ പറഞ്ഞു:

നൂഹ് അത്ഭുതപ്പെട്ടു. ഒരു മുന്തിരിത്തോട്ടത്തിലെ പണിക്കാരന് അതിലെ മുന്തിരികളുടെ സ്വഭാവം വേർതിച്ചറിയില്ലെന്നൊ?

''രണ്ടു മാസമായി നീയീ തോട്ടത്തിൽ പണിയെടുക്കുന്നു. എന്നിട്ടും നിനക്കിതിലെ പുളിയുള്ളതും മധുരമുള്ളതും തിരിയില്ലെന്നൊ?''ദേഷ്യത്തോടെയാണയാൾ ചോദിച്ചത്.

''സത്യമായും യജമാനരെ, ഇന്നുവരെ ഞാനിതിലെ ഒരു മുന്തിരി പോലും രുചിച്ചു നോക്കിയിട്ടില്ല.'' ധീരമായ എന്നാൽ നിഷ്കളങ്കമായ മുബാറക്കിന്റെ മറുപടി അയാളിൽ അത്ഭുതമുണ്ടാക്കി.

''യജമാനൻ, അങ്ങെനെയേൽപിച്ചത് ഈ തോട്ടം നോക്കാനായിരുന്നു. ഞാനതു ഭംഗിയായി നിർവഹിച്ചു കൊണ്ടിരിക്കുന്നു. ഇതിലെ ഫലങ്ങൾ ഭക്ഷിക്കാൻ താങ്കളെനിക്ക് അനുവാദം തന്നിരുന്നില്ലല്ലൊ. അങ്ങെന്തു കല്പിച്ചുവൊ ഞാനതു ചെയ്തു. താങ്കളുടെ കല്പനയെ ധിക്കരിക്കാൻ, മുതലിൽ വഞ്ചന കാട്ടാൻ എനിക്കാവില്ലായിരുന്നു. ആകാശ ഭൂമികളിലെ രഹസ്യം അല്ലാഹു അറിയാതെ പോകുന്നില്ലല്ലൊ.''

ധീരനായ, സത്യസന്ധനായ, ദൈവബോധമുള്ള ഭൃത്യൻ! ആശ്ചര്യം! എന്തുപറയണമെന്നറിയാതെ അയാൾ അല്പനേരം തലകുനിച്ചിരുന്നു. അലോസരപ്പെടുത്തിക്കൊണ്ടിരുന്ന പ്രശ്നത്തിന് ഒരു പരിഹാരമാർഗം തുറക്കപ്പെടുകയായിരുന്നു അയാളുടെ മനസിലപ്പോൾ. ശുദ്ധനും വിശ്വസ്തനുമായ ഈ മനുഷ്യനു സമ്മാനമായി നൽകാൻ തന്റെ കയ്യിലെന്തുണ്ട്; ഏറെ സമ്പന്നർ വിവാഹത്തിനു കൊതിച്ച സുന്ദരിയും സുശീലയുമായ തന്റെ പുത്രിയല്ലാതെ?! പക്ഷേ, കാര്യം ലളിതമല്ല, മുമ്പിൽ കടമ്പകളുണ്ട്. പക്ഷേ, എല്ലാം ലളിതമാക്കുന്നവൻ അല്ലാഹുവാണല്ലൊ. അയാൾ പറഞ്ഞു:

''മുബാറക്, നീ വിവേകിയും ചിന്താശേഷിയുമുള്ളവനാണ്. ഗൗരവമായ ഒരു പ്രശ്നത്തിന് എനിക്ക് നിന്റെ അഭിപ്രായം ആരായണമെന്നുണ്ട്.''

''പറഞ്ഞോളൂ, പക്ഷേ, ഞാനൊരടിമ മാത്രമാണ്. എന്റെ കഴിവിലൊതുങ്ങിയതെന്തും ഞാനങ്ങേക്കു വേണ്ടി ചെയ്യും'' മുബാറക് പറഞ്ഞു.

''ശരി, ഞാനിന്നൊരു പ്രതിസന്ധിയിലാണ്. ഒരുപാട് പേരിൽ നിന്നായി എന്റെ മകൾക്ക് കല്യാണാലോചനകൾവന്നുകൊണ്ടിരിക്കുന്നു. എല്ലാവരും മികച്ചവർ. പക്ഷേ, അവരിലാർക്കാണ് അവളെ വിവാഹം കഴിച്ചു കൊടുക്കേണ്ടത് എന്ന ചിന്തയിലാണ് ഞാനിപ്പോൾ. നീയെന്തു പറയുന്നു?'' അയാൾ ചോദിച്ചു.

''യജമാനൻ, ജാഹിലിയ്യാ കാലത്ത് ആളുകൾ വിവാഹരംഗത്ത് പരിഗണിച്ചിരുന്നത് തറവാട്, കുലം, മറ്റു മഹിമകളൊക്കെയായിരുന്നു. ജൂതക്രൈസ്തവരുടെ പരിഗണന മുഖസൗന്ദര്യവും മറ്റാകാരസൗഷ്ടവുമൊക്കെയാണ്. പ്രവാചക കാലത്ത് മതനിഷ്ഠയും ഭക്തിയുമൊക്കെയായിരുന്നു. ഇന്നത്തെ ജനങ്ങൾക്കു വേണ്ടത് പണവും പ്രതാപവുമൊക്കെയാണ്. ഇതിലേതെങ്കിലുമൊന്ന് താങ്കളുടെ മകൾക്കു വേണ്ടി തെരെഞ്ഞെടുക്കുക.''

മുബാറക്കിന്റെ ഓരോ വാക്കും അയാളിൽ ഏറെ ചലനങ്ങളുണ്ടാക്കി. അവനോടയാൾക്ക് സ്നേഹവും മതിപ്പും വർദ്ധിക്കുകയായിരുന്നു. അറിവും യുക്തി ബോധവുമുള്ള ഒരാളിൽ നിന്നുമാത്രമേ ഇത്തരം വാക്കുകൾ ഉണ്ടാകൂ.

''ഞാൻ മതനിഷ്ഠയും ഭക്തിയും തെരഞ്ഞെടുക്കുന്നു, മുബാറക്....'' അയാൾ പറഞ്ഞു. ''മാത്രമല്ല, അവ രണ്ടും നിന്നിൽ ഞാൻ കാണുകയും ചെയ്യുന്നു. അതിനാൽ എന്റെ മകളെ നിനക്കു വിവാഹം ചെയ്തു തരാൻ ഞാൻ തീരുമാനിച്ചിരിക്കുന്നു.''

''യജമാനൻ, എന്താണിത്? അങ്ങു കാശുകൊടുത്തു വാങ്ങിയ ഒരടിമ മാത്രമാണ് ഞാൻ. താങ്കളുടെ പുത്രീവരനായി എന്നെ തൃപ്തിപ്പെടാൻ താങ്കൾക്കാവുന്നതെങ്ങനെ?'' നിറഞ്ഞ ആശ്ചര്യമായിരുന്നു അയാൾക്ക്.

അതെ, അതൊരു കടമ്പയായിരുന്നു. താൻ വിലകൊടുത്തു വാങ്ങിയ ഒരടിമയുടെ ഭാര്യയാകാൻ തന്റെ മകൾ സമ്മതിക്കുമൊ? ഇതറിഞ്ഞാൽ എന്തായിരിക്കും അവളുടെ പ്രതികരണം? അവൾക്കുമുണ്ടാവില്ലെ പ്രതിശ്രുതവരനെക്കുറിച്ചും ദാമ്പത്യ ജീവിതത്തെക്കുറിച്ചുമൊക്കെയുള്ള സങ്കല്പങ്ങളും പ്രതീക്ഷകളും?''

''വരൂ, മുബാറക്'' അവരിരുവരും വീട്ടിലേക്കു നടന്നു. മകളെ വിളിച്ച് അടുത്ത് നിർത്തി അയാൾ പറഞ്ഞു: ''മോളെ, ഇത് മുബാറക്. നമ്മുടെ തോട്ടത്തിൽ പണിയെടുക്കുന്ന അടിമ. ഭക്തനും വിശ്വസ്തനും സൽഗുണ സമ്പന്നനുമാണ് ഇവൻ. നിന്നെ ഇദ്ദേഹത്തിനു വിവാഹം ചെയ്തുകൊടുക്കാനാണ് ഉപ്പയുടെ ആഗ്രഹം. നീയെന്തു പറയുന്നു? ''

സങ്കീർണ്ണമാണീ രംഗം. അവൾക്കെന്തുവേണമെങ്കിലും പറയാം. ഇസ്ലാമിൽ അവൾക്കതിനുള്ള അവകാശമുണ്ട്. പിതാവിന്റെ മുഖത്തു നോക്കി പൊട്ടിത്തെറിക്കാം. 'സൗന്ദര്യവും തറവാടിത്തവുമുള്ള എനിക്ക് ഈ അടിമയുമായുള്ള വിവാഹം വേണ്ട'. അവൾക്കു തീർത്തു പറയാം. പക്ഷേ, ആ മകളെന്തു പറഞ്ഞു?

''ഉപ്പാ, ഞാനുപ്പാന്റെ മോളല്ലെ. ഇതുവരേയും എന്റെ കാര്യങ്ങൾ ഉപ്പാന്റെ കൈകളിലായിരുന്നില്ലെ. ഉപ്പയുടെ വാക്കു നിരസിക്കാൻ, ആഗ്രഹത്തിനു എതിരുനിൽക്കാൻ ഈ മകൾക്കാവില്ലുപ്പാ. എനിക്കു വേണ്ടി തൃപ്തിയോടെ ഉപ്പ തെരഞ്ഞെടുക്കുന്ന ഏതൊരു പുരുഷനേയും എനിക്കിഷ്ടമാണ്, നൂറുവട്ടം.''

പിന്നീടവരുടെ വിവാഹം സമംഗളം നടന്നു. സംതൃപ്തമായ കുടുംബജീവിതത്തിൽ അവർക്കൊരു കുഞ്ഞു – അബ്ദുല്ല. 'ഇബ്നു മുബാറക്' എന്ന പേരിൽ, ഭക്തിയിലും, സുഖഭോഗവിരക്തിയിലും, ഇസ്ലാമിക കർമശാസ്ത്ര മേഖലയിലും പിൽകാലത്ത് വിശ്രുതനായ മഹാൻ! പിതാവിനെ അനുസരിച്ച പുത്രിക്കും വിശ്വസ്തനായ ഭൃത്യനും അവരുടെ ദാമ്പത്യത്തിലൂടെ അല്ലാഹു നൽകിയ ഐഹിക പ്രതിഫലം! (അൽ മർഅത്തുൽ മുസ്ലിമ അമാമത്തഹദ്ദിയാത്ത്. പേ. 132, 133, 134)

# [5]
## വിശ്വാസിനി ധർമ നിഷ്ഠയുള്ള ഭാര്യ

ഭർത്താവിനോട് അനുസരണയുള്ളവളാണ് വിശ്വാസിനി. അവന്റെ സ്നേഹം സദാ കൊതിക്കുന്നവൾ. ഭർത്താവിനെ വെറുപ്പിക്കുന്ന, വേദനിപ്പി ക്കുന്ന ചെയ്തികളിൽ നിന്നൊക്കെ അവളകന്നു നിൽക്കാൻ ശ്രമിക്കും. അവ ൾ പഠിച്ചുവെച്ച ഒരു പ്രവാചക വചനമുണ്ട്:

‘‘അഞ്ചുനേരത്തെ നമസ്കാരം നിർവ്വഹിച്ച, സ്വന്തം ചാരിത്ര്യം കാത്തു സൂക്ഷിച്ച, ഭർത്താവിനെ അനുസരിച്ച ഒരു സ്ത്രീക്ക്, അവളുദ്ദേശിക്കുന്ന ഏതുവാതിലിലൂടെയും സ്വർഗത്തിൽ പ്രവേശിക്കാം.’’ (ഇബ്നു ഹിബ്ബാനിന്റെ സ്വഹീഹിൽ) ദാമ്പത്യ ജീവിതത്തിൽ ഈ തിരുവചനം അവൾക്കെന്നും വഴി കാട്ടിയാണ്.

തന്റേയും തന്റെ കുടുംബക്കാരുടേയും താത്പര്യങ്ങളെക്കാൾ ഭർത്താ വിന്റെ താത്പര്യങ്ങൾക്ക് പരിഗണന നൽകുക വിശ്വാസിനിയുടെ സ്വഭാവമാ ണ്. അവന്റെ സംതൃപ്തിയും സന്തോഷവുമാണ് അവളുടേതും. ഭർത്താവി നോട് അഹങ്കരിക്കാനും നാക്കിട്ടടിക്കാനും അവഗണിക്കാനും വിശ്വാസിനി യായ ഭാര്യക്കാവില്ല. വശ്യമായ നോട്ടവും പ്രേമമാർന്ന പെരുമാറ്റവും കരു ണാർദ്രമായ മനോഹഭാവവുമായിരിക്കും ഭർത്താവിനോട് അവൾക്കെന്നും.

പ്രിയതമന്റെ കൊച്ചുകൊച്ചു തെറ്റുകൾക്കും പോരായ്മകൾക്കും നേരെ കണ്ണടക്കാനും കുടുംബ ഭദ്രതക്ക് കാര്യങ്ങളിൽ നിന്നും മാറി നിൽക്കാനും ഒരു ഭാര്യ ശീലിച്ചിരിക്കണം. ഭർത്താവിനെ ആദരിക്കാനും വാക്കുകളെ മാനി ക്കാനും തയ്യാറാവണം. വീട്ടിൽ നിന്നിറങ്ങുമ്പോൾ പടിക്കലോളം ചെന്ന് യാത്രയാക്കാനും തിരിച്ചു വരുമ്പോൾ വാതിൽക്കൽ ചെന്ന് പുഞ്ചിരിയോടെ സ്വീകരിക്കാനും പഠിക്കണം. ക്ഷീണിച്ചെത്തുന്ന ഭർത്താവിന്റെ മുഖഭാവമ റിഞ്ഞ് അവന്റെ ആവശ്യങ്ങൾ എത്തിച്ചു കൊടുക്കണം.

താൻ അണിഞ്ഞൊരുങ്ങുന്നത്, സുഗന്ധമണിയുന്നത് ഒരു ഹൂറിയെ പ്പോലെ തിളങ്ങുന്നത് തന്റെ ഭർത്താവിനു വേണ്ടിയാണെന്ന ബോധം ഒരു ഭാര്യക്കുണ്ടാവണം, അവന്റെ അസാന്നിദ്ധ്യത്തിൽ അവർക്കെന്തിനീ അണി ഞ്ഞൊരുങ്ങൽ.

ഭർതൃമതിയായ വിശ്വാസിനി ഭർത്തൃഗൃഹത്തിലെ ധർമങ്ങൾ തന്റെ ഉമ്മ യിൽ നിന്നു തന്നെ നേടിയിരിക്കും. ഒരു ഉമ്മ തന്റെ പുത്രിക്കു നൽകുന്ന ഉപ ദേശം കേൾക്കൂ:

''മോളെ, ഭർതൃഗൃഹത്തിൽ നീയെപ്പോഴും വൃത്തിയോടെയിരിക്കണം, ശാരീരികകാന്തിയാണ് മുഖ കാന്തി നൽകുന്നത്. നിന്നോട് കൂടുതൽ സ്നേഹം കാട്ടാൻ ഭർത്താവിനെയതു പ്രേരിപ്പിക്കും. എച്ചിലുപിടിച്ച പെണ്ണ് എപ്പോഴും ഒരധികപ്പറ്റായിരിക്കും. ആരും അടുക്കാനും ലോഹ്യം പറയാനും വരില്ല. ഇതെപ്പോഴും നിന്റെ ഓർമ്മയിലുണ്ടാകണം''

''മോളെ, ഭർത്താവിനെ സ്വീകരിക്കുമ്പോഴൊക്കെ പുഞ്ചിരിയോടെയാവണം. പ്രേമം ശരീരമാണെങ്കിൽ മുഖപ്രസന്നത അതിന്റെ ആത്മാവാണ്. ഭർത്താവോടൊത്തുള്ള സംതൃ പ്ത ജീവിതമാണ് യഥാർത്ഥ ദാമ്പത്യം. അവനെ അനുസരിക്കാനും അവന്റെ ആവശ്യങ്ങളറിഞ്ഞ് പ്രവർത്തിക്കാനും നീ ശ്രദ്ധകാട്ടണം. നിന്നിൽ നിന്നും അവൻ നന്മയേ കാണാവൂ. നിന്നിൽ നിന്നും സുഗന്ധമേ അവനാസ്വദിക്കാവൂ''

''നോക്കൂ, ഭാര്യയുടെ ആദ്യ കടമ ഭർത്താവിന്റെ ചിട്ടകളെന്തൊക്കെയാണ് എന്നറിയലാണ്. ഭക്ഷണ സമയമേത്, ഉറങ്ങുന്നതെപ്പോൾ തുടങ്ങിയവ. കാരണം വിശപ്പും നിദ്രയും മനുഷ്യനെ ഭ്രാന്തുപിടിപ്പിക്കുന്നവയാണ്. ഭർത്താവിന്റെ വികാരങ്ങളിൽ അതേപോലെ സഹകരിക്കുന്നതിലാണ് ഭാര്യയുടെ വിജയം. അവൻ മാനസികവ്യഥയനുഭവിക്കുമ്പോൾ ഭാര്യ അമിതസന്തോഷം കാണിച്ചാൽ – നേരെ മറിച്ചായാൽ, അത് പ്രശ്നമുണ്ടാക്കിയേക്കും''

''മോളെ, ഒക്കെ അറിഞ്ഞു പ്രവർത്തിക്കുക. നീയാഗ്രഹിച്ച കാര്യങ്ങൾ ചെയ്യുമ്പോൾ ഭർത്താവിന്റെ ഇംഗിതമറിയാൻ പ്രത്യേകം ശ്രദ്ധിക്കണം. നിനക്കു നല്ലതേ വരൂ.'' *(അൽ മർഅത്തുൽ മുസ്ലിമ അമാമത്തഹദ്ദിയാത്ത്, പേ. 458)*

പടച്ചവന്റെ ദാസികളെ, വിശ്വാസിനിയായ ഭാര്യയുടെ ഭർത്താവൊത്തുള്ള ജീവിതരേഖയാണ് മുകളിൽ കണ്ടത്. പ്രവാചക തിരുമേനി (ﷺ) പറഞ്ഞു:

''അവളെ നോക്കിയാൽ ഭർത്താവിനെയവൾ സന്തോഷിപ്പിക്കും. അവൻ കൽപിച്ചാൽ അവളനുസരിക്കും. അവന്റെ അസാന്നിദ്ധ്യത്തിൽ അവന്നു വേണ്ടതെല്ലാം കാത്തു സൂക്ഷിക്കും.'' (നസാഇ, ഹാകിം, അഹ്മദ്)

തിരുമേനി(ﷺ) വീണ്ടും പറഞ്ഞു: ‘‘ഭർത്താവിന്റെ മനസിൽ സ്നേഹ സംതൃപ്തികളവശേഷിപ്പിച്ച് ഏതൊരു സ്ത്രീ മരിച്ചു പോകുന്നുവോ അവൾ സ്വർഗത്തിലാണ്’’ (ഇബ്നു മാജ, തിർമിദി)

തനിക്കും സന്താനങ്ങൾക്കും വേണ്ടി രാപകലധ്വാനിക്കുന്ന ഭർത്താവിന്റെ വിലയും നിലയും സത്യവിശ്വാസിനിയായ ഭാര്യക്കറിയാം. പ്രവാചക തിരു മേനി(ﷺ) പറഞ്ഞു:

‘‘ഏതെങ്കിലുമൊരു മനുഷ്യന് സാഷ്ടാംഗം ചെയ്യാൻ ആരോടെങ്കിലും ഞാൻ കല്പിക്കുമായിരുന്നെങ്കിൽ അത് ഭാര്യയോട് സ്വന്തം ഭർത്താവിന് സാഷ്ടാംഗം ചെയ്യാനായിരിക്കും.’’ (തിർമിദി)

ഭർതൃഗൃഹത്തിലെ ഭരണാധികാരിയാണ് താനെന്ന നിലയിൽ വീടൊരു ക്കുന്നതിലും വീട്ടുകാര്യങ്ങൾ നിയന്ത്രിക്കുന്നതിലും ഒരു ഭാര്യക്ക് അമിതമായ പങ്കുണ്ട്.

ഒരു സംഭവ കഥ. വിവാഹം കഴിഞ്ഞ് ആദ്യരാത്രിയെക്കുറിച്ച് പുതുസങ്ക ല്പങ്ങളും സ്വപ്നങ്ങളുമുള്ള യുവതീയുവാക്കൾക്ക് ഇത് അസംഭവ്യമായി തോന്നിയേക്കാം. ശുറൈഹുൽ ഖാദി(﵁)യുടെ ജീവിത സഖിയായി വന്ന സൈനബ് ബിൻത് ജരീറി(﵁)ന്റെ കഥയാണിത്. അത് ശുറൈഹ തന്നെ പറ യട്ടെ:

‘‘എന്റെ ആദ്യരാത്രി. മണിയറയിലേക്ക് ചെന്നു ഞാൻ രണ്ടു റക്അത്ത് സുന്നത്ത് നമസ്കരിച്ചു. എന്റെ ഭാര്യയും നമസ്കരിക്കുകയായിരുന്നു. അതിനു ശേഷം കട്ടിലിൽ നമ്രശിരസ്കയായിരിക്കുന്ന നവവധുവിനരികിലേ ക്ക് ഞാൻ ചെന്നു. കുനിഞ്ഞ മുഖം പിടിച്ചുയർത്തി ഞാനവളെ എന്നിലേക്ക് ചേർത്തി. അപ്പോൾ:

‘‘പ്രിയനേ, ഒരല്പം ക്ഷമിക്കുക. കുറച്ചു കാര്യങ്ങൾ ഞാനങ്ങയോടു സംസാരിച്ചോട്ടെ.’’ നാണത്തോടെയാണെങ്കിലും അവൾ ചോദിച്ചു.

‘‘രണ്ടു ധ്രുവങ്ങളിലായിരുന്ന നമ്മൾ ഇതുവരെ അപരിചിതരാണ്. നിങ്ങ ളുടെ ഇഷ്ടങ്ങളും അനിഷ്ടങ്ങളും എനിക്കറിഞ്ഞുകൂടാ. പറഞ്ഞു തന്നാൽ അക്കാര്യങ്ങളിൽ എനിക്ക് സൂക്ഷ്മത പാലിക്കാൻ കഴിയുമായിരുന്നു....’’

''നോക്കൂ, നിങ്ങളുടെ കുടുംബത്തിൽ മറ്റെത്രയോ യുവതികളുണ്ട്. അവരിലാരെയെങ്കിലും നിങ്ങൾക്കു വിവാഹം ചെയ്യാമായിരുന്നു. എന്റെ കുടുംബത്തിലും ധാരാളം യുവാക്കളുണ്ട്. അവരിലൊരാളെ എനിക്ക് തെരഞ്ഞെടുത്താൽ മതിയായിരുന്നു. പക്ഷേ, എല്ലാം അല്ലാഹുവിന്റെ വിധിക്കനുസരിച്ചല്ലെ നടക്കൂ.....''

അവൾ പിന്നെയും പറഞ്ഞുകൊണ്ടിരുന്നു. പ്രിയതമയുടെ പ്രഥമ വാക്കുകൾ എന്നെ കോരിത്തരിപ്പിച്ചു. എനിക്കഭിമാനം തോന്നി. ഞാൻ പറഞ്ഞു:

''സൈനബ്, നിന്റെ വാക്കുകൾ സത്യസന്ധമാണെങ്കിൽ, നിന്നെയെന്റെ ഭാഗ്യമായി കാണുകയാണു ഞാൻ. ഇന്നതിഷ്ടം ഇന്നതനിഷ്ടം എന്നൊന്നും ഞാൻ വിശദീകരിക്കുന്നില്ല. ഏതൊരു നല്ല കാര്യം കാണുന്നുവോ അതിനോടു താത്പര്യം കാട്ടുക. മോശമായവയോട് അകൽച്ചയും സൂക്ഷ്മതയും കാണിക്കുക.''

''സംഭാഷണങ്ങൾക്കൊടുവിൽ ഞങ്ങൾ യഥാർത്ഥ യുവമിഥുനങ്ങളായി. സുന്ദരമായ രാത്രി. വർഷങ്ങളായി ഇന്നും അവളോടൊത്തു ജീവിക്കുന്നു. നന്മയല്ലാതെ ഞാനവളിൽ കണ്ടിട്ടേയില്ല.''

ജീവിത നിഷ്ഠയും മതബോധവുമുള്ള ഒരു മാതാവു വളർത്തിയെടുത്ത ഗുണവതിയായ ഒരു സ്ത്രീയുടെ ചിത്രമാണിത്. സ്വന്തം ഭർത്താവിന്റെ പൂർണ തൃപ്തിയും 'അവളിൽ നന്മയല്ലാതെ കണ്ടിട്ടില്ല' എന്ന ആത്മാർത്ഥമായ അഭിനന്ദനവും നേടിയെടുക്കുന്ന ഒരു സ്ത്രീയേക്കാൾ ഭാഗ്യവതിയായ ഭാര്യ വേറെയാരുണ്ട്.

അബൂബക്കർ(ﷺ)വിന്റെ പുത്രൻ അബ്ദുർഹ്മാന്റെ ഭാര്യയാണ്, അംറ് ബ്നു നുഫൈലിന്റെ പുത്രി ആതിഖ(ﷺ) അതീവ സുന്ദരിയായിരുന്നു അവർ. ഖുറൈശി വനിതകൾക്കിടയിലെ ഏറ്റവും നല്ല സ്വഭാവക്കാരി. മൃദുലമായ സംസാരവും ഒതുങ്ങിയ പെരുമാറ്റവും അവരെ വിശിഷ്ടയാക്കുന്നു.

അബ്ദുർഹ്മാനും സുമുഖൻ തന്നെ. മതകാര്യങ്ങളിലും ആരാധനകളിലുമൊക്കെ നിഷ്കർഷയുള്ളവൻ. ഇരുവരും അനുയോജ്യരായ ഇണകൾ. ആത്തിഖ(ﷺ)യുടെ ആകാര സൗഷ്ഠവവും സ്വഭാവമഹിമയും പെരുമാറ്റ ലാളിത്യവും അദ്ദേഹത്തെ ആഴത്തിൽ സ്വാധീനിച്ചു. അതുകൊണ്ടു തന്നെ

ഏതു സമയവും തന്റെ പ്രിയതമയുടെ സാമീപ്യമറിഞ്ഞ്, കളിച്ചും ചിരിച്ചും കഥപറഞ്ഞും കഴിയാൻ അദ്ദേഹം താത്പര്യമെടുത്തു. ഇതു പക്ഷേ, പിതാവ് അബൂബക്കർ (ﷺ) വിൽ ഭയമാണുണ്ടാക്കിയത്. സ്വന്തം തൊഴിലിൽ നിന്നും മതകർമ്മങ്ങളിൽ നിന്നു പോലും മകനെ ഇത് വിമുഖനാക്കുമൊ എന്നദ്ദേഹം സന്ദേഹിച്ചു. മകനെ വിളിച്ചു വരുത്തി ഒരിക്കലദ്ദേഹം പറഞ്ഞു:

''മകനെ, നിന്റെ ഭാര്യ നീയതുവരെ ശീലിച്ചുവന്ന നിഷ്ഠകളിൽ നിന്നൊക്കെ നിന്നെ തെറ്റിക്കുമോ എന്നു ഞാൻ സംശയിക്കുന്നു. അവളെ വിവാഹമോചനം ചെയ്യുന്നതാണ് നിനക്കു കരണീയം.''

''ഇല്ല വാപ്പ, എനിക്കതിനു കഴിയില്ല.'' മകൻ മറുപടി പറഞ്ഞു:

പക്ഷേ, പിതാവിന്റെ നിർബന്ധത്തിനൊടുവിൽ അദ്ദേഹം ആത്തിഖയെ വിവാഹമോചനം ചെയ്തു. അതൊരു തുടക്കമായിരുന്നു. അബ്ദുറഹ്മാന്റെ ജീവിതമാകെ തകിടം മറിഞ്ഞതു പോലെ. ഏതു നേരവും ദുഃഖം. നേരത്തിനു ഭക്ഷണം കഴിക്കലില്ല. വിവാഹമോചിതയായ തന്റെ വത്സലസഖിയെയോർത്ത് നൊമ്പരപ്പെട്ട മനസുമായ് അദ്ദേഹം രാപ്പകലുകൾ തള്ളി നീക്കി. ഈ അവസ്ഥ കണ്ട പലരും അബൂബക്കറി(ﷺ)നോടു പറഞ്ഞു:

''താങ്കൾക്ക് മകനെ കൊലക്കു കൊടുക്കാനാണൊ ഉദ്ദേശ്യം? തന്റേതല്ലാത്ത കാരണങ്ങളാൽ ത്വലാഖു ചൊല്ലേണ്ടി വന്ന ഭാര്യയെയോർത്ത് എന്നുമവൻ ദുഃഖത്തിലാണ്. അവളുടെ സ്വഭാവ നൈർമല്യവും സ്നേഹോഷ്മള പരിചരണങ്ങളും സദാ ഓർക്കുന്ന അവനെ താങ്കളുടെ ഈ നടപടി വഷളാക്കുകയേ ഉള്ളൂ. അതിനാൽ താങ്കളൊരു വീണ്ടുവിചാരം നടത്തുന്നതാണു നല്ലത്.''

അദ്ദേഹം തന്റെ മകന്നരിലേക്കു ചെന്നു. മണ്ണിൽ മലർന്നു കിടന്നു പാടുകയാണവൻ. അദ്ദേഹം കാതോർത്തു. വേർപിരിഞ്ഞ ഭാര്യയുടെ അപദാനങ്ങൾ മതിമറന്നു പാടുകയാണ് തന്റെ മകൻ. അദ്ദേഹത്തിന്റെ മനസലിഞ്ഞു. ''മോനെ....'' അദ്ദേഹം മകന്റെ അടുത്തിരുന്നു. ''.....ജീവനുള്ളിടത്തോളം കാലം നിനക്കവളെ മറക്കാനാവില്ല എന്നു ഞാൻ മനസിലാക്കുന്നു. സാരമില്ല. നീയവളെ തിരിച്ചെടുക്കുക.''

അബ്ദുറഹ്മാൻ(ﷺ) ആത്തിഖ(ﷺ)യെ തിരിച്ചെടുത്തു. പ്രവാചകനോടൊപ്പം പങ്കെടുത്ത ത്വാഇഫ് യുദ്ധത്തിൽ അദ്ദേഹം വീരരക്തസാക്ഷിത്വം വഹിക്കുന്നതു വരെ ആ ദമ്പതികളുടെ ജീവിതം സൗഭാഗ്യസുരഭിലമായിരുന്നു. പ്രിയതമന്റെ വേർപാടിൽ ആ മഹിള എത്രകണ്ടു വേദനിച്ചിരിക്കണം.

സഹോദരീ, നിർമല സ്വഭാവം കൊണ്ട്, സരളവും മൃദുലവുമായ സംസാരം കൊണ്ട് സ്നേഹാർദ്രമായ പെരുമാറ്റം കൊണ്ട് ആത്തിഖ(ﷺ) തന്റെ ഭർത്താവിന്റെ ഹൃദയം കവർന്നത് നീ കണ്ടുവോ? ഭർത്താവിനിഷ്ടപ്പെട്ട, ഭർത്താവിനാൽ വാഴ്ത്തപ്പെട്ട ഉത്തമഭാര്യയായിത്തീർന്നതെങ്ങനെയെന്നും? എന്തേ നിനക്കും അവരെപ്പോലൊരു ഭാര്യയാവാൻ ആവില്ലെ?

ഭാര്യയെന്ന നിലക്കുള്ള സകല ധർമ്മങ്ങളും കഴിവിൽപ്പെട്ടേടത്തോളം നിർവഹിക്കുമ്പോഴും ഒരു സത്യവിശ്വാസിനിയുടെ ബാധ്യതകൾ അവൾ മറന്നുകൂടാ. അഥവാ ഭർത്താവിനോട് സ്നേഹാദരവുകൾ കാണിക്കാനും അവനോടൊത്ത് കളിചിരിയിലേർപ്പെടാനും ശ്രദ്ധകാട്ടുമ്പോഴും അവന്റെയൊരു ഉത്തമ ഉപദേശിയാവാനും ശ്രദ്ധിക്കണമെന്നർത്ഥം. നല്ല കാര്യങ്ങളിലേക്ക് ഭർത്താവിനെ വഴിതിരിച്ചു വിടാനും അതിൽ, തന്നാൽ കഴിയുന്ന സഹായങ്ങൾ ചെയ്യാനും അവന്റെ വീഴ്ചകൾ തിരുത്താനും ഭർത്താവിനോടുള്ള സ്നേഹാദരവുകൾ ഒരു സത്യവിശ്വാസിനിക്ക് തടസമായി നിന്നുകൂടാ, എന്നല്ല, അതാണു യഥാർത്ഥ സ്നേഹം.

ജീവിതായോധനത്തിന് പുറത്തിറങ്ങുന്ന കുടുംബനാഥനോട് ദൈവബോധം മുറുകെ പിടിക്കാനും നല്ല സമ്പാദ്യം മാത്രം ആർജിക്കാനും ഉപദേശിക്കുന്നത് സത്യവിശ്വാസിനിയല്ലാതെ മറ്റാരാണ്? സച്ചരിതകളായ മുൻകാല മുസ്ലിം വനിതകൾ തന്റെ ഭർത്താവോ, സഹോദരനോ, പിതാവോ ധനസമ്പാദനത്തിനായി വീടു വിട്ടിറങ്ങുമ്പോൾ ഉപദേശിക്കുമായിരുന്നു. ''നോക്കൂ, ഹറാമായ സമ്പാദ്യത്തെ സൂക്ഷിക്കണേ, വിശപ്പും അതിന്റെ ക്ലേശങ്ങളും ഞങ്ങളെത്ര വേണമെങ്കിലും സഹിക്കാം. പക്ഷേ, നാളെ നരകാഗ്നിയുടെ ചൂടു താങ്ങാൻ ഞങ്ങൾക്കാവില്ലകെട്ടൊ''. (ഇമാം ഗസാലി തന്റെയൊരു ഗ്രന്ഥത്തിൽ ഇത് രേഖപ്പെടുത്തിയിട്ടുണ്ട്.)

ഇത് പഴയ കഥ. ഇന്നങ്ങനെയല്ല. ഒരു പിതാവ്, സഹോദരൻ, ഭർത്താവ് വീട്ടിൽ നിന്നിറങ്ങുമ്പോൾ ഒരു സ്ത്രീയുടെ നിർദ്ദേശങ്ങളെന്തായിരിക്കും? '........' മാസിക വാങ്ങാൻ മറക്കല്ലെ, 'ഇന്നലെയും മറന്നു, ഇന്ന് തീർച്ചായും ആ സിനിമാ കാസറ്റു കൊണ്ടു വരണം' എന്നിങ്ങനെ അല്ലെ? തികച്ചും ഐഹികാവശ്യങ്ങൾ മാത്രം, നശ്വര വിഭവങ്ങൾ മാത്രം കൊതിക്കുന്നവളായിത്തീർന്നിരിക്കുന്നൂ, മുസ്ലിം സ്ത്രീകളിലേറെയും.

അല്ലാഹുവിനെ സൂക്ഷിക്കാനും രഹസ്യ പരസ്യങ്ങളിൽ അവന്റെ സാന്നിധ്യത്തെ ഓർമ്മിക്കാനും ഉപദേശിക്കുന്ന മഹിളകൾ വളരെ തുച്ഛമാണിന്ന്.

ഹാ, പൂർവകാല മുസ്‌ലിം വനിതകൾ, അവരെത്ര സച്ചരിതകളായിരുന്നു....! അന്ധകാരാവൃതമായ ആകാശത്തിലെ തിളങ്ങുന്ന താരങ്ങളായിരുന്നല്ലൊ അവർ.....! അല്ലാഹു തൃപ്തിപ്പെട്ട, അല്ലാഹുവിനെ തൃപ്തിപ്പെട്ട മഹിതമണിരത്നങ്ങൾ...!

ഭർത്താവിന്റെ മതനിഷ്ഠയിലെ അലസതയോ കൃത്യനിർവഹണത്തിലെ വീഴ്ചയൊ കണ്ടാൽ ആ നിമിഷം അവനെ ഉപദേശിക്കുവാൻ മുൻകാല വിശ്വാസിനികൾ ശ്രദ്ധിച്ചിരുന്നു.

ഇതൊരു യുദ്ധകഥ, ഹിന്ദ് ബിൻത് ഉത്ബ(ﷺ)യെന്ന മഹതിയാണ് ഇതിലെ കഥാനായിക. യർമൂക്ക് രണാങ്കണത്തിൽ ഘോരമായ യുദ്ധം നടക്കുകയാണ്. റോമിന്റെ അംഗബലവും മുസ്‌ലിംകളുടെ വിശ്വാസബലവും തമ്മിലാണു പോരാട്ടം. ശത്രുപക്ഷത്തിന്റെ ശക്തമായ ആക്രമണത്താലാണെന്നു തോന്നുന്നു, വലതുവിംഗിലെ മുസ്‌ലിം കുതിരപ്പട പിന്തിരിഞ്ഞോടുകയാണ്. യുദ്ധസന്നിഹിതയായിരുന്ന ഹിന്ദ് ഇതുകണ്ടു. അവരട്ടഹസിച്ചു.

''പടയാളികളെ, നിങ്ങളെങ്ങോട്ടോടുന്നു? അല്ലാഹുവിൽ നിന്നും അവന്റെ സ്വർഗത്തിൽ നിന്നുമാണൊ നിങ്ങൾ ഒളിച്ചോടുന്നത്? തിരിച്ചു വന്ന് ശത്രുക്കളോട് പോരാടൂ''

''ഇതിനിടയിലാണ് അവരത് കണ്ടത്. തന്റെ ഭർത്താവ് അബൂസുഫ്‌യാനും(ﷺ) പിന്തിരിഞ്ഞോടുന്നു. കയ്യിലുണ്ടായിരുന്ന മരക്കഷ്ണം കൊണ്ട് ഹിന്ദ് അദ്ദേഹത്തിന്റെ കുതിരയുടെ മുഖത്ത് ആഞ്ഞടിച്ചു.''

''ഇബ്നു സഖർ, താങ്കളെങ്ങോട്ടോടുന്നു? യുദ്ധക്കളത്തിലേക്ക് തിരിച്ചു ചെല്ലൂ. താങ്കളുടെ ധീരത അവിടെയാണ് കാണേണ്ടത്. ഉം! പോകൂ ! മുമ്പ് റസൂലിനെതിരെ താങ്കൾ നടത്തിയ യുദ്ധങ്ങൾക്ക് ഇതൊരു പരിഹാരമാവട്ടെ.''

ഈ രംഗം ഓർത്തു കൊണ്ട്, യർമൂക്ക് യുദ്ധത്തിൽ പങ്കെടുത്ത സുബൈർ ബ്നു അവ്വാം(ﷺ) പറയുന്നു:

''ഹിന്ദ് തന്റെ ഭർത്താവ് അബൂ സുഫ്‌യാനെ നോക്കി ഈ വാക്കുകൾ പറയുമ്പോൾ, മുമ്പ് റസൂലിനോടൊപ്പം ഞങ്ങൾ ക്ഷീണിതരായി നിന്ന ഉഹദിന്റെ ദിനം ഞാനോർത്തുപോയി.....!''

അങ്ങനെ ഒരു സ്ത്രീ പകർന്ന ധൈര്യം റോം സൈന്യത്തെ അതിജയിക്കാൻ മുസ്‌ലിംകൾക്ക് പ്രചോദനമായി!

തന്റെ ബാധ്യതയിൽ നിന്നും ഒളിച്ചോടുന്ന സ്വഭർത്താവിനെ പടക്കളത്തി ലേക്ക് തന്നെ പറഞ്ഞു വിട്ട ഈ മഹതിയെവിടെ, ഇസ്ലാമിക ചിട്ടകളിലും നിഷ്ഠകളിലും വീഴ്ചവരുത്തുന്ന ഭർത്താവിനെ സൗമ്യമായൊന്നു ഉപദേശി ക്കുക പോലും ചെയ്യാത്ത ആധുനിക മുസ്ലിം മഹിളകളെവിടെ? 'ഭർത്താ വിനെ വെറുതെ മുഷിപ്പിക്കുന്നതെന്തിന്' എന്ന വിചാരത്തിൽ അവന്റെ വീഴ്ച കളിൽ സമരസപ്പെടാനാണ് നമ്മുടെ ശ്രമം!

പക്ഷേ, ആത്മീയ കാര്യത്തിലെ ഈ 'സമരസ രീതി' കൈകൊള്ളാൻ നമുക്ക് കഴിയുന്നുള്ളൂ എന്നതാണ് വസ്തുത. തനിക്കിഷ്ടപ്പെട്ട, ഒരു സാധനം വാങ്ങിക്കൊണ്ടുവരാൻ മറന്നാൽ, ഷോപ്പിംഗിനു പോകണമെന്നു പറഞ്ഞ ദിവസം ഓഫീസിൽ നിന്നൊരല്പം വൈകി വന്നാൽ നമ്മുടെ സമീപനമെ ന്തായിരിക്കും സഹോദരികളെ? പിന്നെ പിണക്കമായി. കരച്ചിലായി, കിടപ്പറ യിൽ പോലും നിസഹകരണമായി. ഭർത്താവിന്റെ മതകാര്യങ്ങളിലെ വീഴ്ചക ളിൽ 'സമരസ'ക്കാരായ നമ്മൾ ഭൗതിക കാര്യങ്ങളിൽ 'സമര'ക്കാരായി മാറു ന്നു! സഹോദരീ, ഇതു വിശ്വാസ ദൗർബല്യമാണ്. നോക്കൂ, മുൻകാല വിശ്വാ സിനികൾ ഇത്തരക്കാരായിരുന്നില്ല.

കുത്തഴിഞ്ഞ ജീവിതം നയിക്കുന്ന നാടുകളിലേക്കും നഗരങ്ങളിലേക്കും ഭർത്താവ് ടൂർ പോകുന്നതിനോടും, ദൈവബോധവും സദാചാരവും നശിപ്പി ക്കുന്ന ചീത്തകൂട്ടുകാരോടൊത്തുള്ള ചങ്ങാത്തത്തോടും സത്യവിശ്വാസിനി യായ ഭാര്യക്ക് വെറുപ്പായിരിക്കും. അത് തുറന്നു പറയുകയും ചെയ്യും.

ഇവിടെയുമുണ്ട് വേറൊരു കൂട്ടർ. കുടിയുടേയും പിടിയുടേയും കൂത്തര ങ്ങായ ഭ്രാന്തൻ മേഖലകളിലേക്ക് ഭർത്താവിനെ പറഞ്ഞയക്കാൻ യാതൊരു മടിയും കാണിക്കാത്തവർ. പക്ഷേ, സംശുദ്ധമായ വ്യക്തിജീവിതമുദ്ദേശിച്ച് മറ്റൊരു പെണ്ണിനെക്കൂടി കെട്ടിപ്പോയാൽ.... ഹൊ! അതുപോലൊരു വിപത്ത് പിന്നെ വരാനില്ല!

# [6]
## വിശ്വാസിനിയും മാതൃധർമവും

സന്താനങ്ങൾ സർവേശ്വരന്റെ അനുഗ്രഹമാണ്. അവരെ നേരായ വിധത്തിൽ വളർത്തുക എന്നത് ഭാരിച്ച ഉത്തരവാദിത്തമാണ്. ദൈവിക വിധികളിലൊതുങ്ങുന്ന സൽപന്ഥാവിലൂടെ സന്താനങ്ങളെ സൽഗുണസമ്പന്നരായി വളർത്തിക്കൊണ്ടു പോകുക എന്നത് അല്പം ക്ലേശം തന്നെയാണ്. എന്നാൽ സത്യവിശ്വാസിനിയായ ഒരു മാതാവിന്റെ സർവ ശ്രദ്ധയും ശ്രമവും അതിനു വേണ്ടിയായിരിക്കും. അന്യൂനമായ വിശ്വാസങ്ങളും അമൂല്യമായ സ്വഭാവ സമ്പ്രദായങ്ങളും മക്കളിൽ മുളയിലേ വളർത്തിയെടുക്കുന്നതിൽ ഒരു വിശ്വാസിനിക്കേ വിജയിക്കാനാവൂ

അല്ലാഹുവിനേയും റസൂലിനേയും സ്നേഹിക്കുന്ന, അവരുടെ കല്പനാനിർദ്ദേശങ്ങൾ പാലിക്കുന്ന, നിരോധങ്ങളിൽ നിന്നകന്നു നിൽക്കുന്ന, ദൈവവഴിയിൽ ധനവും തനുവും ചെലവഴിക്കാൻ താത്പര്യമെടുക്കുന്ന ഒരു നല്ല മനസ് മക്കളിലുണ്ടാക്കാൻ വിശ്വാസിനിയായ മാതാവ് സർവ്വാത്മനാ യത്നിക്കണം. തന്റെ കരളിന്റെ കഷ്ണങ്ങൾക്ക് സത്യം, നീതി, വിശ്വസ്തത, ക്ഷമ, ധീരത, അന്തസ്സ് തുടങ്ങിയ മഹനീയവും മാനുഷികവുമായ സൽഗുണങ്ങൾ ശീലിക്കാൻ ശിക്ഷണം നൽകണം. കൃത്യസമയത്ത് നമസ്കാരം നിർവഹിക്കാനും മാതാപിതാക്കളെ അനുസരിക്കാനും നല്ല കാര്യങ്ങളിൽ മാത്സര്യം കാണിക്കാനും പ്രവാചകന്റെയും സ്വഹാബത്തിന്റേയും ജീവചരിത്രങ്ങൾ വായിച്ച് അതിൽ നിന്ന് ആവേശമാർജ്ജിക്കാനും ഒരു കുട്ടിക്കാവുന്നത്, വിശ്വാസിനിയായ ഉമ്മയുടെ ശ്രദ്ധയിൽ നിന്നാണ്.

മുൻകാല വനിതകളുടെ കളരിയിൽ നിന്നും വളർന്നു വന്ന മക്കൾ അല്ലാഹുവിനോടും പ്രവാചകനോടുള്ള ആത്മാർത്ഥ സ്നേഹത്തിന്റേയും മതത്തിനു വേണ്ടിയുള്ള ആത്മാർപ്പണത്തിന്റേയും അതുല്യപ്രതീകങ്ങളാണ്. അവരങ്ങനെയാണ് മക്കളെ വളർത്തിയത്. ചരിത്രത്തിൽ മാതൃകകളൊരുപാടുണ്ടതിന്. സ്വന്തം മക്കളുടെ പാരത്രിക ഭാവി ഭാസുരമാക്കാനുള്ള യത്നമയിരുന്നു ആദ്യകാല വിശ്വാസിനികളുടേത്. ഇന്നത്തെ മാതാക്കളെപ്പോലെ, കുറെ യോഗ്യതകളും സാക്ഷ്യപത്രങ്ങളും ഉയർന്ന വരുമാനമുള്ള ജോലിയും നേടി ഐഹികഭാവി മാത്രം സുരക്ഷിതമാക്കാൻ മക്കളെ സജ്ജമാക്കുകയായിരുന്നില്ല അവർ. വരാനിരിക്കുന്ന യഥാർത്ഥ ലോകത്ത് അല്ലാഹുവിൽ നിന്ന് ലഭിക്കേണ്ട 'ഒറിജിനൽ സർട്ടിഫിക്കറ്റു'കളും സ്വർഗത്തിലെ 'ഡി ഗ്രി' കളും മക്കൾക്കു നഷ്ടപ്പെടുമോ എന്നതായിരുന്നു അവരുടെ ഭയം.

ആദ്യകാല മാതാക്കളുടെ നഴ്സറികളിൽ നിന്നും വളർന്നു വന്നവരാരൊക്കെ....? നേതാക്കൾ...യോദ്ധാക്കൾ...ശുഹദാക്കൾ...പിന്നെ, പണ്ഡിതൻമാർ.....പ്രബോധകർ ....ചിന്തകൻമാർ.... ലോകമെന്നും അഭിമാനത്തോടെ ഓർക്കുന്ന മഹൽ വ്യക്തിത്വങ്ങൾ.... സ്വന്തം മക്കളെ ദൈവമാർഗത്തിൽ ധർമ സമരത്തിനിറക്കിവിട്ട മാതൃകാ വനിതകൾ. ഇവരിൽ നമുക്കും മാതൃതകയുണ്ട് സഹോദരികളെ.

ബദ്ർ യുദ്ധത്തിനു തയാറെടുക്കുകയാണ് നബി(ﷺ)യും സ്വഹാബികളും. ഇസ്ലാമിക ചരിത്രത്തിലെ പ്രഥമ യുദ്ധം. പെറ്റുവളർന്ന നാടുവിട്ടോടി മദീനയിലെത്തിയിട്ടും ആദർശമനുസരിച്ച് സ്വസ്ഥമായി ജീവിക്കാനനുവദിക്കാത്ത ക്രൂരരായ മുശ്രിക്കുകൾക്കെതിരെയുള്ള നിലനില്പിന്റെ പോരാട്ടം.

അവർക്കിടയിലതാ രണ്ടു കുട്ടികൾ: ഔഫും, മുആദും. യുദ്ധത്തിനൊരുങ്ങുന്ന മുസ്ലിം സൈനികരെ കാണാൻ വന്നതല്ല അവർ. പ്രവാചകനോടൊത്ത് യുദ്ധത്തിൽ പങ്കെടുക്കാൻ, മാതാവ് അഫ്റാ(ﷺ) അവരേയും പറഞ്ഞയച്ചതായിരുന്നു.

പ്രമുഖ സ്വഹാബി അബ്ദുർ ഹ്മാൻ ബ്നു ഔഫ്(ﷺ) ആ സംഭവം വിവരിക്കുന്നതു കേൾക്കൂ. ‘‘ഞാൻ യുദ്ധമുന്നണിയിൽ നിൽക്കുകയാണ്. എന്റെ ഇരു വശവും രണ്ട് അൻസാരീ ബാലൻമാർ. അവരേക്കാൾ കഴിവുറ്റ യോദ്ധാക്കളോടൊപ്പമായിരുന്നു ഞാനെങ്കിൽ എന്നു ഞാനാഗ്രഹിച്ചു പോയി, അപ്പോൾ. ആ സമയം അതിലൊരു ബാലൻ എന്റെ കാതിൽ ചോദിച്ചു:’’

‘‘ആരാണീ അബൂജഹ്ൽ? താങ്കൾക്കയാളെ അറിയുമോ?’’

‘‘അറിയും....’’ ഞാൻ പറഞ്ഞു: ‘‘...... അബൂ ജഹ്ലിനെ അറിഞ്ഞിട്ട് കുട്ടിക്കെന്ത് കാര്യം?’’

‘‘പ്രവാചകതിരുമേനിയെ ഏറെ ദ്രോഹിച്ച ദുഷ്ടനാണയാൾ. അല്ലാഹുവിനോട് ശപഥമെടുത്താണ് ഞാനിന്നു വന്നത്. ഒന്നുകിൽ ഞാവനവനെ വധിക്കും അല്ലെങ്കിൽ ആ മാർഗത്തിൽ ഞാൻ മരിക്കും’’ അവൻ പറഞ്ഞു: ഞാനത്ഭുതപ്പെട്ടു. കുട്ടിത്തം മാറാത്ത ഒരു ബാലന്റെ ചപലതയല്ല, ഇരുത്തം വന്ന യോദ്ധാവിന്റെ ആർജ്ജവമാണ് ഞാനാ വാക്കുകളിൽ കണ്ടത്.

''അടുത്ത ബാലനും എന്നോടു ചോദിച്ചതും പറഞ്ഞതും ഇതു തന്നെ. ധീരരായ രണ്ടു പടയാളികളോടൊപ്പമാണല്ലോ താൻ എന്നതിൽ എനിക്കഭിമാനമുണ്ടായി. യുദ്ധം നടക്കുകയാണ്. ഞാനവർക്ക് അബൂജഹ്‌ലിനെ കാണിച്ചു കൊടുത്ത ആ നിമിഷം രണ്ടു കഴുകൻമാരെപ്പോലെ അവർ അബൂജഹ്‌ലിനെ ആക്രമിച്ചു നിലത്തിട്ടു. അർദ്ധപ്രജ്ഞനായി വെട്ടേറ്റു പുളയുന്ന ആയാൾക്കരികിലേക്ക് പാഞ്ഞെത്തിയ പുത്രൻ ഇക്‌രിമ, അബൂജഹ്‌ലിനെ കുത്തിവീഴ്ത്തിയ മുആദിനെ ആഞ്ഞു വെട്ടി. വെട്ടേറ്റ് മുആദിന്റെ കൈ തൂങ്ങിയാടി. ആ ബാലൻ പോരാട്ടം നിർത്തിയില്ല. അറ്റു തൂങ്ങുന്ന തന്റെ കൈ പോരാട്ടത്തിനു തടസമാണെന്നു കണ്ടപ്പോൾ മുആദ് അതു ചെയ്തു....! തന്റെ കൈ കാലിന്നടിയിൽ വെച്ച് ആഞ്ഞൊരൊറ്റ വലി! കൈ വേറെയായി!! ആ യുദ്ധം മുസ്‌ലിംകൾ വിജയിച്ചു. അതിൽ തന്റെ സഹോദരൻ ഔഫ് രക്തസാക്ഷിയായി. മുആദ് പക്ഷേ, മൂന്നാം ഖലീഫ ഉസ്മാൻ(ﷺ)ന്റെ കാലം വരെ പിന്നേയും ജീവിച്ചു.'' *(അസ്സീറത്തുന്നബവിയ്യ, ഇബ്നു ഹിശാം, വാ. 1. പേ. 634, 635)*

ഇത് ജാഹിലീ-ഇസ്‌ലാമിക കവയത്രി ഖൻസ(ﷺ), ഇസ്‌ലാമിന്റെ സംരക്ഷണത്തിനു വേണ്ടി. തന്റെ നാലു കരൾക്കഷ്ണങ്ങളെ രണഭൂമിയിലേക്ക് പറഞ്ഞയച്ച ഉമ്മ. മക്കളെ പടക്കു പറഞ്ഞു വിടുന്ന ആ മാതാവിന്റെ യാത്രാമൊഴി കേൾക്കൂ:

''എന്റെ മക്കളേ, അനുസരണയോടെയാണ് നിങ്ങൾ മുസ്‌ലിംകളായത്. സ്വേഷ്ട പ്രകാരമാണ് നിങ്ങൾ മക്ക വിട്ട് ഹിജ്റ പോന്നത്. അല്ലാഹു മാത്രമാണ് ആരാധ്യൻ. തീർച്ചയായും ഒരു മാതാവിന്റേയും പിതാവിന്റെ യും ആർജ്ജവമുള്ള മക്കളാണ് നിങ്ങൾ. അറിയുക, ഈ നശ്വര ലോകത്തേക്കാൾ മെച്ചമായത് പാരത്രിക ജീവിതമാണ്. എപ്പോഴും നിങ്ങൾ അങ്ങേയറ്റം ക്ഷമ കാട്ടുക. ഏതു രംഗത്തും ഉറച്ചു നിൽക്കുക. അല്ലാഹുവിനേയാണ് സൂക്ഷിക്കേണ്ടത്. അവനെ സൂക്ഷിക്കുന്നവർക്കേ വിജയിക്കാനാവൂ. യുദ്ധം എത്രയോ ഘോരമാവട്ടെ, നിങ്ങൾ ആദ്യന്തം ശക്തമായി പോരാടുക. എങ്കിൽ ശാശ്വത ലോകത്ത് നിങ്ങൾ മാന്യതയും ധന്യതയും നേടാനാവും; ഉയർന്ന പദവിയും.'' *(അൽ ഖൻസാഃ ശാഇറത്തു ബനീ സുലൈ, മുഹമ്മദ് ജാബിർ)*

ഹസ്റത്ത് ഖൻസ(ﷺ) മക്കളെ യാത്രയയച്ചു. സ്വന്തം മക്കൾക്ക് ഇത്തരം ഉപദേശവും ആത്മധൈര്യവും പകർന്നു കൊടുക്കുന്ന ഒരു മാതാവ് എവിടെയുണ്ടിക്കാലത്ത്?

ഇതു കൂടി കേൾക്കുക. ഉമ്മു അമ്മാറയുടെ കഥയാണിത്. അതിഭക്തയും ഒപ്പം ധീരയുമായ വിശ്വാസിനി. പ്രവാചകനോടൊപ്പം അവരെത്രയോ

യുദ്ധങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. മുറിവേൽക്കുന്ന മുസ്‌ലിം ഭടൻ മാരെ ശുശ്രൂഷിച്ചു കൊണ്ട് യുദ്ധക്കളം മുഴുവൻ അവരോടി നടക്കും.

ഉഹ്ദ് യുദ്ധമാണു രംഗം. യുദ്ധത്തിൽ അവരുടെ പുത്രൻ അമ്മാറയുമുണ്ട്. ഘോരമായ യുദ്ധത്തിനിടയിൽ അദ്ദേഹത്തിന്റെ തോളിനു മാരകമായ മുറിവേറ്റു. നിലയ്ക്കാത്ത രക്തപ്രവാഹം. കയ്യിലുണ്ടായിരുന്ന ബാൻഡേജുകൾ കൊണ്ട് ഉമ്മു അമ്മാറ പുത്രന്റെ മുറിവ് വരിഞ്ഞുകെട്ടി. പ്രവാചകനതു നോക്കി നിൽക്കുകയായിരുന്നു. ശേഷം അവർ മകനോടായി പറഞ്ഞു: ‘‘മോനെ, എഴുന്നേൽക്ക്.... ചെന്ന് യുദ്ധം തുടര്’’

അത്ഭുതപ്പെട്ടു പ്രവാചകൻ. ‘ഉമ്മു അമ്മാറ, നിങ്ങൾക്കു സാധിക്കുന്നത് ചെയ്യാൻ ആർക്കു സാധിക്കും, നിങ്ങൾക്കു സാധിക്കുന്നത് ചെയ്യാൻ ആർക്കു സാധിക്കും.....’ പ്രവാചകൻ മന്ത്രിച്ചു കൊണ്ടേയിരുന്നു.

വ്യാജ പ്രവാചകനായ മുസൈലിമയുടെ അടുത്തേക്ക് നബി(ﷺ) ദൂതുമായി പറഞ്ഞയച്ചത് ഉമ്മു അമാറയുടെ തന്നെ പുത്രനായ ഖബ്ബാബിനെയായിരുന്നു. പക്ഷേ, കള്ളനായ മുസൈലിമ, പ്രവാചക ദൂതനായ ഖബ്ബാബിനെ അംഗഛേദം നടത്തി വധിച്ചു കളഞ്ഞു. മകന്റെ നിഷ്ഠൂരമായ വധവാർത്ത ഉമ്മു അമാറയറിഞ്ഞു. അവരിൽ നിന്നും മാതൃസഹജമായ പൊട്ടിക്കരച്ചിലും നിലവിളികളും പ്രതീക്ഷിച്ചവർക്ക് തെറ്റി. ഈമാൻ കൊണ്ടു അനുഗ്രഹീതയായ അവർ ശഹീദായ തന്റെ മകന്നു വേണ്ടി, തനിക്കു വേണ്ടി അല്ലാഹുവിനോടു പ്രാർത്ഥിക്കുക മാത്രമാണ് ചെയ്തത്. (അൽ മർഅത്തുൽ അറബിയ്യ, അബ്ദുല്ല അഫീഫി, വാ. 2. പേ. 94–96)

ഇത് അബൂബക്കർ(رضي الله عنه) വിന്റെ പുത്രി അസ്മ(رضي الله عنها) ശക്തമായ വിശ്വാസത്തിന്റേയും ഉത്കൃഷ്ടമായ സന്താന ശിക്ഷണത്തിന്റേയും അനുപമ മാതൃകയാണവർ. ഹജ്ജാജ് ബ്നു യൂസുഫുമായി നീണ്ടനാളത്തെ യുദ്ധത്തിലായിരുന്നു അവരുടെ പുത്രൻ അബ്ദുല്ല ബ്നു സുബൈർ(رضي الله عنه). യുദ്ധത്തിനിടയിൽ ഒരു ദിവസം അദ്ദേഹം ഉമ്മയെ സമീപിച്ചു പറഞ്ഞു:

‘‘ഉമ്മാ, ഹജ്ജാജ് മക്ക മുഴുവൻ ഉപരോധിച്ചു കഴിഞ്ഞിരിക്കുന്നു. ഇനിയും യുദ്ധം തുടരാൻ മാത്രമുള്ള കരുത്തും ആളുകളും എന്നോടൊപ്പമില്ല. ഉള്ളവരാകട്ടെ ഒരു മണിക്കൂറിലധികം പോലും ക്ഷമിക്കാൻ കഴിയാത്തവർ. ഇനി ഒന്നുകിൽ കീഴടങ്ങുക. അല്ലെങ്കിൽ മരിക്കുക. ഇതല്ലാത്തൊരു വഴി എന്റെ മുമ്പിലില്ലുമ്മാ. ഞാനെന്തു ചെയ്യണം?’’

യുദ്ധക്കളത്തിൽ നിന്നും ഒരു മകൻ ഉമ്മയുടെ അരികിൽ ഓടിയെത്തുക! മരണം മാത്രമാണെന്റെ മുന്നിൽ എന്നവരോടു പറയുക! മരിക്കണൊ കീഴടങ്ങണൊ എന്ന് അഭിപ്രായമാരായുക! സഹോദരീ, ഒരു മാതാവിന്റെ സ്ഥാനത്തു നിന്ന് ഈയൊരു പ്രതിസന്ധിയെ നീയൊന്നു സങ്കൽപിച്ചു നോക്കൂ. എന്നിട്ട് ഈ മാതാവിന്റെ വാക്കുകൾ വാ യിക്കൂ....

''മോനെ, ബനൂ ഉമയ്യയുടെ മക്കൾ നിന്റെ തലകൊണ്ട് പന്താടുന്നതിനേക്കാൾ എനിക്കിഷ്ടം മരണമാണ്. മാന്യമായി പോരാടുക. വേണ്ടിവന്നാൽ മാന്യമായിത്തന്നെ മരിക്കുക.''

അബ്ദുല്ലയുടെ മനസിൽ ഉമ്മയുടെ വാക്കുൾ പുതിയൊരാവേശമുണർത്തി. വർദ്ധിതവീര്യത്തോടെ ഹജ്ജാജിന്റെ സേനയോടയാൾ ഏറ്റുമുട്ടി. ആവനാഴിയിലെ അമ്പൊഴിയുവോളം..... കരവാൾ നഷ്ടപ്പെടുവോളം... അവസാനം ആ ധീരൻ വധിക്കപ്പെട്ടു. ഹജ്ജാജ് അദ്ദേഹത്തിന്റെ മൃതശരീരം വികൃതമാക്കി കുരിശിൽ തറച്ചു.

അസ്മ(ﷺ) അതറിഞ്ഞു. ക്രൂശിതമായ മകന്റെ മൃതശരീരത്തിനരികിൽ അവർ ചെന്നു.

അവർ പറഞ്ഞു: ''അല്ലാ, ഈ ധീരയോദ്ധാവിന് ഇനിയും തന്റെ കുതിരപ്പുറത്തു നിന്നും ഇറങ്ങാൻ സമയമായിട്ടില്ലെ?''

''അറുക്കപ്പെട്ട ആടിന്റെ തോലുരിഞ്ഞാൻ അതിനു വേദനിക്കില്ലെന്ന വിവേകം ഹജ്ജാജിന് പറഞ്ഞു കൊടുക്കാൻ ആരുണ്ട്?!'' *(ഹുൽയത്തുൽ ഔലിയാഅ്. വാ. 1, പേ. 329)*

അസ്മാ, നിങ്ങൾക്കു മംഗളങ്ങൾ.....! അല്ലാഹുവിനെയല്ലാതെ മറ്റൊന്നിനേയും – മരണത്തെ പോലും ഭയക്കാത്ത – ഒരു പുത്രന്ന്, പർവതം പോലെയുറച്ച, സിംഹധൈര്യം വരിച്ച ഒരു യോദ്ധാവിന്ന് ശിക്ഷണം കൊടുത്ത അസ്മാ, നിങ്ങൾക്കു മംഗളങ്ങൾ .... !

ഇനിയുമുണ്ട് ഒരു പാട് കഥകൾ. കുന്തവും കൊടുത്ത് പടക്കളത്തിലേക്ക് പറഞ്ഞയക്കുന്ന ഉമ്മയോട്, 'ഇത് ചെറുതാണല്ലോ ഉമ്മാ' എന്നു മകൻ പറഞ്ഞപ്പോൾ, 'നീ യുദ്ധത്തിനിറങ്ങൂ മോനെ, അതു താനെ വലുതായിക്കോളും' എന്നു ധൈര്യം പകർന്ന മാതാവിന്റെ കഥ.

'ഇസ്‌ലാമിനു അധികമൊന്നും സേവനം ചെയ്യാനാവാത്ത തങ്ങൾക്കു വേണ്ടി, മക്കൾ എപ്പോഴും മനമുരുകി പ്രാർത്ഥിക്കണം', ആദ്യകാല വിശ്വാസി കൾക്ക് മക്കളെ വളർത്തുമ്പോഴുള്ള ചിന്ത അതായിരുന്നു.

പ്രവാചകൻ(ﷺ) പറഞ്ഞ ഒരു ഹദീസ്. അതിന്റെ സാരമിങ്ങനെ: ''ഒരു വ്യക്തിയുടെ മരണത്തോടെ മൂന്ന് കാര്യമൊഴിച്ച് മറ്റെല്ലാം നഷ്ടപ്പെടും. ആ മൂന്നിലൊന്ന് തനിക്ക് വേണ്ടി പ്രാർത്ഥിക്കുന്ന നല്ല സന്താനമാണ്.'' *(മുസ്‌ലിം, അബൂദാവൂദ്, നസാഈ, ബൈഹഖി, അഹ്മദ്)*

# [7]
## വിശ്വാസിനിയുടെ സഹനശീലം

വിപൽസന്ധികൾ ജീവിതത്തിൽ ഇരുട്ടു പോലെ മൂടുമ്പോഴും സങ്കീർണ്ണ മായ പ്രശ്നങ്ങളും പ്രതിസന്ധികളും നാലുപാടും നിന്നാക്രമിക്കുമ്പോഴും സത്യവിശ്വാസിനിയുടെ നില ധീരമായിരിക്കും.

ഇസ്‌ലാമിലേക്ക് വരുന്നതിനു മുമ്പ് സഹോദരൻ 'സഖ്റി'ന്റെ വേർപാടിൽ തപ്തമനസ്കയായ് വിലപിച്ചു പാടി നടന്ന കവയത്രി ഖൻസ(ﷺ). ഇസ്‌ലാ മിന്റെ സുഗന്ധവും ഈമാനിന്റെ സ്ഥൈര്യവും മനസിൽ ചേക്കേറിയപ്പോൾ അവരുടെ മുന്നവസ്ഥയിൽ അത്ഭുതകരമായ മാറ്റമുണ്ടായി. ക്ഷമ, തികഞ്ഞ ക്ഷമയിലേക്കവർ മാറി. എത്രവരെ, ഐഹിക വിഭവങ്ങളിലുത്തമമായ തന്റെ നാലു മക്കൾ ഖാദിസിയ്യഃ രണാങ്കണത്തിൽ രക്തസാക്ഷികളായി വീണപ്പോൾ ആ മഹതി അസാമാന്യമായ ധൈര്യമാണു കാട്ടിയത്. തന്റെ നാലു കരൾക്ക ഷ്ണങ്ങൾ! ജീവിതത്തിന്റെ ആലംബങ്ങൾ! മുമ്പ് 'സഖ്റി'നെക്കുറിച്ചോർത്തു കരഞ്ഞ കണ്ണുകൾ അപ്പോഴുമവർക്കുണ്ട്: പക്ഷേ, അവർ കരഞ്ഞില്ല, പ്രാർത്ഥിച്ചു:

''മക്കളുടെ രക്തസാക്ഷിത്വത്തിലൂടെ എനിക്കു മാന്യത നൽകിയ നാഥാ, നിനക്കു സ്തുതി, ഇനിയെന്റെ ആഗ്രഹം നാളെ സ്വർഗത്തിൽ നിന്റെയനുഗ്ര ഹത്തിൻ കീഴിൽ ഞങ്ങളെ നീ ഒരുമിച്ചു കൂട്ടുക മാത്രം!'' *(ഔദത്തുൽ ഹിജാ ബ്, വാ. 31, പേ. 267)*

സഹനത്തിന്റെ മറ്റൊരു മാതൃകയാണ് ഉമ്മുസുലൈം(ﷺ). അബൂ ത്വൽഹഃ(ﷺ)യുടെ ഭാര്യ. ഭർത്താവ് വീട്ടിലില്ലാത്ത പോയ സമയത്താണ് അവരുടെ കുഞ്ഞിനെ അല്ലാഹു തിരിച്ചെടുത്തത്. ഒരു മാതാവിന്റെ സർവ നിയന്ത്രണങ്ങളും വിട്ടുപോവുന്ന അവസ്ഥ. പക്ഷേ, അവർ അബലയായില്ല. മാറത്തടിച്ച് നിലവിളിച്ചതുമില്ല. മരിച്ച കുഞ്ഞിന്റെ ജനാസ അവർ തന്നെ കുളിപ്പിച്ച് ഒരു മുറിയിൽ കിടത്തി.

അബൂ ത്വൽഹഃ(ﷺ) തിരിച്ചു വന്നു. കുളിച്ചൊരുങ്ങി, നല്ല വസ്ത്രങ്ങളണിഞ്ഞു തന്നെയാണ് ഉമ്മു സുലൈം(ﷺ) ഭർത്താവിനെ എതിരേറ്റത്. തങ്ങളുടെ പൊന്നോമനയുടെ മരണവാർത്ത അവരദ്ദേഹത്തെ അറിയിച്ചില്ല. മകനെ ചോദിച്ചപ്പോൾ ഉറങ്ങുന്നൂ എന്നുമാത്രം പറഞ്ഞു.

ആ രാത്രി അവർ നന്നായിത്തന്നെ കഴിച്ചുകൂട്ടി. രാവിനൊടുവിൽ ഭർത്താവിനോട് ഉമ്മു സുലൈം(ﷺ) ചോദിച്ചു:

''അല്ല, ഇന്ന കുടുംബത്തിന്റെ കഥയറിഞ്ഞോ? ഒരു വസ്തു അവർ കടം വാങ്ങി. അതിന്റെ ഉടമയതു തിരിച്ചു ചോദിക്കുമ്പോൾ കൊടുക്കുന്നില്ല.''

''ഛെ, അതു നീതിയല്ലല്ലൊ'' അബൂ ത്വൽഹ(ﷺ) പ്രതിവചിച്ചു.

''എങ്കിൽ, നമ്മളും അല്ലാഹുവിൽ നിന്നൊരു കടം വാങ്ങിയിട്ടുണ്ടല്ലൊ, നമ്മുടെ മോൻ. അവനതു തിരിച്ചു വാങ്ങിയിരിക്കുന്നു.''

ഉമ്മു സുലൈം (ﷺ) സംഭവം വിവരിച്ചു.

''ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ'' അദ്ദേഹം 'ഇസ്തിർജാഅ്' ചൊല്ലിക്കൊണ്ടു പറഞ്ഞു: ''ഉമ്മു സുലൈം, ക്ഷമയിൽ നീ എന്നെയും കവച്ചു വെച്ചു.''

മകന്റെ കബറടക്കം കഴിഞ്ഞെത്തിയ അബൂ ത്വൽഹയോട് പ്രവാചകൻ(ﷺ) പറഞ്ഞു: ''അബൂത്വൽഹഃ നിങ്ങളുടെ കഴിഞ്ഞ രാത്രി എത്ര അനുഗ്രഹീതമായിത്തീർന്നിരിക്കുന്നു.'' പ്രസ്തുത സംഭവം പ്രവാചകൻ (ﷺ) വഹ്‌യിലൂടെ അറിയുകയായിരുന്നു.

ആ രാത്രിയാണ് ഉമ്മു സുലൈം(ﷺ) അബ്ദുല്ലയെ ഗർഭം ധരിച്ചത്. അൻസാറുകളിൽ അതിശ്രേഷ്ഠനായി വളർന്നു വന്നു യുവാവ്. അദ്ദേഹ

ത്തിന് പിൽകാലത്ത് പത്തു മക്കളുണ്ടായിരുന്നു. ഖുർആൻ മനഃപാഠമാക്കിയ പത്തു മക്കൾ! *(ബുഖാരി, മുസ്ലിം)*

സഹോദരികളെ, ഇതു ക്ഷമയാണ്. യഥാർത്ഥ സഹനം. വിപത്ഘട്ടങ്ങളിൽ ഇങ്ങനെ ക്ഷമിക്കാൻ ഉമ്മു സുലൈമിനെപോലുള്ള വിശ്വാസിനികൾക്കേ, കഴിയൂ. അവരെക്കുറിച്ച് പ്രവാചകൻ(ﷺ) പറഞ്ഞു: ''ഞാൻ സ്വർഗത്തിൽ പ്രവേശിച്ചു. എനിക്കു മുമ്പിലൊരു കാൽപെരുമാറ്റശബ്ദം. അത് റുമൈസ ബിൻത് മുലിഹാ (ഉമ്മുസുലൈം)യുടേതായിരുന്നു.'' (ബുഖാരി, മുസ്ലിം)

ഉഹ്ദ് യുദ്ധത്തിൽ 'അസദുല്ലാഹി' ഹംസ(﵁) വധിക്കപ്പെട്ടു. ശത്രുക്കൾ അദ്ദേഹത്തിന്റെ മൃതശരീരത്തെ അറുത്തു വികൃതമാക്കി. കരൾ പറിച്ചെടുത്ത് ചവച്ചു തുപ്പി. പ്രവാചകനെ ഏറെ വേദനിപ്പിച്ച സംഭവമായിരുന്നു അത്.

ആ സമയം സ്വസഹോദരന്റെ മൃതശരീരം ഒരു നോക്കു കാണാൻ റസൂലിന്റെ അമ്മായി സ്വഫിയ്യ(﵂) അങ്ങോട്ടു വന്നു. കരൾ തകർക്കുന്ന ആ രംഗം കാണാതിരിക്കാൻ അവരുടെ മകൻ സുബൈർ ഉമ്മയെ തടഞ്ഞു നിർത്തി.

അവർ പറഞ്ഞു: ''നിങ്ങളെന്നെ തടയുന്നതെന്തിന്?'' എന്റെ സഹോദരനെ അവർ വെട്ടി വികൃതമാക്കിയിട്ടുണ്ട് എന്നെനിക്കറിയാം. അല്ലാഹുവിന്റെ മാർഗത്തിലാണത്. പിന്നെ ന്തുകൊണ്ട് എനിക്കതിൽ ക്ഷമിച്ചു കൂടാ? ഇൻശാ അല്ലാഹ്, എനിക്കു വിലപിക്കാനാവില്ല''

തുടർന്ന് അവർ ഹംസ(﵁)യുടെ മുഖം കണ്ടു. അദ്ദേഹത്തിനു വേണ്ടി നമസ്കരിച്ചു. പാപമോചനത്തിനായി മനസറിഞ്ഞു പ്രാർത്ഥിച്ചു.

പിടിച്ചു നിൽക്കാനാവില്ലെന്നു കരുതുന്ന സന്നിഗ്ദ ഘട്ടങ്ങളിൽ സ്വയം സഹകളായിത്തീർന്ന എത്രയോ മഹതികളുണ്ട് ഇനിയും ചരിത്രത്തിൽ. ഇത് സ്വിലത്ത് ഉഷൈമി(﵁)ന്റെ ഭാര്യ മുആദഃ അൽ അദ്വിയ്യ(﵂). ഐഹിക വിരക്തിയും, ആരാധനാനിമഗ്നയുമായിരുന്ന വിശ്വാസിനി. ഒരു യുദ്ധത്തിൽ തന്റെ ഭർത്താവും മകനും രക്തസാക്ഷ്യകളായിത്തീർന്നു. വാർത്തയറിഞ്ഞ് തന്നെ ആശ്വാസിപ്പിക്കാനെത്തിയ കൂട്ടുകാരികളോട് മുആദഃ പറഞ്ഞു: ''എന്നെ അഭിനന്ദിക്കാനാണ് വരുന്നതെങ്കിൽ കൂട്ടുകാരികളേ, നിങ്ങൾക്കു സ്വാഗതം. ആശ്വസിപ്പിക്കാനാണെങ്കിൽ നിങ്ങൾക്കു തിരിച്ചു പോകാം!''

പ്രിയ ഭർത്താവിന്റേയും പൊന്നു പുത്രന്റേയും മരണത്തിൽ മാറത്തടിച്ചു നിലവിളിക്കാതെ, ഹൃദയനൊമ്പരത്താൽ അട്ടഹസിക്കാതെ, അവരുടെ രക്ത സാക്ഷിത്വത്തിൽ സന്തോഷം കൊണ്ട മുആദാ... നിങ്ങളെപ്പോലുള്ള സ്ത്രീ രത്നങ്ങളാലാണ് മുസ്ലിം ഉമ്മത്തിന്റെ ഉയർച്ചയും, ആഭിജാത്യവും.

മരണപ്പെട്ട ഭർത്താവിനെ സ്വന്തം കൈകൊണ്ട് കുളിപ്പിച്ച്, കഫൻ ചെയ്ത് കബറടക്കാൻ കൊടുത്തയച്ചു, അബ്ദുല്ലാഹിബ്നു ഫറജി(ﷺ)ന്റെ ഭാര്യയും ചരിത്രത്തിൽ നിറഞ്ഞു നിൽപ്പുണ്ട്. അങ്ങനെ ദൈവമാർഗത്തിൽ ക്ഷമ കൈക്കൊണ്ടവർ എത്രയാണ്. ഈമാനിന്റെ നിറകുടങ്ങൾ! ഏതു പരീക്ഷണ ങ്ങളേയും നേരിടാൻ കരളുറപ്പ് നേടിയ വിശ്വാസിനികൾ!! അവരിൽ അല്ലാഹുവിന്റെ കരുണയുണ്ടാവട്ടെ.

# [8]
# വിജ്ഞാനകുതികിയും പ്രബോധകയും

വിജ്ഞാനകുതുകിയാണ് യഥാർത്ഥ സത്യവിശ്വാസിനി. തന്റെ വിശ്വാസത്തിന് ദൃഢതയും ഭയഭക്തികൾക്ക് ആധിക്യവും പകരുന്ന മതവിജ്ഞാനങ്ങളോട് പ്രത്യേകം ആഭിമുഖ്യമായിരിക്കും അവൾക്ക്. സത്യത്തിന്റേയും സന്മാർഗത്തിന്റേയും പാതയിലേക്ക് വെളിച്ചം വീശുന്ന ഏതൊരറിവും അവൾ സ്വായത്തമാക്കും. അതിൽ അല്ലാഹുവിനെ കുറിച്ചും മതനിയമങ്ങളെ കുറിച്ചുമുള്ള അറിവുണ്ടാകും. സച്ചരിതരായ സ്വഹാബീ പുരുഷന്മാരെക്കുറിച്ചും വനിതകളെക്കുറിച്ചുമുള്ള വിവരമുണ്ടാവും. അങ്ങനെ, നാളെ, സമുദായത്തിന്റെ നെടും തൂണുകളാവേണ്ട തന്റെ മക്കളുടെ ശിക്ഷണത്തിനൊത്ത അധ്യാപികയായിത്തീരും അവൾ.

അറിവാണ് ഒരു മുസ്ലിം വനിതയെ മാതൃകാ ഭാര്യയാക്കുന്നതും ലക്ഷണമൊത്ത മാതാവാക്കുന്നതും കൃത്യനിഷ്ഠയുള്ള ഗൃഹനായികയാക്കുന്നതുമൊക്കെ.

പത്തൊമ്പതാമത്തെ വയസാകുമ്പോഴേക്കും പ്രവാചകപത്നി ആയിശ(ﷺ) മതവിജ്ഞാന മേഖലയിലെ ജ്വലിക്കുന്ന താരമായി മാറിയിരുന്നു. പ്രസിദ്ധ സ്വഹാബി അബൂഹുറൈറ(ﷺ)യെക്കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പ്രവാചക തിരുമൊഴികളുടെ നിവേദകയാണ് ആയിശ(ﷺ). അവരെപ്പറ്റി ഇമാം സുഹ്‌രി പറഞ്ഞു: ''സകല സ്ത്രീകളുടെ വിജ്ഞാനവും ആയിശ(ﷺ)യുടെ വിജ്ഞാനവും തുലനം ചെയ്താൽ, ആയിശയുടെ വിജ്ഞാനത്തിന് മാറ്റു കൂടും. ദിനേന എത്ര പെണ്ണുങ്ങളാണ് അവരെ സന്ദർശിച്ച് അറിവു നേടിയിരുന്നത്.''

പ്രവാചകപത്നിമാരൊക്കെ ആയിശ(ﷺ) യെപ്പോലെത്തന്നെ വിജ്ഞാനം കരസ്ഥമാക്കുന്നതിലും കൈമാറുന്നതിലും തത്പരകളായിരുന്നു. ഇസ്‌ലാം സ്ത്രീസമൂഹത്തിന് ആദരണീയ പദവി നൽകിയ അന്നു മുതൽക്കേ ഗുണമുറ്റ വിജ്ഞാനശേഖരത്തിന് ശ്രദ്ധകാട്ടുകയായിരുന്നു ആദ്യകാല വിശ്വാസിനികൾ. അവരിൽ ഖുർആൻ മുഴുവനായും ഭാഗികമായും മനഃപാഠമാക്കിയവരുണ്ടായിരുന്നു. പ്രവാചക ഹദീസുകൾ ഹൃദസ്ഥമാക്കിയവരുണ്ടായിരുന്നു. മറക്കു പിറകിലിരുന്ന് പുരുഷന്മാർക്കു പോലും അവരാ വിജ്ഞാനങ്ങൾ കൈമാറിയിരുന്നു.

പഠിക്കുക എന്നതിലുപരി പഠിച്ചവ സ്വജീവിതത്തിൽ സാക്ഷാത്കരിക്കുക എന്നതിലായിരിക്കണം വിശ്വാസിനിയുടെ ശ്രദ്ധ. ലഭ്യമായ അറിവ് ജീവിതത്തിൽ ഉൾകൊള്ളുക, സത്യസന്ധമായി അവ അന്യർക്കു പകർന്നു കൊടുക്കുക, അറിവിന്റെ വഴിയിലേക്ക് ആളുകളെ പ്രോത്സാഹിപ്പിക്കുക ഇതൊക്കെയാണ് അത്. അപ്പോൾ അവൾ ഒരേ സമയം പണ്ഡിതയും പ്രവർത്തകയും പ്രബോധകയുമായിത്തീരും.

സ്വഭർത്താവിന് അധ്യാപനം നടത്തിയിരുന്ന ഒരു മഹിളാരത്നം ചരിത്രത്തിലുണ്ട്. സഈദ് ബ്നു മുസ്വയ്യിബി(ﷺ) പുത്രി. പിതാവിന്റെ വിദ്യാർത്ഥികളിലൊരാളായിരുന്നു അവരുടെ ഭർത്താവ്. മിക്കപ്പോഴും വാപ്പാക്കു പകരം മകൾ തന്നെയാണ് ഭർത്താവിന് ക്ലാസെടുത്തു കൊടുക്കാറ്. അതെ, അവർ വിജ്ഞാന സമ്പന്നയായിരുന്നു.

ഒരിക്കൽ പിതാവ് സഈദ് മകളോടു ചോദിച്ചു: ''മകളെ, ഖുർആനിന്റെ തഫ്സീർ പഠനം പൂർത്തിയായോ?''

''ഉവ്വ്, പക്ഷേ, ഒരു വാചകത്തിന്റെ ആശയം എനിക്ക് മനസിലായിട്ടില്ലുപ്പാ.... 'റബ്ബനാ ആതിനാ ഫിദ്ദുൻയാ ഹസൻ വഫിൽ ആഖിറത്തി ഹസനത്തൻ വഖിനാ അദാബന്നാർ' എന്ന ആയത്തിലെ, പരലോകത്തിലെ 'ഹസനത്ത്' കൊണ്ടുദ്ദേശ്യം സ്വർഗമാണെന്നറിയാം. എന്നാൽ ഇഹലോകത്തിലെ 'ഹസനത്ത്' കൊണ്ടുദ്ദേശ്യം എന്താണുപ്പാ?

''സൽഗുണ സമ്പന്നയായ ഭാര്യയാണു മോളെ അതുകൊണ്ടുദ്ദേശ്യം'' അദ്ദേഹം പറഞ്ഞു കൊടുത്തു.

ഇമാം മാലിക്(ﷺ)ന്റെ വിശ്രുത ഹദീസ് ഗ്രന്ഥമാണ് 'അൽ മുവത്വ'. ഇടയ്ക്കിടെ അദ്ദേഹമത് തന്റെ ശിഷ്യരെക്കൊണ്ട് വായിപ്പിക്കാറുണ്ട്. അവരുടെ വായനക്കിടയിൽ അക്ഷരപ്പിശകുകളോ വ്യാകരണത്തെറ്റുകളോ വന്നാൽ അദ്ദേഹത്തിന്റെ മകൾ മുറിക്കുള്ളിൽ നിന്നും വാതിലിൽ മുട്ടി ശബ്ദമുണ്ടാക്കും. അതു കേട്ടാൽ ഇമാം മാലിക് ശിഷ്യനോട് വായിച്ച ഭാഗം ഒരിക്കൽ കൂടി വായിക്കാനാവശ്യപ്പെടും. തെറ്റ് കണ്ടെത്തുകയും ചെയ്യും.

'തുഹ്ഫത്തുൽ ഫുഖഹാഅ്' എന്ന പ്രസിദ്ധ ഗ്രന്ഥത്തിന്റെ കർത്താവാണ് അലാവുദ്ദീനുത്തിർമിദി(ﷺ). പണ്ഡിതയും കർമശാസ്ത്ര വിശാരദയുമായിരുന്നു അദ്ദേഹത്തിന്റെ മകൾ ഫാത്വിമ. പിതാവിന്റെ ഈ ഗ്രന്ഥം അവർ ഹൃദിസ്ഥമാക്കിയിരുന്നു. അറിവിന്റെ നിറക്കുടമായിരുന്ന അവരെ വിവാഹം ചെയ്യാൻ പ്രമുഖരാജാക്കന്മാർ പോലും ആലോചിക്കുകയുണ്ടായി. പക്ഷേ, 'പണ്ഡിത രാജ' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന അബൂബക്കർ അൽ കാസാനി(ﷺ)ക്കാണ് ആ ഭാഗ്യം കൈവന്നത്.

ആ കഥയിങ്ങനെ, തുഹ്ഫക്ക് 'അൽബദായിഅ്' എന്ന പേരിൽ അദ്ദേഹമൊരു വ്യാഖ്യാനഗ്രന്ഥമെഴുതി. അത് ഗുരുവും തുഹ്ഫയുടെ കർത്താവുമായ അലാവുദ്ദീനുത്തിർ മിദിക്ക് സമർപ്പിച്ചു. പ്രസ്തുത ഗ്രന്ഥത്തിൽ സന്തുഷ്ടനായ അദ്ദേഹം തന്റെ മകളെ അബൂബക്കറിനു വിവാഹം ചെയ്തു കൊടുക്കുകയായിരുന്നു. മകളുടെ വിവാഹമൂല്യമായി അദ്ദേഹത്തിന്റെ വ്യാഖ്യാന ഗ്രന്ഥം തന്നെ സ്വീകരിച്ചു. അങ്ങനെ 'തുഹ്ഫക്ക് വ്യാഖ്യാനമെഴുതി വരനാവുക എന്നൊരു ശൈലി തന്നെ അന്ന് ജനങ്ങൾക്കിടയിലുണ്ടായിരുന്നു.

വിജ്ഞാനകുതുകികളായ കുറെ വിശ്വാസിനികളുടെ ചിത്രങ്ങളിൽ ചിലതാണിത്. അറിവു സമ്പാദനത്തിൽ മാത്രമല്ല അവരുടെ യത്നവും. ദൈവമാർഗത്തിലേക്കുള്ള പ്രബോധനരംഗത്തും അവയുണ്ട്. കുടുംബത്തെയും ഭർത്താവിനേയും മക്കളേയും അല്ലാഹുവിന്റെ സദുപദേശത്തിലേക്കു ക്ഷണി

ക്കുക എന്ന ജോലി അറിവു നേടിയ സത്യവിശ്വാസിനി ഭംഗിയായി നിർവ ഹിച്ചു കൊണ്ടിരിക്കും.

ഇസ്ലാമിന്റെ പ്രാരംഭകാലം മുതൽക്കേ പ്രബോധനമാർഗത്തിൽ ഒട്ടേറെ ക്ലേശങ്ങൾ സഹിച്ചിട്ടുണ്ട് വിശ്വാസികൾ. അല്ലാഹുവിനെ അംഗീകരിക്കാൻ, അവനെ അനുസരിക്കാൻ, അവന്റെ തൃപ്തി കരസ്ഥമാക്കാൻ അവരും രംഗ ത്തുണ്ടായിരുന്നു. അല്ലാഹുവിനോടും റസൂലിനോടുമുള്ള പ്രതിബദ്ധതയാണ് പ്രബോധനരംഗത്ത് സ്വന്തം ഉത്തരവാദിത്തം സമർപ്പിക്കാൻ അവർക്ക് പ്രേര കമായിത്തീർന്നത്.

'റുമൈസ' എന്ന ഉമ്മു സുലൈമിന്റെ കഥ അത്ഭുതമാണ്. അവരുടെ ആദ്യ ഭർത്താവിലെ പുത്രൻ അനസ് (ﷺ) ആ കഥ പറയുന്നു. ''ഒരിക്കൽ എന്റെ ഉപ്പ മാലിക് ഉമ്മയോട് പറഞ്ഞു, 'ഈ മനുഷ്യൻ (പ്രവാചകനെ ഉദ്ദേ ശിച്ച്) മദ്യപാനം ഹറാമാണെന്ന് പ്രഖ്യാപിച്ചിരിക്കുന്നു. കള്ളുകുടിക്കാതെ ഇവിടെ ജീവിക്കാൻ എനിക്കാവില്ല. ഞാൻ നാടു വിടുകയാണ്'. ശേഷമദ്ദേഹം ശാമിലെത്തി. അവിടെ കുടിയും കുത്തഴിഞ്ഞ ജീവിതവുമായി സ്വയം നശി ച്ചു.''

''വിധവയായിത്തീർന്ന ഉമ്മയെ വിവാഹം ചെയ്യാനുള്ള താത്പര്യത്തോടെ അബൂത്വൽഹ(ﷺ) അവരെ സമീപിക്കുകയുണ്ടായി. അവർ പറഞ്ഞു: ''ഞാനൊരു മുസ്ലിമാണ്. താങ്കളെപ്പോലൊരാളെ നിരാശപ്പെടുത്തി അയക്കു ന്നത് ശരിയല്ലെന്നറിയാം. പക്ഷേ, നീയൊരു ബഹുദൈവാരാധകനല്ലേ. അതിനാൽ നീയുമായി വിവാഹിതയാവാൻ എനിക്ക് വിഷമമുണ്ട്.''

''അബൂത്വൽഹ പറഞ്ഞു: ''സ്വർണ്ണവും വെള്ളിയും മഹ്റായി കൂടുതൽ കിട്ടാനുള്ള തന്ത്രമാണൊ ഇത്?''

''തെറ്റ്. അവയിലൊന്നും എനിക്ക് താത്പര്യമില്ല. നീ മുസ്ലിമാകുമെങ്കിൽ അതുമതി എനിക്കു മഹറായി.'' അവർ മറുപടി പറഞ്ഞു.

''അബൂത്വൽഹ പ്രവാചകസന്നിധിയിൽ ചെന്ന് മുസ്ലിമായി. അവർ തമ്മി ലുള്ള വിവാഹവും നടന്നു.'' ആ ദമ്പതികളുടെ ജീവിത്തിലുണ്ടായ ഒരു സംഭവം നേരത്തെ വിശദീകരിച്ചിട്ടുണ്ട്.

പ്രമുഖ സ്വഹാബിയായ സാ ബിത്(ﷺ) പറയുന്നു: ''ഉമ്മു സുലൈമിന്റെ മഹറിനേക്കാൾ മഹത്തായൊരു മഹർ ഞങ്ങൾ കണ്ടിട്ടേയില്ല. അവർ ഇസ്ലാമിനെ മഹറായി സ്വീകരിച്ചു.'' *(മുസ്നദ് അബി ദാവൂദ്)*

അതെ, അവർ യഥാർത്ഥ സത്യവിശ്വാസിനിയായിരുന്നു. സന്ദർഭങ്ങളെ ഇസ്ലാമിനും മുസ്ലിംകൾക്കും വേണ്ടി ഉപയോഗപ്പെടുത്തിയ മഹതി. അബൂ ത്വൽഹ(ﷺ)യുടെ ഇസ്ലാമാശ്ലേഷണത്തിലൂടെ റബ്ബിന്റെ പ്രതിഫലം നേടിയ ഭാഗ്യവതി.

പ്രവാചകതിരുമേനി(ﷺ)പറഞ്ഞു: ''നിന്നിലൂടെ അല്ലാഹു ഒരാളെ സന്മാർഗത്തിലാക്കുക എന്നത് വിലപിടിപ്പുള്ള ചുവന്ന ഒട്ടകങ്ങളേക്കാൾ ഉത്തമമായതാണ്.'' *(മുത്തഫഖുൻ അലൈഹി)*

ഉമർ(ﷺ)ന്റെ കഥയറില്ലേ? ഊരിപ്പിടിച്ച വാളുമായി പ്രവാചക വധത്തിനു പോയ പോക്കിരിയായ ഉമർ. വഴിമധ്യേ കണ്ടുമുട്ടിയ തന്റെ സതീർത്ഥ്യൻ നുഅ്മാൻ ബ്നു അബ്ദുല്ല ഉമറിനോട് തിരക്കി. ''എങ്ങോട്ടാണ് ഉമറേ, വാളുമായി ഇത്ര ദേഷ്യത്തിൽ?''

''ഞാൻ മുഹമ്മദിന്റെ തലയെടുക്കാൻ പോകുന്നു.'' ഉമർ

''മുഹമ്മദിനെ വധിച്ചാൽ ഹാശിം-സുഹ്റ കുടുംബങ്ങൾ നിന്നെ വെറുതെ വിടണമെന്നാണൊ?'' അയാൾ

''നീയും പഴയ മതം വിട്ട് വഴിപിഴച്ചിരിക്കുന്നു അല്ലെ? നിന്റെ വാക്കുകൾ അതറിയിക്കുന്നുണ്ട് നുഅ്മാൻ''. ഉമർ

''ഉമറെ, അതിനേക്കാൾ അത്ഭുതകരമായ വാർത്ത നിനക്കു കേൾക്കണൊ? നിന്റെ ഓമനപ്പെങ്ങളും ഭർത്താവും ഇസ്ലാമാശ്ലേഷിച്ചിരിക്കുന്നു'' അയാൾ പറഞ്ഞു.

ഉമർ പിന്നെ നടന്നത് സഹോദരിയുടെ വീട്ടിലേക്കായിരുന്നു. അയാൾ പറഞ്ഞത് സത്യമാണെങ്കിൽ അവരാവട്ടെ ഈ വാളിന്റെ ആദ്യത്തെ ഇര.

വീട്ടിൽ സഹോദരി ഫാത്വിമ(ﷺ)ക്കും ഭർത്താവിനും ഖബ്ബാബ്(ﷺ) ഖുർ ആൻ പഠിപ്പിക്കുകയായിരുന്നു. ഉമറിന്റെ കാൽപെരുമാറ്റമറിഞ്ഞ ഖബ്ബാബ്(ﷺ) ഒളിച്ചിരുന്നു. ചെന്നപാടെ ഉമർ ചോദിച്ചു: ''എന്താണ് ഞാനിവിടെ നിന്നും

ഒരു പാരായണ ശബ്ദം കേട്ടത്?'' (അവർ ഖുർആനിലെ 'ത്വാഹ' അധ്യായം പഠിക്കുകയായിരുന്നു.)

''ഞങ്ങൾ രണ്ടു പേരും ചില കാര്യങ്ങൾ സംസാരിക്കുകയായിരുന്നു.'' രണ്ടാളും ഒപ്പം പറഞ്ഞു.

''നിങ്ങൾ മുഹമ്മദിന്റെ മതം സ്വീകരിച്ചിരിക്കുന്നു എന്നു കേട്ടു. നേരാണൊ?'' കോപം കൊണ്ടു വിറക്കുകയായിരുന്നു ഉമറപ്പോൾ.

അതിനു മറുപടി പറഞ്ഞത് സഹോദരീ ഭർത്താവായിരുന്നു. ''ഉമറെ, നിന്റേതല്ലാത്ത മതത്തിലാണ് യഥാർത്ഥ സത്യമിരിക്കുന്നത് എങ്കിൽ നിന്റെ അഭിപ്രായ....''

പറഞ്ഞു തീരും മുമ്പെ ഉമറദ്ദേഹത്തെ അടിച്ചു കഴിഞ്ഞു. സഹോദരി ഫാത്വിമ തടുക്കാനാഞ്ഞപ്പോൾ അവർക്കും കിട്ടി അടി. അവരുടെ മുഖം മുറിഞ്ഞ് രക്തമൊഴുകി.

''ഉമറേ, സത്യം നിന്റെ മതത്തിലല്ല. തങ്ങൾ 'ശഹാദത്ത്' ഉച്ചരിച്ചു കഴിഞ്ഞു. കേട്ടോളൂ, 'അശ്ഹദു അൻ ലാഇലാഹ ഇല്ലല്ലാഹു വ അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ല'. നിനക്ക് തോന്നുന്നതൊക്കെ ചെയ്തേക്ക്.'' ഫാത്വിമ ധീരമായിത്തന്നെ പറഞ്ഞു.

ഉമറിന്റെ കോപം ഉരുകുകയായിരുന്നു. കുറച്ചു മുമ്പ് ഒരു ഭ്രാന്തനെപ്പോലെ അലറുകയും വ്യാഘ്രത്തെപ്പോലെ ആക്രമിക്കുകയും ചെയ്ത ഉമർ ആകെ മാറി.

''ക്ഷമിക്കണം ഫാത്വിമാ, ദേഷ്യത്താൽ എന്തൊക്കെയോ സംഭവിച്ചു പോയി. നിങ്ങൾ വായിച്ചിരുന്നത് എനിക്കൊന്നു തരുമൊ? ഞാനുമൊന്നു വായിച്ചോട്ടെ.''

''ഇല്ല. ശുദ്ധിയുള്ളവർക്കേ ഇത് തൊടാവൂ. നീ ചെന്ന് കുളിച്ചു ശുദ്ധിയായി വരൂ.'' ഫാത്വിമ പറഞ്ഞു.

അദ്ദേഹം കുളിച്ചു വന്നു. സഹോദരിയിൽ നിന്നും ഖുർആനിന്റെ ഏടുകൾ വാങ്ങി വായിച്ചു.

സൂറഃ ത്വാഹയിലെ ആദ്യത്തെ കുറച്ചു സൂക്തങ്ങൾ. അദ്ദേഹം അത് വായിച്ചു:

''ത്വാഹാ

2. നിനക്ക് നാം ഖുർആൻ അവതരിപ്പിച്ച് തന്നത് നീ കഷ്ടപ്പെടാൻ വേണ്ടിയല്ല.
3. ഭയപ്പെടുന്നവർക്ക് ഉൽബോധനം നൽകാൻ വേണ്ടി മാത്രമാണത്.
4. ഭൂമിയും ഉന്നതമായ ആകാശങ്ങളും സൃഷ്ടിച്ചവന്റെ പക്കൽനിന്ന് അവതരിപ്പിക്കപ്പെട്ടതത്രെ അത്.
5. പരമകാരുണികൻ സിംഹാനസ്ഥനായിരിക്കുന്നു.
6. അവന്നുള്ളതാകുന്നു ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും, അവയ്ക്കിടിയിലുള്ളതും, മണ്ണിനടിയിലുള്ളതുമെല്ലാം.''
7. നീ വാക്ക് ഉച്ചത്തിലാക്കുകയാണെങ്കിൽ തീർച്ചയായും അവൻ (അല്ലാഹു) രഹസ്യമായതും, അത്യന്തം നിഗൂഢമായതും അിറ യും (എന്ന് നീ മനസിലാക്കുക)
8. അല്ലാഹു – അവനല്ലാതെ ഒരു ദൈവവുമില്ല. അവന്റെതാകുന്നു. ഏറ്റവും ഉൽകൃഷ്ടമായ നാമങ്ങൾ.
9. മൂസായുടെ വർത്തമാനം നിനക്ക് വന്നുകിട്ടിയോ?
10. അതായത് അദ്ദേഹം ഒരു തീ കണ്ട സന്ദർഭം. അപ്പോൾ തന്റെ കുടുംബത്തോട് അദ്ദേഹം പറഞ്ഞു: നിങ്ങൾ നിൽക്കൂ; ഞാൻ ഒരു തീ കണ്ടിരിക്കുന്നു. ഞാൻ അതിൽ നിന്ന് കത്തിച്ചെടുത്തുകൊണ്ട് നിങ്ങളുടെ അടുത്ത് വന്നേക്കാം. അല്ലെങ്കിൽ തീയുടെ അടുത്ത് വല്ല വഴികാട്ടിയെയും ഞാൻ കണ്ടേക്കാം.
11. അങ്ങനെ അദ്ദേഹം അതിനടുത്ത് ചെന്നപ്പോൾ (ഇപ്രകാരം) വിളിച്ചുപറയപ്പെട്ടു ഹേ; മൂസാ.
12. തീർച്ചയായും ഞാനാണ് നിന്റെ രക്ഷിതാവ്. അതിനാൽ നീ നിന്റെ ചെരിപ്പുകൾ അഴിച്ച് വെക്കുക. നീ ത്വുവാ എന്ന പരിശുദ്ധ താഴ്വരയിലാകുന്നു.
13. ഞാൻ നിന്നെ തെരഞ്ഞെടുത്തിരിക്കുന്നു. അതിനാൽ ബോധനം നൽകപ്പെടുന്നത് നീ ശ്രദ്ധിച്ച് കേട്ടുകൊള്ളുക.
14. തീർച്ചയായും ഞാനാകുന്നു അല്ലാഹു. ഞാനല്ലാതെ ഒരു ദൈവവുമില്ല. അതിനാൽ എന്നെ നീ ആരാധിക്കുകയും, എന്നെ ഓർമിക്കുന്നതിനായി നമസ്കാരം മുറപോലെ നിർവഹിക്കുകയും ചെയ്യുക.'' *(അൽ ക്വസ്വ*

*സ്വുൽ ഇസ്‌ലാമിയ്യ ഫീ അഹ്‌മദിന്നുബുവ്വത്തി വൽ ഖുലഫാഇർറാഷിദീൻ. വാ. 1 പേ. 239*

ഈ വിശുദ്ധവചനങ്ങൾ അദ്ദേഹത്തിൽ മാറ്റമുണ്ടാക്കി. പിന്നെ കാത്തു നിന്നില്ല. പ്രവാചക സമക്ഷം ചെന്ന് അദ്ദേഹം മുസ്‌ലിമായി. നബി തിരുമേനി യുടെ നിരന്തരപ്രാർത്ഥനയുടെ സാക്ഷാത്കാരം കൂടിയായിരുന്നു ഉമറിന്റെ ഇസ്‌ലാം സ്വീകരണം. അവിടുന്ന് പ്രാർത്ഥിക്കാറുണ്ടായിരുന്നു: ''നാഥാ, രണ്ടിൽ ഒരു ഉമറിനെക്കൊണ്ട് ഇസ്‌ലാമിനെ നീ ശക്തിപ്പെടുത്തേണമേ,'' മറ്റൊരു ഉമർ കൊണ്ടുദ്ദേശ്യം അബൂജഹ്‌ലായിരുന്നു.

ഇവിടെ ശ്രദ്ധേയമായത് മറ്റൊന്ന് കൂടിയുണ്ട്. തങ്ങളുടെ ഇസ്‌ലാമാശ്ലേഷണ മറിഞ്ഞ് കൊല്ലുന്ന പകയോടെ അലറിയെത്തിയ, ആക്രമിച്ച സഹോദരന്റെ മുന്നിൽ 'ഞങ്ങൾ മുസ്‌ലിമായിരിക്കുന്നു' എന്നു വിളിച്ചു പറയാൻ ധൈര്യം കാട്ടിയ ഫാത്വിമയുടെ ആദർശ ധീരത. ആ മഹതിയിലൂടെയാണ് പോക്കിരി യായ ഉമർ ഇസ്‌ലാമിന്റെ പോരാളിയായി മാറിയത്. ആദർശത്തിലുറച്ചു നിൽക്കാനും ആർജ്ജവത്തോടെ അതു പ്രഖ്യാപിക്കാനും കൊതിക്കുന്ന ഏതൊരു വിശ്വാസിനിക്കും ഫാത്വിമയിൽ മാതൃകയുണ്ട്, തീർച്ച.

ഇബ്നു സുബൈർ(ﷺ) വിശദീകരിക്കുന്ന മറ്റൊരു സംഭവം കാണുക. പ്രവാചകനും വിശ്വാസിനികളും മക്ക ജയിച്ചടക്കി. രക്തരഹിത വിജയമായി രുന്നു അത്. റസൂലിന്റെ ശത്രുതയില്ലാത്ത പെരുമാറ്റവും സ്നേഹമസൃണമായ വാക്കുകളും കണ്ട് എത്രയോ മുശ്‌രിക്കുകൾ അന്ന് ഇസ്‌ലാമിലേക്ക് വന്നു. കൂട്ടത്തിൽ അബൂജഹ്‌ലിന്റെ മകൻ ഇക്‌രിമയുടെ ഭാര്യ ഉമ്മു ഹകീമും ഉണ്ടാ യിരുന്നു. പക്ഷേ, ആദ്യം മുതലേ പ്രവാചകനോട് യുദ്ധം ചെയ്തിരുന്ന ഇക്‌രിമ വധഭയത്താൽ മക്കയിൽ നിന്നും ഒളിച്ചോടി.

നബി(ﷺ)യെ സമീപിച്ച് ഉമ്മു ഹകീം(ﷺ) പറഞ്ഞു: ''എന്റെ ഭർത്താവ് ഇക്‌രിമ, താങ്കളദ്ദേഹത്തെ വധിക്കുമെന്ന ഭയത്താൽ യമനിലേക്ക് ഒളിച്ചോടി യിരിക്കുന്നു. അങ്ങേക്ക് അദ്ദേഹത്തോട് അല്പം ദയവു കാണിച്ചുകൂടെ?''

''തീർച്ചയായും. ഇക്‌രിമക്ക് ഞാനഭയം കൊടുത്തിരിക്കുന്നു എന്ന് അദ്ദേ ഹത്തെ അറിയിക്കുക.'' നബി(ﷺ)പറഞ്ഞു.

അവർ ഭർത്താവിനെത്തേടി നടന്നു. തിഹാമഃ കടൽത്തീരത്തു വെച്ച് അദ്ദേഹത്തെയവർ കണ്ടുമുട്ടി.

ഇതേ സമയം അവിടെ മറ്റൊരു സംഭവം നടന്നിട്ടുണ്ടായിരുന്നു. മക്കയിൽ നിന്നോടിപ്പോയ ഇക്‌രിമ(ﷺ) യമനിലേക്ക് കപ്പൽ കയറി. കപ്പലിൽ വെച്ച് കപ്പിത്താൻ വിളിച്ചു പറഞ്ഞു: ''യാത്രക്കാരെ, യാത്ര തുടങ്ങുകയാണ്. 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നു പറഞ്ഞ് അല്ലാഹുവിനോട് ആത്മാർത്ഥമായി പ്രാർത്ഥിച്ചോളൂ.''

ഇത് ഇക്‌രിമയിൽ അത്ഭുതമുണ്ടാക്കി. ഈയൊരൊറ്റക്കാരണത്താലാണ് താൻ മക്ക വിടുന്നതു തന്നെ. ഈ സമയത്ത് 'അല്ലാഹു അല്ലാതെ ആരാധ്യ നില്ല' എന്നർത്ഥം വരുന്ന 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് ചൊല്ലാമെങ്കിൽ പിന്നെ എനിക്കെന്തിന് മക്കയിൽ നിന്ന് ഒളിച്ചോടണം? ഇക്‌രിമയുടെ മന സിൽ കടലിനേക്കാൾ ശക്തിയിൽ തിരയടിക്കുകയായിരുന്നു.

ഇത്തരമൊരവസ്ഥയിലാണ് ഉമ്മു ഹക്കീം അദ്ദേഹത്തിനടുത്തെത്തുന്നത്. പ്രവാചകൻ ഇക്‌രിമക്ക് മാപ്പു നൽകിയതും അഭയം വാഗ്ദാനം ചെയ്തതു മൊക്കെ ഭർത്താവിനെ അവർ അറിയിച്ചു. അദ്ദേഹത്തേയും കൂട്ടി മക്കയിലേ ക്ക് തിരിച്ചു. വഴിക്കു വെച്ച് ഇക്‌രിമ ഭാര്യയെ പ്രാപിക്കാൻ ശ്രമിച്ചുവെങ്കിലും അവർ ഒഴിഞ്ഞു മാറി: ''ഇക്‌രിമാ, നീയൊരു മുശ്‌രിക്കാണ്. ഞാനൊരു മുസ്‌ലിമും.'' അദ്ദേഹം പറഞ്ഞു: ''നിന്നെ പ്രാപിക്കാൻ തടസം നിൽക്കുന്ന ഈ കാര്യം വല്ലാത്തതു തന്നെ.''

ഇക്‌രിമയുടെ തിരിച്ചു വരവ് വഹ്‌യിലൂടെ അറിഞ്ഞ പ്രവാചകൻ സ്വഹാ ബികളോട് പുഞ്ചിരി തൂകിക്കൊണ്ട് പറഞ്ഞു: ''അബൂജഹ്‌ലിന്റെ പുത്രൻ ഇക്‌രിമ ഇപ്പോഴിവിടെ യെത്തും, ഒരു മുഹാജിറായി. മുസ്‌ലിമായി. നിങ്ങളെ ദ്ദേഹത്തിന്റെ പിതാവിനെ ആക്ഷേപിക്കരുത്. മരിച്ചവരെ ചീത്തപറഞ്ഞാൽ അത് ജീവിച്ചിരിക്കുന്നവരെയാണ് വേദനിപ്പിക്കുക.''

അങ്ങനെ ഇക്‌രിമ പ്രവാചകസന്നിധിയിലെത്തി. അദ്ദേഹത്തിന്റെ ഭാര്യയും കൂടെയുണ്ട്. തിരുമേനി(ﷺ) ഇക്‌രിമയുടെ വരവിൽ ആഹ്ലാദതുന്ദില നായി.

അദ്ദേഹം പറഞ്ഞു: ''മുഹമ്മദ്, ഇവൾ പറയുന്നു. താങ്കളെനിക്ക് അഭയം നൽകിയിരിക്കുന്നു എന്ന്. ശരിയാണൊ?''

''തീർച്ചയായും, നീ സുരക്ഷിതനാണ്.'' നബി(ﷺ) പ്രതിവചിച്ചു.

''ഏതൊരു കാര്യത്തിലേക്കാണ് താങ്കളെന്നെ ക്ഷണിക്കുന്നത്?''

‘‘ലാ ഇലാഹ ഇല്ലല്ലാഹ് എന്ന സത്യ വചനത്തിന് സാക്ഷ്യം വഹിക്കാൻ, നമസ്കാരം കൃത്യമായി നിർവഹിക്കാൻ, സകാത്തു നൽകാൻ....’’ തിരുമേനി(ﷺ) ഇസ്ലാമിക ഗുണങ്ങളോരോന്നും ഇക്രിമക്ക് വിശദീകരിച്ചു നൽകി.

‘‘അല്ലാഹു സത്യം, താങ്കൾ ക്ഷണിക്കുന്നത് സത്യത്തിലേക്കാണ്. ഏറ്റവും സുന്ദരമായ ആദർശത്തിലേക്ക്. ഈയൊരാദർശത്തിലേക്ക് ഞങ്ങളെ ക്ഷണിക്കും മുമ്പ് തന്നെ ഞങ്ങൾക്കിടയിലെ ഏറ്റവും നല്ല സത്യസന്ധനും പുണ്യവാളനുമായിരുന്നു താങ്കൾ. ഞാനിതാ പ്രഖ്യാപിക്കുന്നു, അല്ലാഹു അല്ലാതെ ആരാധ്യനില്ല. മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാകുന്നു.’’ ഇക്രിമ ശഹാദത്ത് ചൊല്ലി മുസ്ലിമായി. ഏതോ ഒരു രാജ്യത്ത് ചെന്ന് തീർത്തും കാഫിറായി മരിക്കുമായിരുന്ന സ്വന്തം ഭർത്താവിനെ, വിശ്വസിക്കുന്ന ആദർശത്തിലേക്ക് – ഇസ്ലാമിലേക്ക് –കൈപിടിച്ച് കൊണ്ടുവന്ന ധർമ്മ ബോധമുള്ള സത്യവിശ്വാസിനി. ഉത്തരവാദിത്തമുള്ള ഭക്ത. സ്നേഹവതി ഭാര്യ. ഉമ്മുഹക്കീം, നിങ്ങളിൽ അല്ലാഹുവിന്റെ കാരുണ്യം സദാ വർഷിക്കുമാറാകട്ടെ. അവർ മുഖേനയാണ് ഇക്രിമ സ്വർഗ പാതയിലായത്. അത്ഭുതമില്ലേ നിങ്ങൾക്ക്? അവരെ അനുധാവനം ചെയ്യാൻ ആഗ്രഹമില്ലേ?

وصلى الله عليه وسلم على نبينا محمد وعلى آله وصحبه وسلم.

*************